ജനങ്ങളുടെ സഹായസഹകരണം കൂടി ഉണ്ടായാൽ കഴിയുന്നതും വേഗം ഈ പരാതികൾ അവസാനിപ്പിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. നല്ലേക്കര കെ. കൃഷ്ണൻ: ഫ്ലൈയിംഗ് സ്ക്വാഡ് പ്രവർത്തനം തുടങ്ങിയതിനുശേഷം മദ്യനിരോധനം സംബന്ധിച്ച് വല്ലതെങ്കിലും improvement ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: പല സ്ഥലങ്ങളിലും വാററ നിറുത്തിയിട്ടുണ്ട്.

The question that a supplementary sum not exceeding Rs. 9,000 be granted under Demand No. III-8. State Excise Duties (iii) Prohibition—T. A., was put and carried.

The grant was made.

*Minister of Health* (SHRI A. A. RAHIM): Sir, I move for a supplementary grant of Rs. 10,000 under Demand III—8, State Excise Duties (b) (iii) Prohibition–Contingencies.

*Home Minister* (SHRI A. J. JOHN): I second it.

ശ്രീ. എ. എ. റഹിം: ഇതും ഈ റിആർഗനൈസേഷൻ മൂലം വന്നിട്ടുള്ള അധികച്ചെലവിനു വേണ്ടിയുള്ളതാണ്. ഇതു പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

The question that a supplementary sum not exceeding Rs. 10,000 be granted under Demand No. III. State Excise Duties (b) (iii) Prohibition—Contingencies, was put and carried.

The grant was made.

**Demand IX—25. General Administration.**

*Chief Minister* (SHRI PANAMPILLI GOVINDA MENON): Sir, I move for a supplementary allotment of Rs. 1,08,500 Under Demand No. IX—25 General Administration (D) Secretariat and Headquarters Establishment—(a) Civil Secretariat(i) Government Secretariat–Pay of Establishment.

*Home Minister* (Shri A. J. JOHN): I second the motion.

SHRI PANAMPILLI GOVINDA MENON: Sir, this item is entered as serial No. 12 in the printed statement circulated to the hon. Members.

The original grant under this head, as will be seen from page 64 of the Budget was Rs. 4,50,100. The additional amount is required mainly on account of pay revision. The Pay Commission Report had to be implemented with retrospective effect from 1st April 1955. It is also due to the

[SHRI PANAMPILLI GOVINDA MENON]

creation of one or two additional sections in the Secretariat, the most important of which is the section for Departmental Enquiries. One Secretary was put in full charge of Departmental Enquiries, and on account of the heavy work which came to that department, additional staff had to be provided from time to time. This Section of Departmental Enquiries was a section which satisfied a long-standing demand in the country and in the Legislature. And even today during interpellation time a suggestion was made by some hon. Members that on account of the large number of cases the staff in this section should be strengthened and one or two more officers should be appointed. I do not think that that is necessary. I pray that this supplementary demand may be granted.

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ഈ ഉപധനാഭ്യർത്ഥന, സെക്രട്ടറിയേററ് സ്റ്റാഫിന് ശമ്പള പരിഷ്കാരം നടപ്പിൽ വരുത്തിയതും എൻക്വയറി വകുപ്പിനെ സൃഷ്ടിച്ചതുംകൊണ്ടുമുണ്ടായ കൂടുതൽ ചെലവുകൾ വഹിക്കുന്നതിനാണ്. സ്റ്റാഫിനു ശമ്പളക്കൂടുതൽ കൊടുക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണെങ്കിലും സെക്രട്ടറിയേററിൽ ഫയലുകൾ ആവശ്യമായ വേഗതയിൽ നീങ്ങുന്നില്ല എന്നു വളരെക്കാലമായിട്ടുള്ള പരാതികൾക്ക് ഇതേവരെയായിട്ടും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ലെന്ന വസ്തുത ശ്രദ്ധിക്കപ്പെടേണ്ടതാണ്. കുപ്രസിദ്ധമായ ഈ റെഡ്ടേപ്പിസത്തിനു യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല എന്നുള്ള കാരണത്താലാണ് പ്രധാനമായും ഈ ഉപധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നത്. ഈ റെഡ്ടേപ്പിസം കാരണം പല അത്യാവശ്യകാര്യങ്ങളും നടക്കേണ്ട സമയത്തു നടക്കാതെയാണിരിക്കുന്നത്. ഡെവലപ്പ്മെൻറ് വർക്ക്സ് സംബന്ധിച്ച കടലാസുകൾ സെക്രട്ടറിയേററിൽ വന്നിട്ടു വേണ്ട നടപടികൾ നടത്താതെയിരുന്നതു മൂലം പല കാര്യങ്ങളും യഥാസമയം നടക്കാതെയിരിക്കുകയാണ്. സെസ്സ് ഫണ്ട് സംബന്ധിച്ച വേഗം തീരുമാനം എടുക്കേണ്ട പല കടലാസുകളും വളരെ താമസിപ്പിച്ചിട്ടുണ്ട്. ഇതുപോലെ എത്ര പരാതികൾ ഉണ്ടായിട്ടും ഇതേവരെ അതിനൊരു പരിഹാരം ഉണ്ടാക്കിയിട്ടില്ല. കയർ ഡവലപ്പ്മെൻറ സ്കീമിനെപ്പററിയുള്ള ഫയലിലും പരാതിയുണ്ട്. കൂടുതൽ ഉദാഹരണങ്ങൾ എടുത്തു പറയണമെന്നില്ല.

പുതിയതായി ഒരു സെക്ഷൻ-ഡിപ്പാർട്ടുമെൻറൽ എൻക്വയറി സെക്ഷൻ-ഉണ്ടാക്കിയിട്ടുണ്ട് എന്നും ആവശ്യമുള്ള ചെലവ് അനുവദിക്കണമെന്നും പറയുന്നു. ഒട്ടേറെ കേസുകൾ ഈ സെക്ഷനിലേക്കു വന്നിട്ടുണ്ടെങ്കിലും ആവശ്യമായ അന്വേഷണങ്ങൾ നടക്കുകയും റിപ്പോർട്ടുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും യാതൊരു തീരുമാനവും എടുത്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. ധാരാളം കേസുകൾ വന്നിട്ടുണ്ടെന്നതിൽ തർക്കമില്ല. അതിൽ എത്ര കേസുകൾ അന്വേഷണം നടത്തിയിട്ടുണ്ട്, എത്ര കേസുകൾ തെളിവിൽ വന്നിട്ടുണ്ട്. അവയിൽ എത്ര കേസുകളിൽ വീഴ്ചക്കാരെ ശിക്ഷിച്ചിട്ടുണ്ട് എന്ന വസ്തുതകളൊന്നും വ്യക്തമായി

LIBRARY ARCHIVES Kerala Legislative Assembly

അറിയാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അതിസമർത്ഥനായ ഒരു സെക്രട്ടറിയാണ് ഈ സെക്ഷന്റെ ചാർജ്ജു വഹിക്കുന്നതെന്നാണു വിശ്വസിക്കപ്പെടുന്നതു്. എന്നിട്ടും യാതൊരു കേസും അന്വേഷണം നടത്തി ശിക്ഷിക്കപ്പെട്ടിട്ടില്ല എന്നു വന്നതു് എന്തു കാരണത്താലാണെന്നു് വിശദമാക്കിയാൽ കൊള്ളാം. പരാതികൾ അന്വേഷിക്കാൻ ഒരു പ്രത്യേക സെക്ഷൻ, പ്രത്യേക സ്റ്റാഫ് മുതലായ എല്ലാ സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും ഒരൊററ കേസുപോലും ശിക്ഷിക്കാൻ ഇടവരാത്തതു് ഏതു സാഹചര്യത്തിലാണെന്നു ഒരു വിശദീകരണം മുഖ്യമന്ത്രി നൽകിയാൽ അതു തൃപ്തികരമാണെങ്കിൽ നമുക്കു് ഈ ഡിമാൻറു് അനുവദിച്ചുകൊടുക്കാം. മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഒരു വിശദീകരണം നൽകും എന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ ബഡ്ജററ സെഷനുകളിലും റെഡ്ടേപ്പിസത്തെപ്പററി പരാതികൾ ഉണ്ടാകാറുണ്ടു്. എല്ലായ്പോഴും ഇതു പരിഹരിക്കുന്നതാണെന്നു ട്രഷറി ബെഞ്ചിലിരിക്കുന്നവർ പറയാറുണ്ടു്. എന്നിട്ടൊന്നും ഈ റെഡ്ടേപ്പിസത്തിനു യാതൊരു കുറവും വന്നിട്ടുള്ളതായി അനുഭവം കാണുന്നില്ല. ഏതെങ്കിലും ഒരു കാര്യം സാധിക്കണമെങ്കിൽ ഫയലിന്റെ പുറകെ നടക്കണമെന്നു ഒരു നിലയാണ് ഇന്നുള്ളതു്. പൊതു പ്രാധാന്യമുള്ളവയായാൽ പോലും ആ ഫയലിന്റെ പുറകെ പോയില്ലെങ്കിൽ കാര്യം ശരിയായ സമയത്തു നടക്കുകയില്ല. എല്ലാ ഫയലിന്റെയും പുറകേ നടക്കാൻ ആളുകൾ വേണമെന്നു വരുന്നതു ദൗർഭാഗ്യകരമാണ്. ഞാൻ ഒരു ഉദാഹരണം പറയാം. കടലിൽ നിന്നും മുങ്ങി ശംഖു വാരുന്ന ഒരു വിഭാഗം തൊഴിലാളികളുടെ (ഡൈവേഴ്സ്) വകയായി ഒരു കോവാപ്പറേറീവ് സൊസൈററി രജിസ്റ്റർ ചെയ്യുകയും ശംഖ് സംഭരിക്കാനുള്ള ലൈസൻസിനു ആ സൊസൈററി അപേക്ഷിക്കുകയും ചെയ്തു. ഈ ലൈസൻസ് കൊടുക്കാൻ ശുപാർശ ചെയ്തുകൊണ്ടു് ഫിഷറീസ് ഡിപ്പാർട്ടുമെൻറു് കോവാപ്പറേറീവ് ഡിപ്പാർട്ടുമെൻറും കൂടി തയ്യാറാക്കിയ ഒരു സ്കീം അനുവാദത്തിനു വേണ്ടി ഗവണ്മെൻറിലേക്കു അയച്ചിരുന്നു. രണ്ടു മാസം കഴിഞ്ഞപ്പോഴാണ് അനുവാദം ലഭിച്ചതു്. അപ്പോഴേക്കും കടലിൽ മുങ്ങിയെടുക്കാനുള്ള സീസൺ കഴിഞ്ഞുപോയി. സ്കീം അവസാനമായി അംഗീകരിക്കണമെന്നു ശുപാർശ പോയപ്പോൾത്തന്നെ സീസൺ തുടങ്ങാറായെന്നു എടുത്തു പറഞ്ഞിരുന്നതാണ്. ഗവണ്മെൻറിനും, കക്ഷികൾക്കും ഒരു പൈസപോലും കിട്ടാൻ ഇടയായില്ല. ഗവണ്മെൻറിനു് നല്ലൊരു തുക റോയൽട്ടി കിട്ടാനുള്ളതു നഷ്ടപ്പെട്ടിരിക്കുകയാണ്. ഇതുപോലെയുള്ള പല ഉദാഹരണങ്ങൾ വേണമെങ്കിൽ ചൂണ്ടിക്കാണിക്കാം. സർ റെഡ്ടേപ്പിസം മൂലമുള്ള ഈ കാലതാമസത്തിനു മാററം വരുത്തുന്നകാര്യത്തിലും ഡിപ്പാർട്ടുമെൻറിൽ എൻകയറി സെക്ഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിലും യാതൊരു പുരോഗതിയും കാണാത്ത സ്ഥിതിക്കു ഈ ഡിമാൻറു് അനുവദിക്കരുതെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഈ ഡിമാൻറിൽ ആവശ്യപ്പെട്ടിരിക്കുന്നതു്, സെക്രട്ടറിയേററ് സ്റ്റാഫിനു ശമ്പളക്കൂടുതൽ കൊടുത്തതിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള അധികപ്പററ നികത്തുന്നതിനുള്ള തുകയ്ക്കുവേണ്ടിയാണ്. സെക്രട്ടറിയേററ് സ്റ്റാഫിന്റെ ശമ്പളം കൂട്ടിയതുകൊണ്ടല്ല ഞാൻ ഈ ഡിമാ-

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

ന്റിനെ എതിർക്കുന്നതു്. നേരെ മറിച്ച് ആവർത്തിച്ചാവർത്തിച്ച് ഇവിടെ പല നിയമസഭാ സമ്മേളനത്തിലും പറയാറുള്ള ഒരു സംഗതിയാണ് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ഫയൽ വച്ചുതാമസിപ്പിക്കുന്നതും തന്മൂലം ഉണ്ടാകുന്ന കുഴപ്പങ്ങളും. പെൻഷൻപറ്റി പിരിയുന്ന ആളുകൾക്ക്, പെൻഷനു പ്രാരംഭമായി അവധിയെടുത്തു ജോലിയിൽ നിന്നും പിരിഞ്ഞാലും, അവരുടെ മരണശേഷം മാത്രമേ പെൻഷൻ അനുവദിച്ചു കിട്ടുകയുള്ളൂ. ഏതു കാര്യത്തെ സംബന്ധിച്ചായാലും ഒരു നിവേദനം സമർപ്പിച്ചാൽ അമിതമായ കാലതാമസം ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ നിന്നും ഉണ്ടാകുന്നുണ്ടെന്നു കാര്യം തെളിയിക്കാൻ ഒരു ചെറിയ ഉദാഹരണം ഈ സഭയുടെ മുമ്പിൽ വയ്ക്കാം. സർ, പത്തുമാസം മുൻപു കായംകുളത്തു മുനിസിപ്പാലിറ്റിയിൽ നിന്നു ഒരു സെന്റ് ഭൂമി പതിച്ചു കിട്ടണമെന്നു ഒരു സമിതി പ്രസിഡന്റ് ദേവസ്വം ട്രസ്റ്റിയോടു അപേക്ഷിച്ചു. പക്ഷെ, അമ്പലത്തിനോടു ചേർന്ന സ്ഥലമാണു കൊണ്ടു അതു അങ്ങനെ കൊടുക്കരുതെന്നു ആരാധകന്മാരും മററു ഹിന്ദുക്കളും ലാന്റ് റവന്യൂ മിനിസ്റ്റർക്കു അപേക്ഷ സമർപ്പിച്ചു. അമ്പലത്തിനോടു തൊട്ടുകിടക്കുന്ന സ്ഥലത്തു കക്കൂസുകെട്ടുന്നതിനു വേണ്ടി അങ്ങനെ പതിച്ചു കൊടുക്കുന്നതു ശരിയല്ലെന്നായിരുന്നു അവരുടെ ആക്ഷേപം. ഗവൺമെന്റിൽ നിന്നും ആ സ്ഥലം മുനിസിപ്പാലിറ്റിക്കു കൊടുത്തു. പക്ഷേ, അമ്പലത്തിലെ ആരാധകന്മാരെയും മററു ഹിന്ദുക്കളെയും അതു കൂടുതൽ മതവികാരങ്ങൾക്കു വിധേയരാക്കി. അവർ പ്രതിഷേധിച്ചതിന്റെ ഫലമായി കക്കൂസുകെട്ടാൻ സാധിച്ചില്ല. സ്വാഭാവികമായി ചെയ്യേണ്ടതു് ഗവൺമെന്റ് അസൈൻ ചെയ്യുന്ന സ്ഥലം എന്താവശ്യത്തിനു വേണ്ടി നൽകുന്നുവോ അതു് അതിനുവേണ്ടിത്തന്നെ ഉപയോഗിക്കുന്നില്ലെങ്കിൽ, ആ സ്ഥലം തിരിച്ചു ലാന്റ് റവന്യൂ വകുപ്പിലേക്കു സറണ്ടർ ചെയ്യേണ്ടതായിരുന്നു. ഈ സ്ഥലം എത്രയോ കാലമായി ലേലം ചെയ്തു മുനിസിപ്പാലിറ്റിയിൽ നിന്നും കൊടുത്തുവരികയാണ്. ലേലം വിളിക്കുന്നവർ അവിടെ എന്തെങ്കിലും പണി നടത്തുന്നതാവും. ചിലപ്പോൾ ഇറച്ചിക്കച്ചവടം തന്നെ നടത്തിയെന്നുവരും. ഈ മാതിരി പ്രവൃത്തികൾ, മതപരമായ വികാരങ്ങൾക്കും വിശ്വാസങ്ങൾക്കും ഭംഗമുണ്ടാക്കുന്നതാകയാൽ, വിവരം കാണിച്ചു പത്തുമാസം മുൻപു ഒരു അപേക്ഷ ഗവൺമെന്റിലേക്കു സമർപ്പിക്കുകയുണ്ടായി. ലാന്റ് റവന്യൂ മിനിസ്റ്റർ ആ ഫയൽ സംബന്ധിച്ചു പതിനാലു ദിവസത്തിനകം നടപടി നടത്തി റിപ്പോർട്ടു ചെയ്യാൻ ഗവൺമെന്റിലേക്കു അയയ്ക്കുകയുണ്ടായി. എന്റെ മുൻപിൽ വച്ചാണു ബഹുമാനപ്പെട്ട ലാന്റ് റവന്യൂ വകുപ്പു മന്ത്രി ഈ വിവരം വെളിപ്പെടുത്തിയതു്. പതിനാലു ദിവസത്തിനകം തീരുമാനമെടുക്കണമെന്നുണ്ടായിരുന്ന ഫയലിന്മേൽ പത്തുമാസമായിട്ടും യാതൊരു തീരുമാനവുമുണ്ടാകാതിരുന്നിട്ടും, അതിന്മേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രൈവററ സെക്രട്ടറിയാകട്ടെ, ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നാകട്ടെ ആരും യാതൊരന്വേഷണവും നടത്തിയിട്ടില്ല. പതിനാലുദിവസത്തിനകം നടപടി അയയ്ക്കണമെന്നു ആവശ്യപ്പെട്ടു അയച്ച ഫയലിന്മേൽ, പതിനാലുദിവസമല്ല, മൂന്നുമാസമല്ല, ആറുമാസമല്ല, പത്തുമാസക്കാലമായിട്ടും റിപ്പോർട്ടു വരാത്തതിന്മേൽ ഒരു റിമൈൻഡർ അയച്ച് കാര്യം അന്വേഷിക്കാമെന്നെങ്കിലും മന്ത്രിയുടെ പ്രൈവററ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിക്കോ, മററ അധികൃതർക്കോ തോന്നാത്തതു എന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്. ഇതാണോ ഒരു സോഷ്യലിസ്ററ് മാതൃകയിലുള്ള ഭരണം പ്രഖ്യാപിച്ചിട്ടുള്ള ഗവൺമെൻറിൻെറ നയം? ആ സ്ഥലം ലേലം വിളിച്ചു ഒരു ഇറച്ചിക്കടക്കാരന് നല്കിയതിൽ ഹിന്ദുക്കളുടെ മതവികാരങ്ങളെ ഇളക്കിവിടുന്നതിനുള്ള ഒരു സാഹചര്യമാണ് അവിടെ ഉണ്ടായിട്ടുള്ളതു്. അതിനെ സംബന്ധിച്ചിടത്തോളം ഒരു സ്റ്റേ ഓർഡറെങ്കിലും പുറപ്പെടുവിക്കണമെന്നു ലാൻഡ് റവന്യൂ മിനിസ്റ്ററോടു പറഞ്ഞപ്പോൾ, അതിനു സ്റ്റേയുടെ ആവശ്യമുണ്ടോ, സ്റ്റേ ചെയ്യാനുള്ള അധികാരം ആർക്കാണ്, അതാകാമോ എന്നെല്ലാമാണ് അദ്ദേഹം ചോദിച്ചതു്. മുനിസിപ്പാലിററിയിൽ നിന്നും ഇങ്ങനെ ആ സ്ഥലം ലേലം വിളിക്കുന്നതു മൂലം ഒരു വിഭാഗം ആളുകളുടെ മതപരമായ വികാരങ്ങൾക്കു ക്ഷതം തട്ടിയിട്ടുണ്ടെന്നും, അതു വളരെയധികം വേദനയുണ്ടാക്കുന്ന ഒരു കാര്യമാണെന്നും ഞാൻ നേരിട്ടു തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രിയെ ധരിപ്പിക്കുകയുണ്ടായി. അതു സ്റ്റേ ചെയ്യണമെന്നും ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞതു് സ്റ്റേ ചെയ്യുക മന്ത്രിമാർ ചെയ്യുന്നതു് ശരിയല്ല. അതിനെപ്പററി അധികൃതമായി വേണ്ട അന്വേഷണം നടത്താമെന്നു പറഞ്ഞു. മുനിസിപ്പൽ കമ്മീഷണറുമായി ഫോൺമാർഗ്ഗം വിവരം അന്വേഷിച്ചു. അതിനു മറുപടിയായി കിട്ടിയതു് ആ സ്ഥലത്തു ഒരു ഫ്ളഷ് ഔട്ട് ലട്രീൻ കെട്ടാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നുവെന്നാണ്. സർ, ഒരു വിഭാഗം ആളുകളുടെ മതവികാരങ്ങൾക്കു ഇളക്കമുണ്ടാക്കുന്ന ഈ വിധത്തിലുള്ള നടപടികൾ തടയേണ്ടതു ഒരു ഗവൺമെൻറിൻെറ, സോഷ്യലിസ്ററ് മാതൃകയിൽ ഭരണം നടത്താനാഗ്രഹിക്കുന്ന ഒരു ഗവൺമെൻറിൻെറ കർത്തവ്യമല്ലേ? മനുഷ്യൻെറ മാനസികമായ വികാരങ്ങൾക്കു, മതപരമായ വിശ്വാസങ്ങൾക്കു അങ്ങേയററം ഹാനിയുണ്ടാക്കുന്ന ഈ മാതിരി ഒരു കാര്യത്തിനു പത്തുമാസക്കാലമായിട്ടും ഒരു തീരുമാനം എടുക്കാൻ കൂട്ടാക്കാത്ത ഗവൺമെൻറ ഇപ്പോൾ കാര്യക്ഷമതയ്ക്കുവേണ്ടിയോ, സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കൂട്ടലിനുവേണ്ടിയോ ഇങ്ങനെ സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരാൻ കാര്യക്ഷമതയുടെ പേരും പറഞ്ഞു ആവർത്തിച്ചാവർത്തിച്ചു സപ്ലിമെൻററി ഡിമാൻറുകൾ കൊണ്ടുവരാൻ മുഖ്യമന്ത്രിക്കു നാണമില്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

SHRI A. THANU PILLAI: Sir, I also oppose this motion.

10 A. M.] This amount is now asked for on account of an additional expenditure caused by the revision of the pay of the staff and the appointment of additional staff in the Secretariat. If this were included in the normal budget, details as to the numbers of officers to be newly appointed and the salaries to be given to them could have been given and the House would have an opportunity to know how and on whom the amount has to be spent. But no such details are given here. It merely says "appointment of additional staff". That, I think, Sir, is a serious defect in the demand. Now, Sir, I don't object to the increase of pay of the

LIBRARY ARCHIVES Kerala Legislative Assembly

[Shri A. Thanu Pillai]

members of the staff in the Secretariat. But I oppose very very vehemently any appointment of additional staff in the Secretariat. Sir, I have some personal knowledge of the staff of the Secretariat -the number of clerks, Superintendents, and Secretaries employed and the work turned out by them. It always had been my view not to add to the strength of the Secretariat; but on the contrary I thought and even now think that the strengh of the staff could be reduced by one-third or at least 25%. That is my confirmed view. This is not an irresponsible statement. You may ask me "why did you not do it when you were in power?" Sir, the integration took place and very many arrangements have already been made. Also, many officers with long periods of service had to be reverted and I did'not want to do that. But additions to the existing staff was a thing I was definitely against and still I am against it. There is no doubt, Sir, that the Secretariat is over-staffed. If any new work is to be done, Government will have to find the staff from the existing strength. There are very many Sections in the Secretariat which are definitely over-maned. Simply because one more Section is to be opened new appointments are to be made. We have already increased the pay of Government servants involving an additional expenditure amounting to crores. And, here more staff is appointed simply because one more Section is opened. Besides, we are not given the details either. There is an element of irresponsibility involved in this demand. Here, Government are increasing the staff merely for the sake of providing appointments. Our administration is already top-heavy. We must reduce the staff as we have reasonably paid high salaries to the employees. This increase in staff is highly objectionable and therefore, I oppose this demand.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു. അങ്ങനെ എതിർക്കുന്നതിന് ചില കാരണങ്ങളും ഉണ്ട്. അടുത്ത അവസരത്തിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തൃശ്ശൂർവച്ച് ഒരു യോഗത്തിൽ പ്രസംഗിച്ചപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ റെഡ് ടേപ്പിസം തീരെ പോയിട്ടില്ല എന്നു മാത്രമല്ല, അതു കാര്യമായിട്ടുണ്ടെന്നും പ്രസംഗിച്ചതായി പത്രറിപ്പോർട്ടിൽക്കൂടെ എനിക്കു വായിക്കുവാൻ കഴിഞ്ഞു. കൂടാതെ അടുത്തൊരുദിവസം കൊഴിഞ്ഞാമ്പാറ വച്ച് എൻ. ഇ. എസ്. ബ്ലോക്കിന്റെ കെട്ടിടം ഉൽഘാടനം ചെയ്ത അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി കൊച്ചുകുട്ടൻ അതേ അഭിപ്രായം തന്നെ പറയുകയുണ്ടായി. ഇങ്ങനെയുള്ള ഒരു പരിതസ്ഥിതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും പുലർന്നപോകുന്നതു്. ഉള്ള ഉദ്യോഗസ്ഥന്മാരുടെ ഇടയിൽത്തന്നെ റെഡ്‌ടേപ്പിസംകൊണ്ടുള്ള അനീതികൾ പരിഹരിക്കത്തക്കവണ്ണം വേണ്ടത്ര കാര്യക്ഷമത ഉണ്ടാക്കാൻ സാധിക്കാത്ത ഒരു ഗവണ്മെൻറാണു് ഇന്നുള്ളതെന്നു അനുമാനിക്കുന്നതിൽ തെററില്ല. അങ്ങനെ റെഡ്‌ടേപ്പിസം കൂടുതൽ പുലർത്തിക്കൊണ്ടുപോകാൻ സഹായകമാകത്തക്ക നിലയിൽ ഇനിയും കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ അനുവാദം നൽകേണ്ടതായിട്ടുണ്ടോ എന്നാണു് ഈ സഭ പര്യാലോചിക്കേണ്ടതു്.

റെഡ്‌ടേപ്പിസത്തെപ്പററി വളരെ കൂടുതലായി ഈ സഭയിൽ ഉൽബോധിപ്പിച്ചിട്ടുള്ളതാണു്. ആറേഴു കൊല്ലത്തിലധികകാലമായി, ആനമല തുടങ്ങിയ ഭാഗങ്ങളിലേയ്ക്കു് ഒരു റോഡു വെട്ടിയിട്ടു് അതിൻെറ പണി കഴിഞ്ഞതിനുശേഷം അതിൻെറ കൺട്രാക്ടർക്കു് കൊടുക്കാനുള്ള തുക കണക്കുതീർത്തു കൊടുക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഒന്നുരണ്ടു മാസംമുമ്പു് ആ മനുഷ്യൻ കയറിൽ കെട്ടിഞാന്നു് മരിച്ചതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ആ മനുഷ്യനു കൊടുക്കാനുള്ള തുക എത്രയാണെന്നു തിട്ടപ്പെടുത്താനുള്ള നടപടിപോലും ഗവണ്മെൻറു് ഇതുവരെ കൈക്കൊണ്ടിട്ടില്ല. ഈ കാലതാമസവും അലസതയും ഇനിയും പരിഹരിക്കാൻ ഇടയുള്ളതായി ധരിക്കാൻ പ്രയാസമാണു്. ഇങ്ങനെയുള്ള കാലതാമസംകൊണ്ടു് ഇനിയും കുറേപ്പേർകൂടി കയറന്വേഷിച്ചുകൊണ്ടിരിക്കുകയാണു് എന്നു് എനിക്കു് ഉറപ്പിച്ചു പറയാൻ സാധിക്കും. സർ, ഈ വക പരിഹാരങ്ങൾക്കു് വേണ്ട സമ്പ്രദായനടപടികൾ സ്വീകരിക്കുന്നതിനുമുൻപു് കൂടുതൽ സ്റ്റാഫു് ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതു് കാര്യക്ഷമതയെ വർദ്ധിപ്പിക്കാൻ ഉതകുകയില്ലെന്നുള്ളതു തീർച്ചയാണു്. അതുകൊണ്ടു് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണു്.

**ശ്രീ. കെ. ബാലകൃഷ്ണൻ:** സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു. ഇവിടെ മിക്കവാറും എല്ലാ സമ്മേളനങ്ങളിലും നിയമസഭ കൂടുമ്പോഴെല്ലാം കൊണ്ടുവരുന്ന ഒരു പരാതിയാണു് സെക്രട്ടറിയേററുദ്യോഗസ്ഥന്മാർ എല്ലാം സാവധാനത്തിലാണു് ഫയൽ ഡീൽചെയ്യുന്നതു്, അവർക്കു കാര്യക്ഷമത കുറവാണു് എന്നെല്ലാം. ഈ ആരോപണങ്ങൾ ഈ നിയമസഭ ഉണ്ടായകാലംമുതൽ യാതൊരു പ്രതിബന്ധവുമില്ലാതെ തുടർന്നു വരുന്നു എന്നാണു് എൻെറ അനുഭവത്തിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഓരോ തവണയും ഈ ആരോപണങ്ങൾ കൊണ്ടുവരുമ്പോൾ അന്നന്നു അധികാരത്തിലിരിക്കുന്നവർ സെക്രട്ടറിയേററിൽ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ഊർജ്ജിത നടപടികൾ നടത്തുന്നതിനാവശ്യമായ ഡിപ്പാർട്ടുമെൻറു് ഉണ്ടാക്കുന്നു എന്നും, മററു നടപടികൾ നടത്തിവരുന്നു എന്നും പറയാറുണ്ടു്. ഈ നടപടികൾ എല്ലാംകൂടെ ഒന്നിച്ചു് എടുത്തു നോക്കിയാൽ നമ്മെ അത്ഭുതപ്പെടുത്തുമാറു് ഒട്ടുവളരെ നടപടികൾ ഇതിലേയ്ക്കായി ഗവണ്മെൻറു് സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നു കാണാം; പക്ഷെ, സെക്രട്ടറിയേററു് അതിനുമുൻപു് ഏതു നിലയിൽ ഇരുന്നുവോ അതേനിലയിൽത്തന്നെ ഇപ്പോഴും ഇരിക്കുന്നു എന്നും പഴയ സാവധാനവും കാര്യക്ഷമതക്കുറവും എല്ലാം നിലവിൽ ഉണ്ടെന്നും മന്ത്രിമുതൽ താഴോട്ടുള്ള ആളുകൾപോലും ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു. സർ; എവിടെയോ തകരാറുണ്ടു്; മന്ത്രിമാരുടെ നടപടികളിലോ



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

അല്ലെങ്കിൽ ആ നടപടി സെക്രട്ടറിയേററിൽ സ്വീകരിക്കുന്നതിലോ എവിടെയോ തകരാറുണ്ട്. എന്റെ അനുഭവത്തിൽ നിന്നു പറഞ്ഞാൽ ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും കാര്യത്തെപ്പററി ഒരു തീരുമാനം എടുക്കുവാൻ ഏററവും താമസം ഉണ്ടാക്കിയിട്ടുള്ളത് ഓരോ കാലങ്ങളിൽ ഇവിടെ അധികാരത്തിൽ ഇരുന്നിട്ടുള്ള മന്ത്രിമാരും അവരുടെ രാഷ്ട്രീയ കക്ഷികളുമാണ്. ഇവിടെ ഏതു കാര്യത്തിനും ഈ മന്ത്രിമാരുടെയും, അവരുൾപ്പെടുന്ന രാഷ്ട്രീയ കക്ഷികളുടെയും ഉപദ്രവമില്ലെങ്കിൽ ഈ വക കാര്യങ്ങൾ നടപ്പിൽ വരുത്താൻ ഇത്രയേറെ ബുദ്ധിമുട്ട് ഉദ്യോഗസ്ഥന്മാർക്ക് ഉണ്ടാകുന്നതല്ല. ഇവിടെ സാധാരണ ഉദ്യോഗസ്ഥന്മാർ ന്യായവും മര്യാദയുംവിട്ട് പല നടപടികളും സ്വീകരിച്ചുവരുന്നതായി കണ്ടിട്ടുണ്ട്. അന്നന്ന് അധികാരത്തിലിരിക്കുന്ന മന്ത്രിമാരുടെ ആവശ്യപ്രകാരം സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാർക്ക് ന്യായമല്ലാത്തവിധത്തിൽ ചില നടപടികൾ സ്വീകരിക്കേണ്ടതായും വന്നിട്ടുണ്ട്. ഇങ്ങനെ സ്വന്തം കാര്യത്തിനുവേണ്ടി, സെക്രട്ടറിമാരുടെയും, ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാരുടെയും പക്കൽനിന്ന് അതിനനുകൂലമായ നിർദ്ദേശങ്ങൾ ലഭിക്കാനുള്ള പ്രേരണകളും മുകൾത്തട്ടിൽ ഇരിക്കുന്നവരുടെ ആവശ്യപ്രകാരം ഉണ്ടാകുന്നുവെന്നുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട മെംബർമാർ പരാതിപ്പെട്ട റെഡ് ടേപ്പിസത്തിലെ ഭയങ്കരമായ ആപത്ത്.

ഈ സപ്ലിമെന്ററി ഡിമാന്റിലാവശ്യപ്പെട്ട ഈ തുക തന്നെ കഴിഞ്ഞ ബഡ്ജററിൽ നാലരലക്ഷം രൂപ എന്നു കൊള്ളിച്ച് ഈ ഹൌസിൽ പാസ്സാക്കിയിട്ടുള്ളതാണ്. അതുകഴിഞ്ഞ് ഒരുലക്ഷത്തി എണ്ണായിരം രൂപ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നു. ഈ ഡിമാന്റ് ഇങ്ങനെ ഒരു വകുപ്പ് ഉണ്ടാകുവാനാണ് എന്നൊരു കാര്യം പറഞ്ഞതൊഴിച്ചാൽ ബാക്കി ആർക്കെല്ലാം ഉദ്യോഗങ്ങൾ നൽകാനാണെന്ന് ഇപ്പോൾ അച്ചടിച്ചുതന്നിട്ടുള്ള സ്റ്റേറമെന്റിൽനിന്നും മനസ്സിലാകുന്നില്ല. പണ്ടുണ്ടായിരുന്ന സ്കെയിലിന്റെ ഇരട്ടി സ്കെയിലുകൾ അനുവദിച്ചുകൊണ്ട് പുതിയ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതായി പത്രത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ദിവസേനയെന്നവണ്ണം ഒട്ടുവളരെ നിയമനങ്ങൾ നടന്നുകൊണ്ടുമിരിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം വർദ്ധിപ്പിക്കണമെന്നുള്ള ആശയം കൂടുതലായി ഗവണ്മെന്റ് നടത്തിയിട്ടുള്ളത് ഉയർന്ന നിലയിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലാണെന്ന് മനസ്സിലാക്കാൻ കഴിയും. താഴെയുള്ള ശമ്പളക്കാരുടെ പരാതികൾ ഏതു വകുപ്പിൽ ആയാലും, ഏതു ഡിപ്പാർട്ടുമെന്റിലായാലും ദിവസേന കേട്ടുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലുമൊരു പുതിയ തസ്തികയ്ക്കുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ള ഒരു സപ്ലിമെന്ററി ഡിമാന്റ് ഈ സഭയിൽ കൊണ്ടുവരുമ്പോൾ ഈ തസ്തികയെ സംബന്ധിച്ചും, ഈ ഉദ്യോഗസ്ഥനെ സംബന്ധിച്ചും ഉള്ള ചില വിശദീകരണങ്ങളെങ്കിലും സഭയെ അറിയിക്കേണ്ടതുണ്ട്. എന്താണ് ഈ ഉദ്യോഗസ്ഥന്റെ ജോലി, കാര്യക്ഷമമായ ഒരു ഭരണത്തിന് ഈ ഉദ്യോഗസ്ഥനും ഉദ്യോഗവും ആവശ്യമാണോ എന്നെല്ലാം അറിയിക്കേണ്ട ഒരു മര്യാദയെങ്കിലും ഗവണ്മെന്റിനുണ്ടാകേണ്ടതാണ്. ഇങ്ങനെ ഒരു ഉദ്യോഗസ്ഥനെ സൃഷ്ടിച്ചതുകൊണ്ട് രാജ്യത്തിനുണ്ടാകുന്ന മാററങ്ങൾ എന്തെല്ലാമാണെന്നുപോലും ഗവണ്മെന്റ് പറഞ്ഞിട്ടില്ല. ഇങ്ങനെ ഒരു വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കവേ മറുവശത്തു് ഇന്നധികാരത്തിലിരിക്കുന്ന ആളുകളെ മന്ത്രിസഭയ്ക്കു പുറത്തു് തള്ളിക്കളയുവാനല്ലെങ്കിലും വേണ്ടില്ല അവരുടെ അഴിമതികൾ ഇല്ലായ്മ ചെയ്യുവാൻ കഴിഞ്ഞാൽമതി എന്നുള്ള വിചാരത്തോടുകൂടി ഈ സഭയുടെ പുറത്തു് കുറേ ആളുകൾ നില്ക്കുന്നുണ്ടു് എന്ന വസ്തുതയും നാം ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതാണു്. അങ്ങനെ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത വർദ്ധിച്ചില്ലെന്നു മാത്രമല്ല സർക്കാരുദ്യോഗസ്ഥന്മാരുടെ പരാതികൾ തീർന്നിട്ടുമില്ല. രാജ്യത്തിന്റെ പൊളിറ്റിക്സ് മേലാൽ പാതാളംവരെ താഴ്ന്നിട്ടുള്ളതാണു്. അങ്ങനെ നോക്കുമ്പോൾ രാജ്യത്തെ കൂടുതൽ നശിപ്പിക്കാനുള്ള ഒരു അഭ്യർത്ഥനയായിട്ടു മാത്രമേ ഈ ധനാഭ്യർത്ഥനയെ കണക്കാക്കാൻ ഒക്കുകയുള്ളു. ഈ ധനാഭ്യർത്ഥനയെ ഈ സഭ എതിർത്തില്ലെങ്കിൽ അതു് നാം ഭാവിതലമുറയോടു ചെയ്യുന്ന ഭയങ്കരമായ ഒരപരാധമായിരിക്കുമെന്നതുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. ജെ. എ. ഭട്ട്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഉപധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടു് ബഹുമാനപ്പെട്ട ചില മെമ്പറന്മാർ പറഞ്ഞതിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്, ഈ ആവശ്യത്തിലേയ്ക്കു് ചില ആളുകളെ നിയമിച്ചു എന്നുള്ളതുകൊണ്ടുമാത്രമാണു് അവർ ഇതിനെ എതിർക്കുന്നതു് എന്നാണു്. അല്ലാതെ, ഈ ഉദ്യോഗസ്ഥന്മാരുടെ ആവശ്യത്തെ സംബന്ധിച്ചോ, പ്രയോജനത്തെ സംബന്ധിച്ചോ, അവർ എന്തിനുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചോ ഈ മെമ്പറന്മാർ ആരും ഒന്നും ചൂണ്ടിക്കാണിക്കുകയുണ്ടായില്ല.

ശ്രീ. പി. വി. തോമസ്: അതിനെ സംബന്ധിച്ചുള്ള ഒരു വിശദീകരണം കേൾക്കട്ടെ, മെമ്പറന്മാർക്കു് എന്തു പറയുവാനൊക്കും?

ശ്രീ. ജെ. എ. ഭട്ട്: ഒരു പേ കമ്മീഷനെ നിയമിച്ചതുകാരണം അവർക്കു് ശമ്പളവും അലവൻസും മററും കൂടുതലായി കൊടുക്കേണ്ടിവന്നു. അങ്ങനെ കൂടുതൽ കൊടുത്ത തുക അനുവദിച്ചുതരണമെന്നാണു് ബഹുമാനപ്പെട്ട മന്ത്രി ഈ ധനാഭ്യർത്ഥന അവതരിപ്പിച്ചുകൊണ്ടു് ആവശ്യപ്പെട്ടതു്. എന്നാൽ, ഈ പ്രസ്താവനയ്ക്കുശേഷം സംസാരിച്ച ചില സ്നേഹിതന്മാർ ചില പുതിയ തസ്തികകൾ കൂടുതലായി ഉണ്ടാക്കിയെന്നും, കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചുവെന്നും മററുമുള്ള ആരോപണങ്ങളുമാണു് കൊണ്ടുവന്നതു്. ഇപ്പോൾ, രണ്ടാം പഞ്ചവത്സരപദ്ധതി നടന്നുകൊണ്ടിരിക്കുന്ന കാലമാണു്. അതവസാനിച്ചു് മൂന്നാം പഞ്ചവത്സരപദ്ധതി തുടങ്ങാൻ പോവുകയാണു്. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഈ ഗവണ്മെന്റിന്റെ നിത്യനിദാനജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കു് ആവശ്യമുള്ള ഉദ്യോഗസ്ഥന്മാർക്കു പുറമെ കൂടുതലുദ്യോഗസ്ഥന്മാരെയും നിയമിക്കേണ്ട ആവശ്യം ഉണ്ടാകും. അതുകൊണ്ടു് അക്കാരണത്താൽ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയല്ല അനുകൂലിക്കുകയാണു് വേണ്ടതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നു. സെക്രട്ടേറിയററിലെ ഫയലുകളിൽ വരുന്ന കാലതാമസത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രത്യേകിച്ചൊന്നും പറഞ്ഞറിയിക്കേണ്ടയാവശ്യമില്ല. ഇന്നു പല സെക്ഷനുകളിലും ഉള്ള ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളെപ്പററിയും പുതിയ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടി



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

കുന്നതിനെപ്പററിയും ശ്രീ. ബാലകൃഷ്ണൻ പറഞ്ഞ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഗവണ്മെന്റ് ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിലും മാത്രം ഇത്തെ മന്ത്രിസഭ വ്യാപൃതമായിരിക്കുകയാണോ എന്നു സംശയിക്കത്തക്ക നിലയിൽ കാര്യങ്ങൾ എത്തിയിട്ടുണ്ടു്. ഇന്നു രാവിലെയുള്ള ചോദ്യോത്തരവേളയിൽ അഴിമതിനിവാരണ ഉദ്യോഗസ്ഥനെ സംബന്ധിച്ചു് ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. അതേ [illegible] അറിയാൻകഴിഞ്ഞ വസ്തുത വച്ചു നോക്കുകയാണെങ്കിൽ ആ ഉദ്യോഗസ്ഥൻ യഥാർത്ഥത്തിൽ അധികാരമൊന്നുമില്ലാത്ത ഒരാളാണെന്നും, വെറും പോസ്റ്റാഫീസിന്റെ ജോലിയാണു് അദ്ദേഹം ചെയ്യുന്നതെന്നും, മനസ്സിലാക്കാൻ കഴിയുന്നതാണു്. ആർക്കെങ്കിലും വല്ല ഉദ്യോഗസ്ഥന്മാരെപ്പററി പരാതിയുണ്ടെങ്കിൽ, അങ്ങോട്ടു് അയച്ചുകൊടുക്കണം. ആ ഉദ്യോഗസ്ഥൻ ആ പരാതികളെല്ലാം നോക്കി അതാതു ഡിപ്പാർട്ടുമെന്റുകളിലേക്കു് അയയ്ക്കും. ഞാൻ തന്നെ, വളരെ വ്യക്തമായ എനിക്കു ബോദ്ധ്യംവന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചു്, രണ്ടുമൂന്നു പരാതികൾ അയച്ചിട്ടുണ്ടായിരുന്നു. ഈ പരാതികളെല്ലാം ഡിപ്പാർട്ടുമെന്റൽ അദ്ധ്യക്ഷന്മാർക്കു് അയച്ചുകൊടുത്തിട്ടുണ്ടു് എന്നു് എന്നെ അറിയിച്ചിട്ടുള്ളതല്ലാതെ അതിനെ സംബന്ധിച്ചു് മററു യാതൊരു നടപടിയും ആ ഉദ്യോഗസ്ഥൻ ചെയ്തിട്ടില്ല. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ പേരിൽ പരാതി കൊടുത്താൽ, പരാതി കൊടുത്ത ആളുകൾ കുറെ സാക്ഷികളെ കൊണ്ടുവരികയോ, അല്ലാത്തപക്ഷം ആ ഉദ്യോഗസ്ഥൻ തന്നെ ഏതാനും സാക്ഷികളെ കൊണ്ടുവരികയോ ചെയ്തു ഈ സാക്ഷിമൊഴികളുടെ അടിസ്ഥാനത്തിൽ ആ പരാതികളെ സംബന്ധിച്ചു തീർപ്പു കല്പിക്കുന്ന നടപടികളും ആശാസ്യമായിട്ടു തോന്നുന്നില്ല. കോടതികളുടെ രീതിയിലല്ല, ഡിപ്പാർട്ടുമെന്റു് കൊടുക്കുന്ന പരാതികളെ സംബന്ധിച്ചുള്ള നടപടികൾ എടുക്കേണ്ടതു്. ഈ പരാതികളെ സംബന്ധിച്ചു ഡിപ്പാർട്ടുമെന്റു സമഗ്രമായ നടപടികൾ എടുക്കേണ്ടതാണു്. രഹസ്യമായ നടപടികൾ എടുക്കണമെന്നുണ്ടെങ്കിൽ അതും ചെയ്യാം. പുതിയതായി ഒരു അഴിമതിനിവാരണവകുപ്പു ഉണ്ടാക്കിയെങ്കിലും അതിന്റെ പ്രവർത്തനം ഒട്ടുംതന്നെ ഫലപ്രദമല്ല. ഈവക കാരണങ്ങളാൽ ഒട്ടുംതന്നെ നേട്ടം ഇല്ലാത്ത ഈ ഡിമാൻഡ് അനുവദിക്കുവാൻ പാടില്ലെന്നും, തള്ളിക്കളയണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ജോസഫ് ചാഴികാട്: സർ, ഈ രാജ്യത്തു സെക്രട്ടേറിയറ്റ് എന്നു പറയുന്നതു്, രാജ്യത്തിന്റെ ഹൃദയമാണു്. ആ ഹൃദയത്തിൽ നിന്നും ചലനമുണ്ടാക്കിയിട്ടാണു് രാജ്യത്തിന്റെ സകല കാര്യങ്ങളും നടക്കേണ്ടതു്. ഇന്നു സെക്രട്ടേറിയറ്റിന്റെ സ്ഥിതിയെപ്പററി എനിക്കറിയാവുന്നിടത്തോളമുള്ള സ്ഥിതിഗതികൾ വച്ചുനോക്കിയാൽ, ആ ഹൃദയത്തിന്റെ ചലനം വളരെ മന്ദഗതിയിലാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നു പറയാതെ തരമില്ല. ഇവിടെ ഇന്നു ഒരു ചോദ്യത്തിനുത്തരമായി നൽകിയ ഒരു സ്റ്റേറ്റുമെന്റിൽ മൂന്നുകൊല്ലത്തെ പഴക്കമുള്ള ഫയലുകൾ ആയിരത്തിൽ ചില്വാനം സെക്രട്ടേറിയറ്റിൽ കിടപ്പുണ്ടെന്നു പറയുകയുണ്ടായി. രാജ്യത്തിലെ ജനങ്ങൾക്കു് ഓരോ ആവശ്യം സാധിച്ചുകിട്ടുന്നതിനാവേണ്ടി ഗവണ്മെന്റാഫീസിലൊ, അല്ലെങ്കിൽ സെക്രട്ടേറിയറ്റിലൊ കൊടുക്കുന്ന ഹർജികളിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly

യതൊരു തീരുമാനവുമില്ലാതെ, വളരെ കാലം കിടക്കുന്നുഎന്നു വന്നാൽ, എന്താണു പിന്നെ രക്ഷ? മൂന്നുകൊല്ലത്തെ ലിസ്റ്റാണു ചോദിച്ചിരുന്നതു്. അത്രയുമാണു് അതിന്റെ ലിസ്റ്റു കിട്ടിട്ടു്. പത്തുകൊല്ലം പഴക്കമുള്ള ഒരു ലിസ്റ്റാണു ചോദിച്ചതെങ്കിൽ, അതിനെക്കാൾ കുറെ നീണ്ട ലിസ്റ്റു നമുക്കു കിട്ടുമായിരുന്നു. ദിവസേന എന്നപോലെ പലപല ഉദ്യോഗസ്ഥന്മാരേയും സിക്രട്ടേറിയറ്റിൽ കൂടുതലായി നിയമിക്കുന്നുണ്ടു്. മാത്രമല്ല, അവർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്നുമുണ്ടു്.

സർ, നമ്മുടെ ചീഫ് സെക്രട്ടറി ഇവിടെയുണ്ടെങ്കിൽ അദ്ദേഹത്തോടു് എനിക്കൊരുകാര്യം പറയുവാനുണ്ടു്. ഞാൻ രണ്ടുരൂപാ സ്റ്റാമ്പൊട്ടിച്ചു് ഒരു പരാതി ഗവണ്മെന്റിലേക്കു് അയച്ചിരുന്നു. ചീഫ് സെക്രട്ടറിക്കു് നേരിട്ടായി മറുപടി രസീതുംകിട്ടി. കുറെ കഴിഞ്ഞു പരാതിയെപ്പറ്റി അന്വേഷിച്ചപ്പോൾ ഹർജി കാണുന്നില്ല. ചീഫ് സിക്രട്ടറി അന്വേഷിച്ചിട്ടു ഹർജി കാണുന്നില്ല. ഞാൻ അഴിമതി നിവാരണ ഉദ്യോഗസ്ഥന്റെ പക്കൽ പരാതിപ്പെട്ടു. അദ്ദേഹം സിക്രട്ടേറിയറ്റിന്റെ എല്ലാ തുറകളിലും അന്വേഷിച്ചിട്ടും ഹർജി കാണുന്നില്ലെന്നു എനിക്കു മറുപടി തന്നു. ഞാൻ സ്റ്റാമ്പൊട്ടിച്ചു രജിസ്റ്റർ ചെയ്തു് ഒരു പരാതി അയച്ചാൽ, ആ പരാതി പിന്നെ എവിടെ പോകും? ഇവിടത്തെ ചീഫ് സെക്രട്ടറിക്കോ, ഗവണ്മെന്റിനോ സ്റ്റാമ്പൊട്ടിച്ചു് ഒരു പരാതി അയച്ചതിനുശേഷം ആ പരാതിയുടെ പുറകെ നടന്നില്ലെങ്കിൽ, പിന്നീടു് അതു കാണാതെവരുന്ന പതിവുണ്ടു്. ഈ സെക്രട്ടറിയേറ്റിൽ സ്റ്റാമ്പു വലിച്ചുകീറി തിന്നുന്ന അനവധി ആളുകൾ ഉണ്ടെന്നു ഞാൻ ചീഫ് സെക്രട്ടറിയോടു പറയുന്നു. ഇങ്ങനെയുള്ള അഴിമതികളും കൊള്ളരുതായ്മകളും നടക്കുന്നുണ്ടെങ്കിൽ അതിനെന്തെങ്കിലും ഒരു പ്രതിവിധി ഉണ്ടാക്കുവാൻ ചീഫ് സെക്രട്ടറിയെക്കൊണ്ടു് കഴിയുന്നില്ലെങ്കിൽ, പിന്നെ ഈ ചീഫ് സെക്രട്ടറി ഇരിക്കുന്നതെന്തിനാണു്? സെക്രട്ടേറിയറ്റിൽ ഇത്രവലിയ അഴിമതി നടക്കുന്നുഎന്നുള്ള കാര്യം ജനങ്ങൾക്കു ചിന്തിക്കാൻപോലും പാടില്ലാത്ത ഒന്നാണു്. ഈ അഴിമതികളും കൊള്ളരുതായ്മകളും കാണിക്കുവാനാണു് ഇനിയും സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാർ വിചാരിക്കുന്നതെങ്കിൽ, അവരെ പിരിച്ചുവിടണം. നമുക്കു സെക്രട്ടേറിയറ്റ് വേണ്ടാ. 'വല്ലാത്ത ബാലപ്രജകളിനേക്കാൾ ഇല്ലാത്ത ബാലപ്രജവും സുഖംപോൽ' എന്നാണു് പ്രമാണം. ഞാൻ വളരെ വേദനയോടുകൂടിയാണു് ഇതിനെപ്പറ്റി പറയുന്നതു്. അനേകം മെമ്പന്മാർ എന്നോടു പറഞ്ഞിട്ടുണ്ടു്, അവർ രണ്ടുരൂപാ സ്റ്റാമ്പൊട്ടിച്ചയച്ചിട്ടുള്ള പരാതികളും ഹർജികളും മറ്റും പിന്നീടു് കാണാതെ പോയിട്ടുണ്ടെന്നു്. ഞാൻ കൊടുത്ത ഒരു പെറ്റീഷൻ കാണാതെ പോയതുകൊണ്ടു് ഞാനിതു പറയുന്നതാണു്. അതുകൊണ്ടു് ഈവക സംഗതികൾക്കു് ഒരു നിവാരണം ഉണ്ടാക്കുന്നതിനു ചീഫ് സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കണം. ഒരു പെറ്റീഷൻ അവിടെ ചെന്നാൽ, ആ പെറ്റീഷൻ വരവുവച്ചു അതിനുള്ള പുസ്തകത്തിൽ എഴുതി ഓരോ ഡിപ്പാർട്ടുമെന്റിലേക്കു് അയയ്ക്കുന്നു. ആ ഡിപ്പാർട്ടുമെന്റു് അതു കൈപ്പറ്റുന്നു. പിന്നെ എല്ലാം വാരിക്കൂട്ടി എവിടെയോ ഇടുകയാണു ചെയ്യുന്നതു്. അതു പാടില്ല. സർ, 'Justice delayed is justice denied' എന്നു ചൊല്ലുണ്ടല്ലോ. പത്തും എട്ടും കൊല്ലങ്ങൾ കഴിഞ്ഞതിനുശേഷം, ഒരുപക്ഷേ ഹർജിക്കാരൻ മരിച്ചുകഴിഞ്ഞതിനുശേഷമാണു് ഇങ്ങനെയുള്ള ഹർജികൾക്കു തീരുമാന



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്]

മുണ്ടാകുന്നതെങ്കിൽ, ജനങ്ങൾക്ക് എന്തു രക്ഷയാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതിനുള്ള കഴിവ് മന്ത്രിമാർക്ക് ഒരുപക്ഷെ ഇല്ലെന്നുള്ളതായിരിക്കാം ഇതിനു കാരണം. മന്ത്രിമാർ നിയന്ത്രിച്ചാൽ, സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാർ നിയന്ത്രിക്കപ്പെടുന്നില്ല. അതിനു കാരണമുണ്ട്. ഏതാണ്ട് ദോലായമാനമായിട്ടാണ് മന്ത്രിമാർ ഇരിക്കുന്നത്. എപ്പോഴാണ് താഴെ വീഴുന്നത്, എങ്ങോട്ടാണ് ഇനിയത്തെ ഗതി എന്ന് അവർ സദാപി വീക്ഷിച്ചിരിക്കുന്നതുകൊണ്ട് സുശക്തമായോ, സുസ്ഥിരമായോ ഒരു നടപടിയും നടത്തുവാൻ അവർക്കു സാധിക്കുന്നില്ല. ഒരു ആശുപത്രിക്ക്, പോയ മന്ത്രിസഭ അനുവാദം കൊടുത്തു. ആ കടലാസ് ഇന്നുവരെ കണ്ടിട്ടില്ല. എവിടെയോ പോയി. ഈ സെക്രട്ടേറിയറ്റിൽ വളരെയധികം കടലാസുകൾ ഇങ്ങനെ നശിപ്പിച്ചിട്ടുണ്ടെന്നു ഞാൻ ചീഫ് സെക്രട്ടറിയെ അറിയിക്കുന്നു. അതു ഇനി മേലെങ്കിലും വരാതിരിക്കത്തക്കവണ്ണം വേണ്ട നടപടികൾ എടുക്കേണ്ടതാണ്. അതിനു കഴിയുന്നില്ലെങ്കിൽ, ചീഫ്സെക്രട്ടറി ഇവിടെ എന്തിനാണിരിക്കുന്നത്?

ശ്രീ. ടി. ഒ. ബാവ: സർ, ഈ സഭയിലല്ലാത്ത ആളുകളെ സംബോധന ചെയ്തുകൊണ്ട് ഇവിടെ പ്രസംഗിക്കുന്നതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാട്: എന്റെ ബാവാ, ദയവായി അവിടെ ഇരിക്കൂ.

Mr. Deputy Speaker: Chief Secretary is a Part of Government and therefore it is in order.

ശ്രീ. മഞ്ജുനാഥപ്രഭു: സർ, ഈ സഭയിലെ ഒരു മെമ്പറെ അല്ലാതെ, ബഹുമാനപ്പെട്ട ഏതെങ്കിലും ഒരു മെമ്പർക്ക് മററാരെയെങ്കിലും ആക്ഷേപിക്കാവുന്നതാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ആരെയും ആക്ഷേപിച്ചില്ല. ചീഫ് സെക്രട്ടറിയെപ്പററിയാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അല്ലാതെ ആളെപ്പററിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, ഞാൻ ഗവണ്മെന്റ മെഷീനറിയെപ്പററിയാണ് സംസാരിച്ചത്.

ഇവിടെ എൻ. ഇ. എസ്. ബ്ലോക്ക് എന്ന സ്ഥാപനം പലയിടത്തും ഉണ്ട്. എന്തൊരു ധൂർത്താണ് അവിടെ നടക്കുന്നതെന്ന് ആരെങ്കിലും അറിഞ്ഞിട്ടുണ്ടോ? അവിടെ പണം വാരിക്കോരി ചെലവാക്കുന്നുണ്ട്. എന്നാൽ അതിനും, ചില നിയന്ത്രണങ്ങളൊക്കെ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനെ സംബന്ധിച്ചുള്ള നിയന്ത്രണത്തിനായി ഒരു ഡെവലെപ്പ്മെന്റ കമ്മീഷണറുണ്ട്. അദ്ദേഹത്തിനു ചീഫ്സെക്രട്ടറിയുടെ ജോലിയുമുണ്ട്. ചീഫ്സിക്രട്ടറിയുടെ കീഴിൽ ഒരു അസിസ്റ്റന്റ ഡവലപ്പ്മെന്റ കമ്മീഷണറുണ്ട്. അദ്ദേഹം ഒരു അസിസ്റ്റന്റ സിക്രട്ടറിയുമാണ്. കമ്മീഷണറോ അസിസ്റ്റന്റ കമ്മീഷണറോ ഈ. എൻ. ഇ. എസ്.

ബ്ലോക്കുകളിൽ ഇടയ്ക്കിടയ്ക്കു പോയി പരിശോധന നടത്തേണ്ടതാണ്. ഭയങ്കരമായ കൊള്ളരുതായ്മകളാണ് അവിടെ നടക്കുന്നത്. കൊട്ടാരക്കരയിൽ മൂന്നുമാസത്തിനുമുമ്പ് ഒരു എൻ. ഇ. എസ്. ബ്ലോക്ക് ആഫീസ് ഓപ്പൺചെയ്തു. അവിടെ ഒരു വലിയ കെട്ടിടം ഉണ്ട്. ഞാൻ പോയി കണ്ടു. ഭിത്തികളെല്ലാം വിണ്ടു കീറിയിരിക്കുന്നു. ഭയന്നിട്ട് അതിനകത്തു കയറാൻ പാടില്ല. ചെളി വാരി വച്ചടച്ച് കുമ്മായവും തേച്ച് ഉണ്ടാക്കിയതായിരിക്കാം. ഇതിനെപ്പററി ആരും ചോദിക്കുന്നില്ലയോ? എന്റെ നിയോജകമണ്ഡലത്തിലുള്ള എൻ. ഇ. എസ്. ബ്ലോക്കിലുള്ള അഴിമതികളെ പററിയും എണ്ണി എണ്ണി പറയുവാൻ കഴിയും. എന്നാൽ അതു കേൾക്കാൻ ആരുണ്ട്? അതുകൊണ്ട് N. E. S. ബ്ലോക്കിലെ ഉദ്യോഗസ്ഥന്മാരേയും ജോലിക്കാരേയും കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്.

ഈ എൻ. ഇ. എസ്. ബ്ലോക്കിൽ കൊല്ലംതോറും മുപ്പതിനായിരവും നാൽപ്പതിനായിരവും രൂപാ ചെലവാക്കി ജീപ്പുകൾ ഓടിയ്ക്കുന്നുണ്ട്. ജീപ്പിൽ താമസിക്കുന്ന ആളുകൾ അതിൽ താമസിച്ചുകൊള്ളട്ടെ. ഇവർ വാസ്തവത്തിൽ ജീപ്പിൽ താമസിക്കുകയാണ്. അവർ തിരുവനന്തപുരത്തു വരുന്നു. വേണ്ട ആളുകളെ എല്ലാം കണ്ടും വച്ചുപോകുന്നു. സ്വന്തം ആവശ്യത്തിനുവേണ്ടിയാണ് മിക്കവാറും ഈ ജീപ്പുകൾ ഉപയോഗിക്കുന്നത്. അതിനു എന്തുമാത്രം പെട്രോൾ ചെലവാക്കി വരുന്നു എന്നു ഒരു കണക്കെടുക്കേണ്ടതാണ്.

ഈ ബ്ലോക്കുകളുടെ പ്രവർത്തനങ്ങൾകൊണ്ട് നാട്ടുകാർക്കു യഥാർത്ഥമായ നന്മ ലഭിക്കണമെന്നാണ് ഗവണ്മെന്റുദ്ദേശിക്കുന്നതെങ്കിൽ ആ ഉദ്ദേശം എത്രത്തോളം സഫലമാകുന്നുണ്ടെന്നു അധികാരമുള്ള ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തേണ്ടതാണ്. എന്നാൽ ഇന്നു നടക്കുന്നതു കുറെ ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ അവർക്കിഷ്ടംപോലെ ഓരോ കാര്യം ചെയ്യുന്നതിനുവേണ്ടി ഭീമമായ സംഖ്യകൾ അനുവദിച്ചു കൊടുത്തുവരികയാണ്. ഈ ഉദ്യോഗസ്ഥന്മാർ വേണ്ടവിധത്തിൽ അവ വിനിയോഗിക്കാതെ അനാശാസ്യമായ പല നടപടികൾക്കു വേണ്ടി ദുരുപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു സെക്രട്ടറിയേററിലെ ഫയലുകളുടെ ഡിലേ സംബന്ധിച്ചാണ്. അകാരണമായും, അലസതയോടും കൂടി ഫയലുകൾ വച്ചു താമസിപ്പിക്കുന്ന സമ്പ്രദായം മേലാൽ തുടർന്നുകൊണ്ടു പോകുന്നതു അനുവദിക്കത്തക്കതല്ല. മന്ത്രിമാർ ഈവക സംഗതികൾ ശ്രദ്ധിക്കാതെ മറെറന്തോ ചിന്താഗതികളിലാണ് മുഴുകിയിരിക്കുന്നത്. The ministers may come and ministers may go, but the Secretariat will go on for ever. അതുകൊണ്ടു സെക്രട്ടറിയേററു നന്നാക്കാൻ മന്ത്രിമാർക്കു സാധിക്കില്ല. സെക്രട്ടറിയേററിനു നല്ല പാരമ്പര്യം ഉണ്ടാകണം—അതു നന്നാവണം. മാത്രവുമല്ല രാജ്യരക്ഷയെ മാത്രം കാര്യമായി ഗൗനിക്കുന്നുമില്ല. തന്മൂലം ഇന്നു രാജ്യത്തിനു രക്ഷയില്ല, ജനങ്ങൾക്കു രക്ഷയില്ല. ഏതു ഡിപ്പാർട്ടുമെന്റു നോക്കിയാലും അധികൃതർ നീതി നടത്തുന്നില്ല. ഇതു എന്റെ അനുഭവത്തിൽ നിന്നും ഞാൻ പറയുകയാണ്. അക്ഷരംപ്രതി വിശ്വസിക്കത്തക്കതുമാണ്. സർ, തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു ശേഷം തിരുവിതാംകൂർ സംസ്ഥാനത്തു എന്തെങ്കിലും ഒരു വ്യക്തി ഒരു പെററി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ഷൻ ഗവണ്മെന്റിന്നു കൊടുത്താൽ ആഴ്ചകളും, മാസങ്ങളും, ആണ്ടുകളും കഴിഞ്ഞാൽതന്നെയും ഒരു തീരുമാനം ഉണ്ടാകാൻ സാധിക്കയില്ല. അതേ അവസരത്തിൽ കൊച്ചിക്കാരനായ ഒരു വ്യക്തി ഇവിടെ വന്നു് കലത്തു ഒരു പെററിഷൻ കൊടുത്താൽ വൈകുന്നേരം ആകുമ്പോൾ ഉത്തരവും വാങ്ങിച്ചുകൊണ്ടു പോകുന്നതായി ഒരു സംസാരം പറ...ന്ന ചീഫ് സിക്രട്ടറി അറിഞ്ഞിരിക്കേണ്ടതാണു്. അങ്ങിനെ അനാശാസ്യമായ പ്രചരണങ്ങളുടെ ഫലമായിട്ടോ, പക്ഷപാതപരമായ ചിന്താഗതിയുടെ ഫലമായിട്ടോ ശരിയായിട്ടോ അല്ലെങ്കിൽ തെററായോ ഒരു ധാരണ നാട്ടിൽ ഉടനീളം പരന്നിരിക്കയാണു്. ജനങ്ങൾക്കു അങ്ങിനെ ഒരു ധാരണ ഉണ്ടായിട്ടുള്ളതു്, കൊച്ചിക്കാരായ മന്ത്രിമാരും തിരുവിതാംകൂർകാരായ മന്ത്രിമാരും അവഗാഢമായി ചിന്തിക്കേണ്ടതാണു്. നാട്ടുകാർക്കുണ്ടായിട്ടുള്ള തെററിദ്ധാരണ ഇനിയെങ്കിലും ഇല്ലാതാക്കാൻ മനഃപൂർവ്വമായി അവർ ശ്രമിക്കേണ്ടതാണു്. സെക്രട്ടേറിയററിൽ ഉള്ള ഉദ്യോഗസ്ഥന്മാർ ഉപകാരപ്രദമായ വിധത്തിൽ പൊതുജനങ്ങൾക്കു വേണ്ടി ജോലിചെയ്യുന്നവരല്ലാത്തതുകൊണ്ടു് അവർക്കു കൊടുത്തുകൊണ്ടിരിക്കുന്ന ശമ്പളത്തിൽ തന്നെ കുറവു വരുത്തണമെന്നാണു് എന്റെ അഭിപ്രായം. അങ്ങനെ ഇരിക്കെ ഇതിലും കൂടുതൽ തുക അനുവദിക്കണമെന്നു പറഞ്ഞുകൊണ്ടു വന്നിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. ...ി. കെ. യശോധരൻ: ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണു് ചെയ്യുന്നതു്. സെക്രട്ടേറിയററിൽ ഒരു ആന്റികറപ്ഷൻ ആഫീസറെ നിയമിച്ചതിനെപ്പററി പല വാദപ്രതിവാദങ്ങളും ഇതിനകം ഈ സഭയിൽ ഉണ്ടായിട്ടുണ്ടു്. ഞാനും, അദ്ദേഹത്തിന്റെ നിയമനത്തെ സംബന്ധിച്ചാണു് സംസാരിക്കാൻ തുടങ്ങുന്നതു്. സർ, ഇവിടെ കുറെ മുമ്പു ഇങ്ങനെയൊരു ആഫീസറെ നിയമിക്കയുണ്ടായി. വളരെ കാര്യശേഷിയും ഈ സ്ഥാനത്തിനു് വളരെ അധികം യോഗ്യതയുമുള്ള ഒരാളെയാണു് നിയമിച്ചിട്ടുള്ളതു് എന്നതിൽ ഞങ്ങൾക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിനു വേണ്ടിയുള്ള പരിപൂർണ്ണമായ അധികാരം നൽകിയിട്ടുണ്ടോ എന്നാണെങ്കിൽ ഇല്ലെന്നാണു് പറയേണ്ടിയിരിക്കുന്നതു്. അങ്ങനെയൊരാഫീസർ ഈ സംസ്ഥാനത്തു സേവനം അനുഷ്ഠിക്കുന്നതുകൊണ്ടു പൊതുജനങ്ങൾക്കു എന്തു ഫലമാണു് കൂടുതലായി ഉണ്ടാകുന്നതെന്നു ഞാൻ ചോദിക്കട്ടെ. സാധാരണയായി ഡിപ്പാർട്ടുമെന്റുകളിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ കൈക്കൂലിക്കോ, അഴിമതിക്കോ, വിധേയരായി, അവരെപ്പററി പരാതി ഉണ്ടാകുന്നപക്ഷം ആ ഡിപ്പാർട്ടുമെന്റുമുഖേന അന്വേഷണം നടത്തി ഗവണ്മെന്റിലേയ്ക്കയക്കുകയും ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷന്റെ ശുപാർശകൾ ഗവണ്മെന്റ് സ്വീകരിക്കുകയുമാണു് ചെയ്യുന്നതു്. ഈ പതിവു് വളരെ പഴമയുള്ള ഒന്നാണു്. അങ്ങനെ പരമ്പരാഗതമായി പഴമയുള്ള ഒരു പാരമ്പര്യമാണു് ഇപ്പോഴും പാലിച്ചുകൊണ്ടുപോകുന്നതു്. അതുപോലെതന്നെ സെക്രട്ടേറിയററിലുള്ള ഒരുദ്യോഗസ്ഥനെ സംബന്ധിച്ച പരാതിയുണ്ടായാലും ആ പരാതിയിന്മേൽ ചീഫ്സെക്രട്ടറി നേരിട്ടന്വേഷണം നടത്തുകയോ സെക്രട്ടറിമാരുടെ ശുപാർശകൾക്കു വിധേയമായി-

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവിടുകയാണ് ചെയ്തുവരുന്നത്. അങ്ങനെ പഴയ രീതിയിൽനിന്നും വ്യത്യസ്തമായ, പുതുമയായ യാതൊരു രീതിയും സെക്രട്ടറിയേറ്റിൽ കാണുന്നില്ല. വിശേഷിച്ചും ആന്റി കറപ്ഷൻ ആഫീസരുടെ പ്രവർത്തനവും ഇതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല. ഈ നിയമനത്തെ സംബന്ധിച്ചിടത്തോളം മുമ്പു പറഞ്ഞതുപോലെ പൊതുജനങ്ങളെ കബളിപ്പിക്കാൻ വേണ്ടിയുള്ള ഗവണ്മെൻറിന്റെ ഒരു സ്റ്റണ്ട് ആണെന്നാണ് എനിക്കു പറയുവാനുള്ളത്. സാധാരണയായി ആന്റി കറപ്ഷൻ ആഫീസർക്ക് അർഹമായ അധികാരങ്ങളൊന്നും ഇവിടെ നൽകപ്പെട്ടിട്ടില്ല. ഇവിടെ പേരിനുവേണ്ടി ഒരു ആഫീസറെ നിയമിച്ചിട്ടുണ്ടെന്നേയുള്ളു. അദ്ദേഹത്തിന്റെ അധികാരം ജനങ്ങൾക്ക് ഉപകാരപ്രദമായി വിനിയോഗിക്കണമെന്നു വിചാരം ഗവണ്മെൻറിന് ഉണ്ടെന്ന് തോന്നുന്നില്ല. അധികാരം ഉപയോഗിച്ച് പ്രവർത്തിക്കാനുള്ള സന്ദർഭവും ഗവണ്മെൻറ് നൽകുന്നില്ല. സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പലവിധത്തിലുള്ള ആരോപണങ്ങളും ഈ സഭയിൽ കേൾക്കാനിടയായി. ഭാഗ്യവശാലോ, നിർഭാഗ്യവശാലോ ഈ നിയമസഭയിൽ ഇന്നേദിവസം എന്തോ ഒരു സംഭവം ഉണ്ടാകാൻപോകുന്നു എന്ന് കരുതി മിക്ക ഡിപ്പാർട്ടുമെന്റുകളിലുമുള്ള ഉദ്യോഗസ്ഥന്മാർ ഇവിടെ ഹാജരായിരിക്കുകയാണ്. അവരെല്ലാപേരും ഈ ആരോപണങ്ങൾ കേട്ടുകൊണ്ട് തന്നെ ഇരിക്കുകയുമാണ്. മാത്രമല്ല, ഞാൻ ഈ നിയമസഭയിൽ വന്ന കാലം മുതൽക്കേ ഇങ്ങനെയുള്ള ആരോപണങ്ങൾ കേൾക്കുന്നുമുണ്ട്. സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാരുടെ ചെയ്തികളെപ്പററി തെററുണ്ടെങ്കിൽ ധൈര്യമായി അവരോടു ചോദിക്കുന്നതിനുള്ള തന്റേടം മന്ത്രിമാർക്കുണ്ടോ എന്നു എനിക്കു സംശയമാണ്. മാത്രമല്ല, ഒന്നാമത്, സെക്രട്ടറിയേറ്റ് നടത്തുകയാണെങ്കിൽ ഐ. എ. എസ്. ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതിനുള്ള കഴിവ് മന്ത്രിമാർക്കുണ്ടായിരിക്കണം. അങ്ങനെ കഴിവില്ലാത്ത മന്ത്രിമാർ മന്ത്രിമാരായിരിക്കുന്നിടത്തോളം കാലം ഉദ്യോഗസ്ഥന്മാരുടെ അനീതിക്കും, അഴിമതിക്കും അവസാനമുണ്ടാകുമെന്നു തോന്നുന്നില്ല. സർ, ദിവസേന ധാരാളം ആളുകൾ സംസ്ഥാനത്തെ വിവിധ ഉദ്യോഗസ്ഥന്മാരെ പററി ഞങ്ങളുടെ മുമ്പിൽ വന്നു പരാതിപ്പെടാറുണ്ട്. ഈ പരാതികൾ കേൾക്കുകയാണ് കുറച്ചുകാലമായി ഞങ്ങളുടെ പ്രധാനമായ ജോലിയെന്നുതന്നെ പറയാം. ചിലപ്പോൾ ഞങ്ങൾ ഈ പരാതിക്കാരുടെ കൂടെ ആസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റ് മേധാവികളെ സമീപിക്കുന്നതിനുവേണ്ടി വളരെനേരം അക്ഷമയോടുകൂടി കാത്തിരുന്നശേഷം സന്ദർശനം അനുവദിക്കയും ആണ് ചെയ്തുവരുന്നത്. അവരുടെ മുമ്പിൽ ചെന്ന് ഇവയെപ്പററി ചോദിക്കുമ്പോൾ, 'ഫയൽ എവിടെയാണെന്നറിഞ്ഞുകൂടാ, അതു വരുന്നമുറയ്ക്കു നോക്കി പ്രവർത്തിക്കുന്നതാണ്.' ഇങ്ങനെയാണ് മറുപടി പറയുന്നത്. നേരെ മറിച്ച് ആഫീസറന്മാരുടെ മുമ്പിൽ പോകാതെ അവരുടെ കീഴിലുള്ള ഏതെങ്കിലും സെക്ഷനിൽ ചെന്ന് ഏതെങ്കിലും ക്ലാർക്കുമാരോടു കാര്യം ചോദിച്ചാൽ വളരെ മര്യാദയോടുകൂടി അവർ ഉ[illegible]ട്ടും. സർ, ഇങ്ങനെയാണ് സംസ്ഥാനത്തെ ആഫീസറന്മാരുടെ നിലപാടെങ്കിൽ എങ്ങനെയാണ് പൊതുജനങ്ങൾക്കു ഇതിൽനിന്നും പ്രയോജനമുണ്ടാകുന്നതെന്നു ഞാൻ ചോദിക്കുന്നു. ഇതുവരെയായിട്ടും ഒരു മന്ത്രിക്കും ഈ അനാശാസ്യമായ പ്രവർത്തനരീതിയെ നീക്കാൻ കഴിഞ്ഞിട്ടില്ല ഇനി അതു നിറവേറ്റാൻ [illegible]യമെന്നും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. യശോധരൻ]

എനിക്കു വിചാരമില്ല. മന്ത്രിമാക്കു ശാശ്വതമായ അല്ലെങ്കിൽ സുസ്ഥിരമായ ഒരു ഉറച്ച സ്ഥാനം ഇല്ലാത്തതുകൊണ്ടാണ് അവക്കു ഈ കാര്യത്തിൽ ഒരലസമനോഭാവം ഉണ്ടായിട്ടുള്ളതെന്ന് ഇവിടെ ചില സ്നേഹിതന്മാർ പറയുന്നതു കേട്ടു. സർ, ആ തത്വത്തെ അതേപടി സ്വീകരിക്കുവാൻ ഞാൻ തയ്യാറില്ല. പാർലമെൻററി ഡെമോക്രസി മാതൃകയായി പൊക്കിപ്പിടിച്ചു് പ്രസംഗിക്കുകയും, പ്രചരണം നടത്തുകയും ചെയ്യുന്നവർ അതു നടപ്പിൽ വരുത്താൻ അലസമനോഭാവം കാണിക്കുന്നതിൽ എന്താണർത്ഥമുള്ളതു്. വാസ്തവത്തിൽ ഇവരുടെ ഈവിധ ചെയ്തികൾ കാണുമ്പോൾ പഴയ സർ സി. പിയെ വിളിച്ചുകൊണ്ടുവരട്ടെയോ എന്നുകൂടി എനിക്കു തോന്നുന്നുണ്ടു്. സർ, സർ സി. പി. ഭരിച്ചിരുന്നകാലത്തു ഇതിലും വളരെ ഭേദമായി, വളരെ മെച്ചമായി ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ പെരുമാറിയിരുന്നു എന്നതു് ഈ സഭയിലുള്ള എല്ലാവക്കും അറിയാവുന്നതാണു്. ഡെമോക്രസിയുടെ ആരംഭത്തോടുകൂടി പഴയ ആട്ടോക്രസിയിൽ ഉണ്ടായിരുന്ന നന്മയുടെ കണികപോലും കാണാൻ കഴിയാത്തതു് പരിതാപകരമായ ഒരു സ്ഥിതിയാണു്. വാസ്തവത്തിൽ ജനാധിപത്യത്തെ അവഹേളിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു എനിക്കു പറയുവാനുള്ളതു ജനാധിപത്യ മര്യാദയനുസരിച്ചു് പ്രവർത്തിക്കാൻ നിർബന്ധിതരായിത്തീർന്ന മന്ത്രിമാർ അതിനു തയ്യാറാകാത്തിടത്തോളം കാലം രാജ്യത്തു് യാതൊരു രക്ഷയുമില്ലെന്നാണു്. പക്ഷെ അവർ ഒരു കാര്യം ചെയ്യുന്നുണ്ടു്. പുതിയ പുതിയ തസ്തികകൾ ധാരാളം സൃഷ്ടിച്ചുവരികയാണു്. അതങ്ങനെയിരിക്കട്ടെ. സർ, ഇതുകൂടാതെ മറ്റൊരു പ്രധാനകാര്യം ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താനുള്ളതു് എന്തെന്നാൽ, ശമ്പളപരിഷ്കാരത്തെ സംബന്ധിച്ചു് പേക്കമ്മിഷൻെറ ശുപാർശയിൽ ഇവക്കിഷ്ടംപോലെ പല ഭേദഗതികളും വരുത്തിയിട്ടുണ്ടു് എന്നതാണു്. കഴിഞ്ഞതവണ അസംബ്ലിയിൽ ഇവയെപ്പററി ചോദിച്ചപ്പോൾ പെട്ടെന്നു മറുപടി പറവാൻ നിവൃത്തിയില്ലെന്നാണു് പറഞ്ഞിട്ടുള്ളതു്. ശമ്പള പരിഷ്കാരത്തെസംബന്ധിച്ചു് നിയമിച്ചിരുന്ന നിഷ്പക്ഷമായ ഒരു കമ്മിഷൻെറ അഭിപ്രായത്തെക്കൂടി വകവെക്കാതെ മാറ്റം വരുത്തിയാണു് അവ നടപ്പിൽ വരുത്തിയിട്ടുള്ളതു്. ഇങ്ങനെ നോക്കിയാൽ അനാശാസ്യ പ്രവൃത്തികൾ സെക്രട്ടേറിയറ്റിലെ വലിയ ഉദ്യോഗസ്ഥന്മാർ ചെയ്തിട്ടുണ്ടു് എന്നതിലേക്കു ധാരാളം തെളിവുകളെടുക്കാം. അവയൊക്കെ എടുത്തെടുത്തു പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഇങ്ങനെയിരിക്കുന്ന അവസ്ഥയിൽ സെക്രട്ടറിയേററ് ഉദ്യോഗസ്ഥന്മാക്കു ടി. എ., ഡി. എ. മുതലായ ഇനങ്ങളിൽ ഇനിയും പണം കൂട്ടുന്നതിൽ കൊടുക്കേണ്ടതാണെന്നു കാണിച്ചു് ഒരു ധനാഭ്യർത്ഥന കൊണ്ടുവരുന്നതു തീരെ ശരിയാണെന്നു തോന്നുന്നില്ല. ആ കാരണത്താൽ ഞാൻ എതിക്കുകയാണു് ചെയ്യുന്നതു്.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : സർ, ഈ ഉപധനാഭ്യർത്ഥനയെപ്പററി ഇത്ര വലിയ തക്കങ്ങളും, ഇത്ര സജീവമായ വാദപ്രതിവാദങ്ങളും ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചില്ല. ഇതിൽ കുറച്ചു് ഭേദഗതി ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ ഞാൻ പറഞ്ഞ പല കാര്യങ്ങളും ഇവിടത്തെ ബഹുമാനപ്പെട്ട മെമ്പറന്മാർ സ്വീകരിച്ചിട്ടുള്ളതാണു്. എന്തിനുവേണ്ടിയാണു് ഈ ഉപധനാഭ്യർത്ഥന



LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാർക്കും അവർ ആത്മാർത്ഥമായി സമ്മതിക്കുന്നുവെന്നതും അറിയാവുന്നതാണ്. ശ്രീ. താണുപിള്ളയും, ശ്രീ. ചാഴിക്കാട്ടു ജോസഫും, ശ്രീ. ഭാരതിയും, ശ്രീ. കുഞ്ഞച്ചനും, യശോധരനും ഒരുപോലെ എന്റെ അഭിപ്രായങ്ങൾ സ്വീകരിച്ചവരാണ്. ഈ ഉപധനാഭ്യർത്ഥനയെ സംബന്ധിച്ചിടത്തോളം ഇവരൊക്കെത്തന്നെ സമ്മതിച്ചിട്ടുള്ള ഒരു കാര്യത്തിനു വേണ്ടിയാണ് ഞാൻ ഈ സഭയിൽ അപേക്ഷിക്കുന്നത്. അതായത്, പേക്കമ്മിഷന്റെ റിപ്പോർട്ട് അനുസരിച്ച് സെക്രട്ടേറിയറ്റിലെ ചെറിയ ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്നതാണെന്നു ഞാൻ പറയുകയുണ്ടായി. ശമ്പളപരിഷ്കാരം സംബന്ധിച്ച് മുൻ മന്ത്രിസഭ ചില നടപടികൾ എടുക്കുകയും അതിന്മേൽ ചില ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ആ ഉത്തരവിന്റെ വെളിച്ചത്തിൽ 55 ഏപ്രിൽമാസം മുതൽ ശമ്പളപരിഷ്കാരം നടപ്പിൽ വരുകയും ചെയ്തു. അതിനെ തുടർന്ന് ശമ്പളപരിഷ്കാരത്തിൽ വന്നിട്ടുള്ള പോരായ്മകളെ പരിഹരിക്കാൻ വേണ്ടിയാണ് ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഒരു പേകമ്മീഷനെ നിയമിച്ചിട്ടുള്ളത്. അങ്ങനെ നിയമിച്ചിട്ടുള്ള പേക്കമ്മീഷന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് ഈ സഭയിലുള്ള എല്ലാ അംഗങ്ങളും വളരെ ഉൽക്കണ്ഠാപൂർവ്വമായ താല്പര്യങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിലുള്ള ചെറുകിട ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമാന്യജീവിതനിലവാരം ഉയർത്തുന്നതിനും ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഉൽക്കണ്ഠയുണ്ട് എന്നുള്ളതിന് രണ്ടുപക്ഷമില്ല. അങ്ങനെ ശമ്പളപരിഷ്കാരം ഇംപ്ലിമെന്റ ചെയ്യുന്നതിനുവേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുകയെക്കാൾ അധികച്ചെലവ് എസ്റ്റാബ്ലിഷ്മെന്റിനത്തിൽ വേണ്ടിവന്നതുകൊണ്ടാണ് ഈ ധനാഭ്യർത്ഥന ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. രണ്ടാമതായി ഈ സഭയിൽ ഉന്നയിക്കപ്പെട്ടതു സെക്രട്ടേറിയറ്റിൽ ഫയലുകളെ സംബന്ധിച്ചുള്ള നടപടികളിൽ വരുത്തുന്ന കാലതാമസത്തേയും, അതുകൂടാതെ സംസ്ഥാനത്തുള്ള ഡിപ്പാർട്ടുമെന്റുകളിലെ അഴിമതികാര്യങ്ങളെയും പററിയാണ്. ഇവ രണ്ടും പരിഹരിക്കുന്നതിനു് ഇതിനകം ഗവണ്മെന്റ് വേണ്ടിടത്തോളം നടപടികൾ കൈക്കൊണ്ടിട്ടില്ല എന്ന കാര്യം ഇപ്പോൾ മാത്രമല്ല വളരെ മുമ്പു മുതൽക്കു തന്നെ നാം കേൾക്കാറുള്ളതാണ്. അതിനു്, ഇന്നത്തെ നിലയിൽ പരിപൂർണ്ണമായി ഒരു പരിഹാരം ഉണ്ടായിട്ടില്ലെങ്കിലും, ഇനിയും, അങ്ങനെയുള്ള പരിഹാരം ഉണ്ടാകാൻ പാടില്ലാ എന്നു പറയാൻ പാടില്ലാത്ത ഒരു ഏർപ്പാടു ചെയ്തിട്ടുണ്ട്. അതായതു് കാര്യക്ഷമമായ വിധത്തിൽ പ്രവർത്തനം നടത്തുന്നതിനും അനീതിയും അഴിമതിയും കണ്ടുപിടിച്ചു നടപടി എടുക്കുന്നതിനും മററുമായി ആന്റി കറപ്ഷൻ എൻക്വയറി സെക്ഷൻ എന്ന് ഒരു വിഭാഗം സെക്രട്ടറിയേററിൽത്തന്നെ ഉണ്ടാക്കിയിരിക്കുകയാണ്. ആ വിഭാഗത്തെ സംബന്ധിച്ചിടത്തോളം വിജിലന്റായി പ്രവർത്തിക്കുന്ന ഒരു സെക്ഷനാണെന്നു ശ്രീ. ടി. കെ. ദിവാകരൻ തന്നെ പറകയുണ്ടായി. മാത്രമല്ല, ആന്റി കറപ്ഷൻ കമ്മീഷണരുടെ നിയമനം ഉണ്ടായതോടുകൂടി ഉദ്യോഗസ്ഥന്മാരുടെയിടയിലും പൊതുജനങ്ങളുടെ ഇടയിലും ആശാവഹമായ ഒരു ചലനം ഉണ്ടാക്കിയിട്ടുണ്ട് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. ശ്രീ. താണുപിള്ള പറയുകയുണ്ടായി ധാരാളം ഉദ്യോഗസ്ഥ

2/788/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ന്മാർ സെക്രട്ടേറിയേററിൽ ഈ വിഭാഗത്തിനുവേണ്ടി ഉണ്ടായി എന്നു്. സർ, അദ്ദേഹത്തിനു് അതു പറയാൻ സാധിക്കും. ഒന്നു രണ്ടു പ്രാവശ്യം അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന ആളാണു്. അതുകൊണ്ടു് സെക്രട്ടേറിയേററിലെ കാര്യങ്ങൾ നല്ലതുപോലെ അറിയാം. പക്ഷെ അങ്ങനെ അദ്ദേഹം പ്രസ്താവിക്കുകയാണെങ്കിൽ ഉടനെ ഈ നിയമസഭയിലുള്ള ഓരോ അംഗത്തിനും, അദ്ദേഹത്തിന്റെ പ്രസ്താവന കേൾക്കുന്ന ഓരോ വ്യക്തിക്കും തോന്നാവുന്ന ഒരു ചോദ്യം പ്രതീക്ഷിച്ചുകൊണ്ടു് അദ്ദേഹം തന്നെ അതിനു മറുപടി പറയുകയുണ്ടായി. എന്തുകൊണ്ടു് നിങ്ങൾ അതു ചെയ്തില്ല? അതിനു തരപ്പെട്ടില്ല എന്നു മറുപടി പറയും.

ശ്രീ. എ. നാണുപിള്ള: സർ, ഞാൻ പറഞ്ഞതു നേരെ മനസ്സിലാക്കിയില്ല. ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുന്നതിനു് ഞാൻ ഒരിക്കലും അനുകൂലനല്ല. പക്ഷെ ആവശ്യമുള്ളതിൽ കൂടുതൽ ഉണ്ടാകാൻ പാടില്ല, എന്നാണു് എന്റെ അഭിപ്രായം. ഇനിയും ഞാൻ അധികാരത്തിൽ വരുന്നപക്ഷം ഈ നിലപാടു തന്നെ എടുക്കുകയും ചെയ്യും. ഒരിക്കലും ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുകയില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ പറഞ്ഞുകൊണ്ടുവന്നതു് ഇവിടെ കൂടുതലും ജോലി ഉണ്ടായി എന്നു മാത്രമാണു്. ഇവിടെ ഒരു സെക്ഷൻ കൂടുതലുണ്ടാക്കി. അതിനു് കൂടുതൽ സ്റ്റാഫ് വേണ്ടിയിരുന്നു. വളരെയേറെ ആക്ടിവിറ്റീസ് എക്സ്പാൻഡു് ചെയ്യേണ്ടിവന്നിരിക്കയാണു്. പ്ലാനിംഗ് സംബന്ധിച്ചും റിയോർഗനൈസേഷൻ സംബന്ധിച്ചും എൻക്വയറി സംബന്ധിച്ചും വളരെയേറെ വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ടു്. ബഹുമാനപ്പെട്ട ചില അംഗങ്ങൾ കാലതാമസത്തെപ്പററി ഇവിടെ പറയുകയുണ്ടായി. മൂന്നു കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള എത്ര ഫയലുകൾ സെക്രട്ടേറിയേററിൽ ഉണ്ടു് എന്ന ഒരു ചോദ്യത്തിനു ഇന്നു കാലത്തു ഞാൻ മറുപടി പറയുകയുണ്ടായി. ആയിരത്തിൽ ചില്വാനമുണ്ടു്. അതൊരു വലിയ സംഖ്യയാണു്, അതു കുഴപ്പമാണു് എന്നൊക്കെ ഇവിടെ പറഞ്ഞു. ഒരു കൊല്ലത്തിനു മുമ്പു് മൂന്നു കൊല്ലത്തിലധികം പഴക്കമുള്ള ഫയലുകൾ എത്ര ഉണ്ടു് എന്നു ചോദിച്ചിരുന്നുവെങ്കിൽ ഈ വിധം ഒരു വാദപ്രതിവാദത്തിനു തന്നെ ഇടവരികയില്ലായിരുന്നു. ഞാൻ വളരെ ന്യായമായി അവകാശപ്പെടുന്നതു് കാലതാമസത്തിന്റെ കാര്യത്തിലും മററും വളരെയേറെ വ്യത്യാസം വന്നുകൊണ്ടിരിക്കുന്നുവെന്നാണു്. അതു വേണ്ടിടത്തോളം തൃപ്തികരമായി എന്നു ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും വളരെ വ്യത്യാസം വന്നിട്ടുണ്ടു്. ചുവന്ന നാടയുടെ കാര്യത്തെപ്പററി പറഞ്ഞു. ശ്രീമാൻ ചാഴിക്കാട്ടു ജോസഫ് പറയുകയുണ്ടായി അദ്ദേഹം കൊടുത്ത ഒരു ഹർജി ഇവിടെ കാണുന്നില്ല എന്നും മററും. അങ്ങനെ ചില കേവലമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഒരു ജനറലൈസേഷൻ ചെയ്യുന്നതു ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒരു ഹർജി കൊടുത്തതു കാണാതെ പോയതു് കേവലമാണെന്നാണോ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കേവലമെന്നു ഞാൻ പറഞ്ഞതു് വിസ്മരിക്കാവുന്ന എന്നുള്ള അർത്ഥത്തിലല്ല. എണ്ണത്തിന്റെ കാര്യം നോക്കിയാൽ ഇതൊന്നല്ലേ ഉള്ളൂ എന്ന അർത്ഥത്തിൽ പറഞ്ഞതാണു്. അല്ലാതെ ഹർജി കൊടുത്ത ആളും കേവലനെന്നോ ഹർജി കൊടുത്തതു കേവലമായിപ്പോയെന്നോ ഹർജിയിലെ ഉള്ളടക്കം കേവലം എന്നോ അല്ല ഞാൻ പറഞ്ഞതു്. ഹർജി കൊടുത്ത ആളും കേവലനല്ലെന്നു് നമുക്കെല്ലാവർക്കുമറിയാം. ഞാൻ പറഞ്ഞതു് ഇങ്ങനെ ഒന്നു രണ്ടു കാര്യങ്ങളും ഉണ്ടാകുന്നില്ലെന്നല്ലാതെ വേറെ ഒന്നും കാണുകയില്ലെന്നാണു്. എൻ. ഇ. എസ്സ്. ബ്ലോക്കിൽ അന്വേഷണം നടത്തേണ്ട കാര്യത്തെപ്പററി പറഞ്ഞു. ഇതൊന്നും നിഷേധിക്കാവുന്ന കാര്യങ്ങളല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് പത്മവിഭൂഷണം എന്ന ബഹുമതി കൊടുക്കാൻ ഭാവമുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൽ മി: കുഞ്ഞച്ചനേയും ഉൾപ്പെടുത്താം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കുഞ്ഞച്ചന്റെ കാര്യമല്ല പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. അല്ല. ഉള്ളടക്കത്തെപ്പററിയാണു പറഞ്ഞതു്. അഴിമതി കാണിക്കുന്ന ആളുകൾക്കു പത്മവിഭൂഷണം നൽകുന്ന കാര്യത്തെപ്പററി ഞാനെയാണു പറഞ്ഞതു്. അതുകൊണ്ടു ബഹുമാനപ്പെട്ട സഭയോടു് എനിക്കു പറയുവാനുള്ളതു് രാഷ്ട്രീയമായ കാരണങ്ങൾകൊണ്ടു സപ്ലിമെന്ററി ഗ്രാന്റിനെ എതിർക്കുന്നതു് ശരിയല്ല. സെക്രട്ടേറിയറ്റിനെയും ഉദ്യോഗസ്ഥന്മാരെയും ആക്ഷേപിക്കുന്നതു് ലക്ഷ്യപ്രാപ്തിക്കു സഹായകരമായിരിക്കയില്ല. സപ്ലിമെന്ററി ഗ്രാന്റു് പാസാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുന്നു.

(Mr. Speaker in the Chair.)

DR. A. R. MENON: Have you ever had occasion to take disciplinary action against any officer in the Secretariat for undue delay?

SHRI PANAMPILLI GOVINDA MENON: In more than a dozen cases such action has been taken.

The question that a supplementary sum not exceeding Rs. 1,08,500 under IX—25. General Administration—(D) Secretariat and Headquarters Establishment—(a) Civil Secretariat (i) Government Secretariat—Pay of Establishment, was put and carried.

The Grant was made.

SHRI P. VISWAMBHARAN: I demand a poll, Sir.

A poll was taken when the House divided as follows:—

LIBRARY ARCHIVES Kerala Legislative Assembly

AYES—54.

1 Shri P. K. Abdul Khadir
2 „ K. C. Abraham
3 „ V. K. Achutha Menon
4 „ J. Alexander Parambithara
5 „ J. A. Bhatt
6 „ D. Anantharaman
7 „ M. A. Antony
8 „ K. K. Balakrishnan
9 „ T. O. Bava
10 „ M. Bhaskaran Nair
11 „ N. G. Chacko
12 „ A. C. Chacko
13 „ K. M. Chacko
14 „ K. M. Chandy
15 „ M. V. Cheriyan
16 „ A. Chidambaranatha Nadar
17 „ O. R. Chummar
18 „ T. T. Daniel
19 „ K. M. George
20 „ K. P. Gopala Menon
21 „ Panampilli Govinda Menon
22 „ K. P. Hormis
23 „ Idiculla Idiculla
24 „ A. J. John
25 „ V. J. Joseph
26 „ K. Karunakaran
27 „ P. Kesava Menon
28 Shri T. T. Kesavan Sastry
29 „ K. Kochukuttan
30 „ P. R. Krishnan
31 Dr. N. K. Kumaran
32 Shri A. Kunjan Nadar
33 Smt. T. C. Leela Devi Amma
34 Shri Manjanatha Prabhu
35 „ P. M. Markose
36 „ M. M. Mathai
37 „ C. A. Mathew
38 „ N. A. Noor Mohammed
39 „ R. Ponnappa Nadar
40 „ A. A. Rahim
41 Dr. A. R. Menon
42 Shri P. Ramaswami Pillai
43 „ P. J. Sebastian
44 „ V. V. Sebastian
45 „ S. Seshadrinatha Sarma
46 „ A. M. Simon
47 „ T. P. Sitaraman
48 „ P. Thanulingam Nadar
49 „ K. T. Thomas
50 Dr. P. T. Thomas
51 Shri K. I. Velayudhan
52 „ Kalathil Velayudhan Nair
53 „ M. William
54 „ A. A. D. Luiz

---

NOES—51.

1 Shri A. Achuthan
2 „ P. V. Avira Tharakan
3 „ C. C. Ayyappan
4 „ K. Balakrishnan
5 „ R. Balakrishna Pillai
6 „ B. B. Pandarathil
7 „ Prakkulam Bhasi
8 „ P. Bhaskaran Nair
9 Shri Thoppil Bhaskaran Pillai
10 „ N. Chandrasekharan Nair
11 „ K. Chandrasekhara Sastri
12 „ D. Damodaran Potti
13 „ T. K. Divakaran

LIBRARY ARCHIVES Kerala Legislative Assembly

14 Shri K. C. George
15 ,, P. Gopalan
16 Smt. K. R. Gouri
17 Shri Joseph Chazhikatt
18 ,, Joseph Mundassery
19 ,, C. Kochukunju
20 ,, Thalekkare K. Krishnan
21 ,, K. Krishna Pillai
22 ,, K. S. Krishnan Sastry
23 ,, P. K. Kunjachan
24 ,, P. Kunjan
25 ,, P. K. Kunju
26 ,, Kuttappan Koickal
27 ,, P. R. Madhavan Pillai
28 ,, T. A. Majeed
29 ,, K. Narayana Kurup
30 ,, P. Narayanan Potti
31 ,, P. S. Nataraja Pillai
32 ,, U. Neelakantan
33 ,, N. Neelakantaru Pandarathil
34 Srhi M. P. Menon
35 ,, V. P. Parameswaran Nambudiri
36 ,, R. Prakasam
37 ,, N. Raghava Kurup
38 ,, C. K. Ramachandran Nair
39 ,, P. Ravindran
40 ,, C. G. Sadasivan
41 ,, R. Sankaranarayanan Thampi
42 ,, K. A. Sivarama Bharathy
43 ,, V. Sridharan
44 ,, R. Sugathan
45 Dr. P. K. Sukumaran
46 Shri A. Thanu Pillai
47 ,, T. V. Thomas
48 ,, P. Viswambharan
49 ,, C. K. Viswanathan
50 ,, D. Vivekanandan
51 ,, P. K. Yasodharan

Neutral—1

SHRI T. S. RAMASWAMI :

The demand was passed. The grant was made.

*Chief Minister* (SHRI PANAMPILLI GOVINDA MENON): Sir, I move for a Supplementary grant of Rs. 18,300 under Demand No. IX—25. General Administration—(D) (a) (i)—Dearness Allowance.

*Minister for Health* (SHRI A. A. RAHIM): I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, 18300 രൂപയുടെ സപ്ലിമെന്ററി ഗ്രാന്റാണ് ഈ അഭ്യർത്ഥന. ഒറിജിനൽ ഡിമാൻഡ് 214700 രൂപയായിരുന്നു. അതു ബഡ്ജറ്റിന്റെ 65-ാമത്തെ പേജിൽ കാണാം. കൂടുതലായ 18300 രൂപ വേണ്ടിവന്നതു് ഡിയർനെസ്സ് അലവൻസ് കൂടുതൽ വന്നതുകൊണ്ടാണ്. ശമ്പളം കൂട്ടിയതുകൊണ്ട് ഡിയർനെസ്സ് അലവൻസ് കൂടുതൽ വന്നിട്ടുള്ളതാണ്. ഇതു് പാസ്സാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 18,300 be granted under Demand IX—25 General Administration (D) (a), (i) – Dearness Allowance, was put and carried.

The grant was made.

*Chief Minister* (SHRI PANAMPILLI GOVINDA MENON):

Sir, I move for a grant of Rs. 6,650 under Demand No. IX—25 General Administration (D) (a) (i) Local and other allowances.

*Minister for Health* (SHRI A. A. RAHIM): I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, പ്ലാനിംഗിന്റെ പ്രത്യേക പ്രവർത്തനങ്ങൾക്ക് നിയുക്തരായ ചില ഉദ്യോഗസ്ഥന്മാർക്ക് ലോക്കൽ അലവൻസ് മുതലായ അലവൻസുകൾ അനുവദിച്ചതുകൊണ്ട് കൂടുതൽ വന്നിട്ടുള്ളതാണ് ഈ തുക.

ശ്രീ. പ്രാക്കുളം ഭാസി: പ്ലാനിംഗ് കമ്മീഷന് ലോക്കൽ അലവൻസ് എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഒരു സാങ്കേതിക ശബ്ദമാണ്.

ശ്രീ. പ്രാക്കുളം ഭാസി: അതറിയാം. ഡൽഹിയിലെ താമസത്തിനുള്ള ചെലവാണോ എന്നാണ് ചോദിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. അതു് ലോക്കൽ അലവൻസിൽ പെടുന്നില്ല. അതു് ടി. എ.-യിലാണ് വരുന്നതു്.

ശ്രീ. പി. വിശ്വംഭരൻ: സർ, പ്ലാനിംഗ്കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചു നിയുക്തരായ ചില ഉദ്യോഗസ്ഥന്മാർക്ക് ലോക്കൽ അലവൻസ് മുതലായ അലവൻസുകൾ നൽകുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ സപ്ലിമെന്ററി ഡിമാന്റിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു. രണ്ടാം പഞ്ചവത്സരപദ്ധതി തുടങ്ങുന്നതിന് ഇനിയും മൂന്നാഴ്ചകൾ മാത്രമേയുള്ളു. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്ലാനിംഗ് പൂർത്തിയാക്കിക്കഴിഞ്ഞിട്ടില്ലെന്നാണ് മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ നിന്നും കാണുന്നതു്. അതു ശരിയാണെങ്കിൽ വളരെ അധികം ക്രമക്കേടുകൾ ഇതിൽ വന്നിട്ടുണ്ടെന്നുള്ള കാര്യം സഭയെ അറിയിക്കുവാനാണ് ഞാൻ ഇപ്പോൾ സംസാരിക്കാൻ എഴുന്നേറ്റതു്. ഇപ്പോഴത്തെ പ്ലാൻ തന്നെ പല കാര്യങ്ങളും നിഷേധിച്ചുകൊണ്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. രണ്ടാമത്തെ പദ്ധതിയുടെ ആസൂത്രണം സംബന്ധിച്ച് ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശസംഹിതയിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി മുതലായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തുടങ്ങി സ്റ്റേറ്റ് ഡെവലപ്മെന്റ് ബോർഡ് വരെയുള്ള സകല സ്ഥാപനങ്ങളും പ്ലാനിംഗ് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ച് എല്ലാ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതു് ഓരോ താലൂക്ക ലവലിലും ഡിസ്ട്രിക്റ്റ് ലവലിലും ക്രോഡീകരിക്കണമെന്നു



LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഡിസ്ട്രിക്റ്റ് പ്ലാൻ ക്രോഡീകരിക്കുവാനുള്ള സമയത്ത് ഗവൺമെന്റിൽ നിന്നും ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാരിൽനിന്നും സ്റ്റേറ്റ് പ്ലാനിന്റെ ഡിസ്ട്രിക്റ്റ് വാർ ബ്രേക്ക് അപ്പ് ലഭിച്ചില്ല. അതുകൊണ്ട് ഡിസ്ട്രിക്റ്റ് ഡവലപ്മെന്റ് കമ്മിറ്റികൾക്ക് പ്ലാനിനെ സംബന്ധിച്ച് അവരുടെ കൃത്യം നിർവഹിക്കുവാൻ സാധിച്ചില്ല.

തിരുവനന്തപുരം ഡിസ്ട്രിക്റ്റിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഈ ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കമ്മിറ്റിക്ക് പഞ്ചായത്തുകളുടേയും താലൂക്കുകമ്മിറ്റികളുടേയും നിർദ്ദേശങ്ങൾ വേണ്ടവിധത്തിൽ പരിശോധിക്കുന്നതിനുള്ള സന്ദർഭം ആദ്യഘട്ടത്തിൽ കിട്ടിയിട്ടില്ല. ആ കമ്മിറ്റി വെറും റബ്ബർ സ്റ്റാമ്പായിട്ടാണ് ഇവിടെ പ്രവർത്തിച്ചിരുന്നത് എന്നു മനസ്സിലാക്കാവുന്നതാണ്. അതിന്റെ കാരണം കാലാകാലങ്ങളിൽ ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാരും സെക്രട്ടറിയേറ്റിൽ അതിന്റെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്മാരും ഈ ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിയെ ഡിസ്ട്രിക്ട് ബ്രേക്ക് അപ്പ് അയയ്ക്കാതെ അതിനെ അവഗണിച്ചതുകൊണ്ടാണ്. ഇങ്ങനെ അവർ പ്രവർത്തിച്ചുവരികയും ഒടുവിൽ ഈ സ്കീമുകൾ പ്ലാനിംഗ് കമ്മീഷന് സമർപ്പിക്കേണ്ട സമയം കഴിഞ്ഞുപോയതുകൊണ്ട് ഇതെല്ലാം അംഗീകരിച്ചു തരണം എന്നുള്ള ഒരു അപേക്ഷ ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിയെ അറിയിക്കുകയും കമ്മിറ്റി അങ്ങനെ ചെയ്യുകയുമുണ്ടായി. അന്ന് അങ്ങനെ ചെയ്തപ്പോൾ രണ്ടാമത്തെ ഘട്ടത്തിൽ, അതായത് സംസ്ഥാനപദ്ധതിയുടെ കരട് ഗവൺമെന്റും പ്ലാനിംഗ് കമ്മീഷനും അംഗീകരിച്ചശേഷം അതിലെ പദ്ധതികളുടെ മുൻഗണന നിശ്ചയിക്കുവാനുള്ള അവസരം ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിക്ക് ലഭിക്കും എന്ന് പ്രതീക്ഷിച്ചിരുന്നു.

രണ്ടാമത്തെ ഘട്ടത്തിൽ പ്ലാനിംഗ് കമ്മീഷന്റെ ശുപാർശകൾ അനുസരിച്ചുള്ള സ്റ്റേറ്റിന്റെ ഡിസ്ട്രിക്ട് വാർ ബ്രേക്ക് അപ്പ് ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിക്കയയ്ക്കണമെന്ന് വ്യവസ്ഥയുള്ളതാണ്. അത് ഇതിനുമുൻപ് ചെയ്യേണ്ടതായിരുന്നു. ഇന്ന് റിവൈസ്ഡ് പ്ലാൻ എന്നു പറഞ്ഞ് അച്ചടിച്ച പുസ്തകങ്ങൾ ഞങ്ങൾക്കെല്ലാം കിട്ടിയിരിക്കുന്നു. ഈ ഘട്ടകാലത്തായി ബഡ്ജറ്റിൽ അതിലേക്കുള്ള തുകകൾ കൊള്ളിച്ചിരിക്കുന്നു. ഇതെങ്ങനെ നടന്നു. ഈ പ്ലാനുകൾ ഡിസ്ട്രിക്ട് കമ്മിറ്റികൾക്കയച്ചു അവരോടാലോചിച്ചു പ്രയോറിറ്റി നിശ്ചയിക്കുകയോ മറ്റു യാതൊന്നും അന്വേഷിക്കുകയോ ചെയ്യാതെയാണ് അതിലേയ്ക്കുള്ള തുക ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നത്. അങ്ങനെ ചെയ്യാനുള്ള കാരണം എന്താണെന്നാണ് ഞങ്ങൾക്കറിയേണ്ടത്. ഗവൺമെന്റിനും മന്ത്രിസഭയ്ക്കും അവർക്കിഷ്ടം ഉള്ളതുപോലെ അവർക്കാവശ്യമുള്ളിടത്തു മാത്രം വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി രൂപീകരിക്കുവാനുള്ളതാണോ ഈ പ്ലാൻ എന്നാണ് ഞങ്ങൾക്കു ചോദിക്കുവാനുള്ളത്.

തിരുവനന്തപുരം ഡിസ്ട്രിക്ടിനെ സംബന്ധിച്ചടത്തോളമാണ് ഞാൻ പറഞ്ഞത്. കൊല്ലം ഡിസ്ട്രിക്ടിൽ ഇതിന്റെ ആദ്യഘട്ടത്തിൽ അവിടത്തെ ഡിസ്ട്രിക്ട് കമ്മിറ്റിയുമായി ചില ചർച്ചകൾ നടന്നിട്ടുണ്ടെന്നാണ് എന്റെ അറിവ്. എന്നാൽ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

പ്ലാനുകളെ സംബന്ധിച്ച ചർച്ചചെയ്ത ക്രോഡീകരിക്കാൻ ഒരു ഘട്ടത്തിലും സമയം തരാതെ ഈ തിരുവനന്തപുരം ഡിസ്ട്രിക്ടിനെ അങ്ങേയററം അവഗണിക്കുന്നതിനുള്ള മനഃപൂർവമായ വിചാരം ഈ ഗവണ്മെൻറിനുണ്ട്. ഇന്നലെ കൂടിയ ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ കമ്മിററിയിൽ ഇതേസംബന്ധിച്ച് ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും കാര്യങ്ങളാണ് എനിക്ക് ഈ സഭയെ അറിയിക്കുവാനുള്ളത്. അതുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ച് മുഖ്യ മന്ത്രി ഒരു വിശദീകരണം നൽകണമെന്നാണ് എനിക്കു പറയുവാനുള്ളത്.

**ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:** സർ, ഈ ഉപധനാഭ്യർത്ഥനയ്ക്ക് ശ്രീ. വിശ്വംഭരൻെറ വിശ്വംപോലെ പരന്ന കാര്യങ്ങൾ വഹിക്കാനുള്ള ശക്തിയുണ്ടോ എന്ന് എനിക്കു സംശയമുണ്ട്. കാരണം ഇതു ലോക്കൽ അലവൻസിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ഉപധനാഭ്യർത്ഥനയാണ്. എങ്കിലും ഈ അവസരത്തിൽ എനിക്കു പറയാനുള്ളതു് ഇതൊന്നും ഫൈനലൈസ് ചെയ്തിട്ടുള്ളതു് മന്ത്രിസഭ തൻ ഇഷ്ടം അനുസരിച്ചല്ല എന്നുള്ളതാണ്. ഇവിടെ ഒരു സ്റ്റേററ അഡ്വൈസറി കമ്മിററിയുമായി ഓരോ ഘട്ടത്തിലും ഈ പ്ലാനുകളെപ്പററി ഡിസ്കസ്സുചെയ്ത്, അവർക്ക് പറയാനുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേട്ട് അതനുസരിച്ച് ഭേദഗതിചെയ്ത തയ്യാറാക്കിയിട്ടുള്ളതാണ്. സ്റ്റേററ അഡ്വൈസറി കമ്മിററി മുൻഗവണ്മെൻറ് കാൺസ്റ്റിററ്യൂട്ട് ചെയ്തിട്ടുള്ളതാണ്. മുൻ ഗവണ്മെൻറുണ്ടാക്കിയ സ്റ്റേററ് അഡ്വൈസറി കമ്മിററിയിൽ കൂടുതൽ പ്രാതിനിധ്യം ഉണ്ടാക്കുന്നതിനുവേണ്ടി ഈ കമ്മിററി കൂടിയ സന്ദർഭങ്ങളിലെല്ലാം മുൻ മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ള അവർകളും മുൻ ധനകാര്യമന്ത്രി ശ്രീ. നടരാജപിള്ള അവർകളും ഹാജരാകുന്നതിനുവേണ്ടി ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ക്ഷണിച്ചിട്ടുള്ള അംഗങ്ങളുടെ അഭിപ്രായങ്ങളെല്ലാം കേട്ടാണ് ഇതിനു പൂർണ്ണരൂപം കൊടുത്തിരിക്കുന്നതു്. പല പ്രധാനപ്പെട്ട പ്രവർത്തനങ്ങളും വളരെ ആലോചിച്ച് ചെയ്തിട്ടുള്ളതാണ്.

അതല്ലാത്ത കാര്യങ്ങളിൽ വളരെ നീതിയും ന്യായവുമായുള്ള വിധത്തിൽ ഡിസ്ട്രിക്ററും താലൂക്കും കമ്മിററികളോടാലോചിച്ച് കഴിയുന്നതും ന്യായമായി വിഭാവന ചെയ്യണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളതു്. ഇതേ സംബന്ധിച്ച് ഓരോ ഡിസ്ട്രിക്ടിലും പരാതിയാണ്. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ശ്രീ. കെ. എം. ജാർജ് പരാതിപ്പെടുകയുണ്ടായി കോട്ടയം ഡിസ്ട്രിക്ടിൽ വേണ്ടിടത്തോളം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ലാ എന്ന്. മുമ്പൊരവസരത്തിൽ ചെങ്ങന്നൂർ മെംബർ സി. കെ. രാമചന്ദ്രൻ നായർ പറയുകയുണ്ടായി കൊല്ലം ഡിസ്ട്രിക്ടിൽ വേണ്ടിടത്തോളം ചെയ്തിട്ടില്ലാ എന്ന്. ഇന്ന് ശ്രീ. വിശ്വംഭരൻ പറയുന്നു തിരുവനന്തപുരം ഡിസ്ട്രിക്ടിൻെറ കാര്യം അവഗണിച്ചിരിക്കുന്നു എന്ന്. തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഒന്നും ചെയ്തില്ലാ എന്ന് പത്രങ്ങളുമെല്ലാം പറയുന്നു. ഇതു കാണുമ്പോൾ എനിക്ക് ഒന്നിലധികം ഭാര്യമാരുള്ള ഭാഗ്യഹീനന്മാരുടെ കാര്യമാണ് ഓർമ്മയിൽ വരുന്നതു്. അവർ ഓരോരുത്തരും വന്ന് എന്നെ സ്വീകരിച്ചില്ല, എന്നെ അനുകൂലിച്ചില്ല, എന്നെ സഹായിച്ചില്ല എന്ന് ആക്ഷേപങ്ങൾ പറയും. ഇങ്ങനെ എല്ലാവരും പറയുന്ന സ്ഥിതിക്ക് എല്ലാവരോടും നീതികാണിച്ചിട്ടുണ്ടെന്ന് തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും ഏതെങ്കിലും വിധത്തിലുള്ള പിശകുകൾ ശേഷിച്ചിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പറോ മറ്റേതെങ്കിലും ബഹുമാനപ്പെട്ട മെമ്പറോ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം ഏററവും നീതിപൂർവ്വമായ വിധത്തിൽ ഈ കാര്യങ്ങളിൽ തീരുമാനമുണ്ടാക്കുന്നതിന് ഗവണ്മെന്റ് ഒരുക്കമാണ്. അതുകൊണ്ട് ശ്രീ. വിശ്വംഭരൻ ഇതിനെ എതിർക്കരുത് എന്നും ഇതു പാസ്സാക്കണമെന്നും അപേക്ഷിക്കുന്നു.

ശ്രീ പി. വിശ്വംഭരൻ: ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിററികൾക്ക് ചർച്ചയ്ക്കായി അയച്ച പ്രയാറിററി നിശ്ചയിക്കുന്നതിനുള്ള അധികാരം അവർക്ക് നൽകണമെന്നാണോ പറയുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് റൂൾ അനുസരിച്ചു ചെയ്യാം.

The question that a supplementary sum not exceeding Rs. 6,650 be granted under Demand No. IX—25 General Administration—(D) (a) (i) Government Secretariat—Local and other allowances, was put and carried.

The grant was made.

*Chief Minister* (SHRI PANAMPILLI GOVINDA MENON): Sir, I move for a grant of Rs. 9,000 under Demand IX—25 General Administration (D) (a) (i) Travelling Allowance.

*Home Minister* (SHRI A. J. JOHN): I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഡ്ജററിൽ ട്രാവലിംഗ് അലവൻസിനുവേണ്ടി അൻപതിനായിരം രൂപയാണ് കൊള്ളിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഒൻപതിനായിരം രൂപാകൂടി കൂടുതൽ വേണ്ടിവന്നു. അതിനുള്ള കാര്യങ്ങൾ ഞാൻ പറയാം. ഈ സാലറി റിവിഷൻകൊണ്ട് ചില ഉദ്യോഗസ്ഥന്മാരുടെ ടി. ഏ., ഡി. ഏ., ഇവ കൂടിയിട്ടുണ്ട്. അതായത്, ഒരു ക്ലാസ്സിൽനിന്ന് വേറെ ഒരു ക്ലാസ്സിലേക്ക് ഉയരുമ്പോൾ അവരുടെ ടി. ഏ. യും, ഡി. ഏ. യും കൂടും. കൂടാതെ പി. എസ്. എസ്. സ്കീം അനുസരിച്ചുള്ള കണക്കുകളും മററും പരിശോധിക്കുന്നതിനായി കൺട്രോളർ ആഫീസിൽനിന്നും ഒരു സ്റ്റാഫിനെ എടുത്തു. അവരെ എടുത്തത് 1955 ആഗസ്റ്റ് മാസത്തിലാണ്. ആ സ്റ്റാഫിന്റെ ടി. ഏ. വകയ്ക്കായി കണക്കാക്കിയിരിക്കുന്ന തുകയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ 1954-ൽ ദേവസ്വംബോർഡിലെ തെരഞ്ഞെടുപ്പിനു ഹിന്ദു എം. എൽ. ഏ. മാർ വരികയുണ്ടായി. അവരുടെ ടി. ഏ. ഇപ്പോഴത്തെ ബഡ്ജററിൽ വകകൊള്ളിച്ച് അതു കൊടുക്കേണ്ടതായിവന്നു.

പിന്നീട് പ്ലാനിംഗ് കമ്മീഷനുമായി ചർച്ചകൾ നടത്തുന്നതിനായി നമ്മുടെ രാജ്യത്തെ മിക്ക സെക്രട്ടറിമാരും മിക്ക ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാരും പോകേണ്ടതായി വന്നിട്ടുണ്ട്. പ്ലാനിംഗ് കമ്മീഷൻ ഒന്നോ രണ്ടോ ദിവസംകൊണ്ട് ചർച്ചകൾ നടത്താമെന്നും വേണ്ടിടത്തോളം ഉദ്യോഗസ്ഥന്മാരുമായി ഡൽഹിയിൽ എത്തണമെന്നുമാണ് നിർദ്ദേശമുണ്ടായിരുന്നത്. അങ്ങനെ പോയതുകൊണ്ട് ബഡ്ജററ് തയ്യാറാക്കിയപ്പോൾ കണക്കാക്കിയതിൽ കൂടുതൽ ചെലവുവന്നു. അതിലേക്കുവേണ്ടി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

യുമാണ് പിന്നീട് മനിസിപ്പൽ എലക്ഷൻ നടന്നതിലേക്ക് ഒരു സ്പെഷ്യൽ ആഫീസറെയും സ്റ്റാഫിനെയും നിയമിച്ചതു്. അതിനു കൂടുതൽ ചെലവുവന്നിട്ടുണ്ട്. ഇത്രയും തുക 50000 രൂപയല്ല പുറമെ ഒൻപതിനായിരം രൂപാ സപ്ലിമെന്ററി ഗ്രാന്റായി ചോദിച്ചിട്ടുള്ളതാണ്. അതു് വോട്ടുചെയ്തുതരാൻ അപേക്ഷിക്കുന്നു.

The question that a supplementary sum not exceeding Rs. 9,000 be granted under Demand IX—General Administration—(D) (a) (i) Travelling Allowance, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): Sir, I move for a grant of Rs. 8,000 under Demand No. IX—25 D (a) (ii) Law Department—Pay of Officers.

*Chief Minister* (SHRI PANAMPILLI GOVINDA MENON) I second it.

ശ്രീ. എ. ജെ. ജോൺ: സർ, മൂന്നു് ഐറ്റമാണ് ഇതിൽ പ്രധാനമായി ചേർത്തിരിക്കുന്നതു്. കുറെ വർഷങ്ങൾക്കു മുമ്പു കൊച്ചിയിൽ സിവിൽ സ്റ്റേഷനിൽ മാനേജ്മെന്റിന്റെ പേരിൽ ഒരു കേസ്സ് എടുക്കുകയുണ്ടായി. ലാ ഡിപ്പാർട്ടുമെന്റിലെ അസിസ്റ്റന്റ സെക്രട്ടറി ആയിരുന്ന ഒരു കേശവൻ നമ്പൂതിരിയെ ആ കേസിനെ ആസ്പദമാക്കി സസ്പെന്റു ചെയ്യുകയുണ്ടായി. അതു സംബന്ധിച്ചു് പിന്നീട് കേസ്സു നടക്കുകയും അതു് സുപ്രീം കോടതിവരെ പോകുകയും ചെയ്തു. ആ കാലഘട്ടത്തിലെല്ലാം ഈ ഉദ്യോഗസ്ഥൻ സസ്പെൻഷനിൽ നിൽക്കുകയായിരുന്നു. ഒടുവിൽ ഹൈക്കോടതിയുടെ വിധി അനുസരിച്ചു അദ്ദേഹം നിരപരാധിയാണെന്നും അദ്ദേഹത്തിന്റെ സസ്പെൻഷൻ കാലത്തു് അദ്ദേഹത്തിനു ചെല്ലുവാനുള്ള ശമ്പളവും അലവൻസും ഇനത്തിൽ കൊടുക്കേണ്ടതു് കഴിച്ചു ബാക്കി ഉള്ളതും കൊടുക്കേണ്ടതു് ആവശ്യമായി തീർന്നു. കൊച്ചിയിലെ സി. എസ്. ആർ. ആർട്ടിക്കിൾ 90 അനുസരിച്ചു് ശമ്പളത്തിന്റെ മൂന്നിലൊന്നു ഭാഗം കൊടുത്തുകൊണ്ടിരുന്നു. അതിനു ശേഷം 7332 രൂപാ ശമ്പളത്തിലും 1968 രൂപാ ഡി. എ. ഇനത്തിലും കൊടുക്കേണ്ടതായി വന്നു.

രണ്ടാമതായിട്ടുള്ളതു് ലാന്റ റിഫാംസു സംബന്ധിച്ചു ഒരു സൂപ്രണ്ട്, ഒരു അപ്പർ ഡിവിഷൻ ക്ലാർക്ക്, രണ്ടു ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുകൾ, ഒരു പ്യൂൺ ഇവരെ നിയമിച്ചു. ഇവർ കഴിഞ്ഞ ഡിസംബർ അവസാനംവരെ ജോലി ചെയ്തിരുന്നു. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ അവർക്കു് വക കൊള്ളിച്ചിരുന്നില്ല.

പിന്നീട് ലാ ഡിപ്പാർട്ടുമെന്റിൽ ഒരു അസിസ്റ്റന്റ സെക്രട്ടറിയെ ലീഗൽ ട്രെയിനിംഗിനായി ഡൽഹിയിൽ അയച്ചു. അതു ആറു മാസക്കാലത്തേയ്ക്കായിരുന്നു. അതിലേക്കു് ബഡ്ജറ്റിൽത്തന്നെ 6600 രൂപാ ലംപ്സം ആയി കൊള്ളിച്ചിരുന്നു. അതിന്റെ ബാക്കി ഭാഗം കൊടുക്കുന്നതിലേയ്ക്കുംകൂടിയാണ് ആകെ 8000 രൂപാ കൊള്ളിച്ചിട്ടുള്ളതു്. അതു് അനുവദിച്ചുതരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. മേനോൻ: ഈ ഡിമാൻറിനെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾ പറയണമെന്നു ഞാൻ വിചാരിക്കുന്നു. വിശദാംശപ്പോലെ പരന്ന കാര്യമൊന്നുമല്ല. പക്ഷെ, പനപോലെയോ പള്ളിപോലെയോ ഉയർന്നതായ പ്രശ്നങ്ങൾ ഇതിലുണ്ട്. സർക്കാർ സർവ്വീസിൽ അഞ്ചാറുകൊല്ലക്കാലം സസ്പെൻഷനിൽനിന്ന ഒരുദ്യോഗസ്ഥന്, അഞ്ചാറുകൊല്ലത്തിനുശേഷം, സസ്പെൻഷൻകാലത്തെ മുഴുവൻ ശമ്പളവും അനുവദിക്കാനാണ് ഈ ധനാഭ്യർത്ഥന. സർക്കാർ സർവ്വീസിലുള്ള ആളുകളെ സംബന്ധിച്ച പരാതികൾ ഉണ്ടാകുമ്പോൾ അതിനു ഈ മാതിരിയുള്ള പ്രവർത്തനങ്ങൾ കൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ സുപ്രസിദ്ധമോ പ്രസിദ്ധമോ ആയ സീതാറാം മിൽ കരിഞ്ചന്തക്കേസിനെ സംബന്ധിച്ചാണ് ഈ ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്തതു്. അതിൽ പലരും ഉൾപ്പെട്ടിരുന്നു. അതിനോടനുബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റീസുവരെയുള്ള പല വ്യക്തികളും ബന്ധപ്പെട്ടിരുന്നതായിട്ടാണ് ഞങ്ങൾ കേട്ടിരുന്നതു്. വേറെ ചില പ്രമാണികളൊക്കെ യോഗ്യന്മാരായി രക്ഷപ്പെട്ടു. ഒടുവിൽ ഈ ഉദ്യോഗസ്ഥന്റെ പേരിലുള്ള കുററം പോലും സ്ഥാപിക്കാൻ പ്രാസിക്യൂഷനോ നിയമവകുപ്പിനോ സാധിച്ചില്ല.

ആ വകുപ്പുകളുടെ പ്രവർത്തനത്തെപ്പററി ഇവിടെ പറയുന്നതു സംഗതമല്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. പക്ഷെ ഒരു ഉദ്യോഗസ്ഥന്റെ പേരിൽ എന്തെങ്കിലും ആക്ഷേപമുണ്ടായാൽ നാലും അഞ്ചും കൊല്ലക്കാലം ഒരു തീരുമാനവുമെടുക്കാതെ നിറുത്തി എന്നു പറഞ്ഞാൽ അതു് അനാവശ്യമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു തീരുമാനമുണ്ടാകുന്നതിനു് സുപ്രീംകോടതിവരെ പോയി എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ പ്രത്യേക ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിയിൽനിന്നുതന്നെ അയാൾ നിരപരാധിയാണെന്നു പറഞ്ഞിട്ടുണ്ടെന്നാണ് അറിയുന്നതു്. അതു കഴിഞ്ഞിട്ട് വർഷം കുറെയായി. വളരെ വർഷങ്ങൾക്കു മുമ്പ് ഹൈക്കോടതി വിധി ഉണ്ടായിട്ടും സസ്പെൻഷനിൽ നിൽക്കുകയായിരുന്നു. ഉദ്യോഗസ്ഥന്റെ പേരിൽ എന്തെങ്കിലും കുററം കണ്ടുപിടിക്കുകയോ മററോ ചെയ്താൽ സസ്പെൻറു ചെയ്യാം. പക്ഷെ തുടർന്നുള്ള നടപടികളും വളരെ വേഗം നടത്തണം. അയാൾ കുററക്കാരനാണെന്നു കണ്ടാൽ സർവ്വീസിൽനിന്നു പിരിച്ചുവിടുകയും പ്രാസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും വേണം. അഞ്ചും ആറും കൊല്ലങ്ങൾ കഴിഞ്ഞശേഷം നിരപരാധിയാണെന്നു റിപ്പോർട്ടുചെയ്യുന്നതിൽ അർത്ഥമില്ല. ഈ രീതിയിൽ അന്വേഷണം നടത്തിയതുകൊണ്ട് പ്രയോജനമില്ലെന്നു മാത്രമല്ല, നാലും അഞ്ചും കൊല്ലക്കാലത്തേയ്ക്കുള്ള കുടിശ്ശിക ശമ്പളവും പേക്കമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള ശമ്പളക്കൂടുതലും കൊടുക്കുന്നതോടെ പ്രാസിക്യൂഷന്റെ പേരിൽ ഒരു തുക ചിലവാകാമെന്നതിൽ കവിഞ്ഞ് യാതൊന്നും സംഭവിക്കാൻ പോകുന്നില്ല. ഇതുമൂലം സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതികൾ കുറയുകയില്ല. അഴിമതികൾ കുറയണമെങ്കിൽ ഫലപ്രദമായി അന്വേഷണങ്ങൾ നടത്തി വളരെ വേഗം തീരുമാനമെടുക്കണം. ഇപ്പോൾ കൂടിവന്നാൽ ഒരു സസ്പെൻഷൻ മാത്ര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

മാണ് സംഭവിക്കുന്നത്. തിരിച്ചുവരുമ്പോൾ ക്ലാർക്കായിരുന്നതും സുപ്രണ്ടായിട്ടു പോകും. ഈ രീതിയിലുള്ള കാലതാമസം ഒരിക്കലും അനുവദനീയമല്ല.

1955 ഡിസംബർവരെ ഇവിടെ ഒരു പ്രത്യേക ലാൻഡ് റിഫോംസ് സെക്ഷൻ വച്ചിരുന്നു എന്നുകാണുന്നു. ലാൻഡ് ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചു. ചിലതെല്ലാം പാസ്സായി. ചിലതെല്ലാം സെലക്ട്കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കയുമാണ്. ലാൻഡ്ബില്ലുകൾ നിയമസഭയിൽ ഹാജരാക്കിയതിന്റെ പേരിൽ ഒരു പ്രത്യേക സെക്ഷൻ നിലനിറുത്തി എന്നു പറയുന്നതിന്റെ ഔചിത്യം എനിക്കു മനസ്സിലാകുന്നില്ല. സെലക്ട്കമ്മിറ്റിയിൽ ചർച്ചകൾ നടത്തുന്നതുകൊണ്ട് സെക്രട്ടറിയേറ്റിലെ ലാ ഡിപ്പാർട്ടുമെന്റിൽ പ്രത്യേക ജോലിയൊന്നും ഉണ്ടാകുന്നില്ല. ഇവിടെ ഹാജരാക്കപ്പെട്ട ബില്ലുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിൽ വിശേഷപ്പെട്ട ഡ്രാഫ്റ്റിംഗ് ഒന്നും ഇല്ല. മുമ്പുണ്ടായിരുന്ന ചില നിയമങ്ങൾ പകർത്തിയെഴുതുകയാണ് ചെയ്തിട്ടുള്ളത്. കാണം ടെനൻസി ആക്റ്റ് ഇവിടെ പാസ്സാക്കി. അതാണെങ്കിൽ തിരുവിതാംകൂറിൽ നിലവിലിരുന്ന ജന്മികുടിയാൻ നിയമം പകർത്തിയെഴുതിയതാണ്. അതിൽ ഒരു പുതുമയും ഇല്ല. ഈ നിയമങ്ങളെല്ലാം രണ്ടു സ്റ്റേറ്റുകളിൽ പ്രത്യേകം പ്രത്യേകമുണ്ടായിരുന്നത് ഒന്നിച്ചു ചേർത്തിട്ടുള്ളതാണ്. പകർത്തി എഴുതാൻ മാത്രമായി ഒരു പ്രത്യേക സെക്ഷൻ സൃഷ്ടിച്ച് ഒന്നിൽചില്വാനം കൊല്ലം തുടരേണ്ട ആവശ്യമുണ്ടായിരുന്നില്ല. ആ നിലയിൽ ഒരനാവശ്യ ചിലവാണ് അക്കാര്യത്തിൽ നേരിടേണ്ടിവന്നതെന്ന് എനിക്കു തോന്നുന്നു.

The question that a supplementary sum not exceeding Rs. 8,000 be granted under Demand No. IX 25-D (a) (ii) Law Department—Pay of officers was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): Sir, I move for a grant of Rs. 4,000 under Demand IX 25-D (a) (ii) Law Department-Dearness Allowance.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 4,000 be granted under Demand No. IX. 25-D (a) (ii) Law Department—Dearness Allowance, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): Sir, I move for a grant of Rs. 3,000 under Demand No. IX 25-D (a) (ii) Law Department—Travelling Allowance.

*Minister for Health* (SHRI A. A. RAHIM): I second it.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 3,000 be granted under Demand No. IX 25-D (a) (ii) Law Department—Travelling Allowance, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): Sir, I move for a grant of Rs. 4,500 under Demand IX 25-D (a) (iii) General Administration—Finance Department—Pay of Officers.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

ശ്രീ. പി. വിശ്വംഭരൻ: ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു. ഈ ഡിമാൻറിനും തുടർന്നുള്ള രണ്ടുമൂന്നു ഡിമാൻറിനുംകൂടി ചേർത്താണ് നോട്ടെഴുതിയിരിക്കുന്നത്.

"Therefore the appointment of the above staff was not anticipated at the time of the preparation of the budget."

എന്നു പറഞ്ഞിരിക്കുന്നു. ബഡ്ജററിനുശേഷം എന്തടിയന്തിര പരിതഃസ്ഥിതികളാണ് ഉണ്ടായിട്ടുള്ളതെന്ന് ഇതിൽ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയും അതിനൊരു വിശദീകരണം നൽകിയില്ല. ഇതിൽനിന്നും മനസ്സിലാകുന്നത് ഒരു ജായിൻറ ഫിനാൻസ് സെക്രട്ടറി, രണ്ട് സൂപ്രണ്ടന്മാർ, മൂന്ന് അപ്പർ ഡിവിഷൻ ക്ലാർക്കന്മാർ, അഞ്ച് ലോവർ ഡിവിഷൻ ക്ലാർക്കന്മാർ, രണ്ട് ടൈപ്പിസ്ററ്, പത്ത് ശിപായിമാർ എന്നിവരെ നിയമിച്ചിരിക്കുന്നു എന്നാണ്. ഇതിനൊരു വിശദീകരണം ആവശ്യമാണ്. ഏതു സെക്ഷനിലാണ് ജോലിക്കൂടുതൽ ഉണ്ടായതെന്ന് അറിയേണ്ടിയിരിക്കുന്നു. ഈ ഫിനാൻസ് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവിടത്തെപ്പോലെ ഫയൽ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്ന മറെറാരു ഡിപ്പാർട്ടുമെൻറും ഇല്ലെന്നുവേണം പറയാൻ. അവരെക്കൊണ്ട് കൊള്ളരുതാത്തതുകൊണ്ടാണെന്നു ഞാൻ പറയുന്നില്ല. മാർച്ചുമാസമാകുമ്പോൾ കോടിക്കണക്കിനു രൂപ അവർ അനുവദിച്ചുകൊടുക്കുന്നുണ്ട്. ഏതു ഇനത്തിലുള്ള ചിലവായാലും തരക്കേടില്ല, മാർച്ചുമാസത്തിൽ കോടിക്കണക്കിനു അനുവദിക്കാൻ അവർക്കു കഴിയുന്നുണ്ട്. നേരെമറിച്ച് ഏപ്രിൽ മുതൽ ചെലവുചെയ്യാനുള്ള സൗകര്യം ഡിപ്പാർട്ടുമെൻറുകൾക്ക് കൊടുത്തിരുന്നുവെങ്കിൽ ഇന്ന് ഈ രാജ്യത്തുള്ളതെന്ന കുഴപ്പങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല. കയർ, കൈത്തറി മുതലായ വ്യവസായങ്ങൾക്കുവേണ്ടി നിയമസഭ പണം പാസ്സാക്കിക്കൊടുത്താൽ അതു ഫിനാൻസ് ഡിപ്പാർട്ടുമെൻറ് അനുവദിച്ചാലേ ചെലവുചെയ്യാൻ അനുവദിക്കയുള്ളു എന്നൊരു നിർബന്ധം കാണുന്നുണ്ട്. ഇപ്പോൾ ഒരു ഫൈനാൻസ് സെക്രട്ടറിയും രണ്ട് ജോയിൻറ സെക്രട്ടറിമാരും ഉള്ളതായി കാണുന്നു. ഈ പുതിയ നിയമനം എന്തിനാണെന്നു മനസ്സിലാകുന്നില്ല. ഒരു പ്രത്യേക വ്യക്തിയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി ഇങ്ങനെ ഒരു ഉദ്യോഗം സൃഷ്ടിച്ചു എന്നാണ് കേൾക്കുന്നത്. അതായത്, ഒരാളെ ഐ. എ. എസ്സ്. കേഡറിൽ എത്തിക്കേണ്ട ആവശ്യം ഇന്നത്തെ മന്ത്രിസഭക്കുണ്ടായിരുന്നു എന്നാണ് കേൾക്കുന്നത്. ഐ. എ. എസ്സിലെ നിർദ്ദിഷ്ടയോഗ്യതകൾ അദ്ദേഹത്തിനില്ലം

[ശ്രീ. പി. വിശ്വംഭരൻ]

തിരുന്നതുകൊണ്ട് അതിൽ അദ്ദേഹത്തെ ഉൾപ്പെടുത്താൻ നിവൃത്തിയില്ലായിരുന്നു. അതുകൊണ്ട് ഇങ്ങനെ ഒരു ഉദ്യോഗം സൃഷ്ടിച്ച് അദ്ദേഹത്തെ അതിലേക്ക് പ്രമോട്ടു ചെയ്തു എന്നാണ് അറിയുന്നത്.

ശ്രീ. പ്രാക്കുളം ഭാസി: ആ ഉദ്യോഗസ്ഥനെ ഐ. എ. എസ്സ്. കേഡറിൽ പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. വിശ്വംഭരൻ: ഇപ്പോൾ ഐ. എ. എസ്സ്. കേഡറിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നുവെന്ന് പത്രറിപ്പോർട്ടുകളിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഇങ്ങനെയുള്ള ആവശ്യത്തിനുവേണ്ടി പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചു നിയമനം നടത്തുന്നതിനെ ഞങ്ങൾക്ക് അനുകൂലിക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ശ്രീ. വിശ്വംഭരൻ പറഞ്ഞ കാര്യങ്ങളോടു യോജിച്ചുകൊണ്ട് ചിലതു ഞാനും പറയാനാഗ്രഹിക്കുന്നു. ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് നമ്മുടെ ഡിപ്പാർട്ടുമെന്റുകളിൽ വച്ച് വളരെ പ്രാധാന്യമുള്ള ഒരു ഡിപ്പാർട്ടുമെന്റാണ്. ബഡ്ജററ് ഉണ്ടാക്കുന്ന കാര്യത്തിൽ ആയാലും മററു ഡിപ്പാർട്ടുമെന്റുകളിൽനിന്നും ആവശ്യപ്പെടുന്ന കാര്യങ്ങളിലായാലും അതിന്മേൽ കത്തി വയ്ക്കുന്നതിനും അനുവദിക്കുന്നതിനും ജാഗ്രതയോടുകൂടി ഫൈനാൻസ് ഡിപ്പാർട്ടുമെന്റ ഇരിക്കുന്നു എന്നാണ് പൊതുവേ മനസ്സിലാക്കുന്നത്. വളരെ അത്യാവശ്യമായിട്ടുള്ള കാര്യങ്ങൾപോലും ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷൻമൂലം നടത്താൻ കഴിയുന്നില്ലെന്നുള്ള പരാതികൾ പൊതുജനങ്ങളുടെ ഇടയിൽനിന്നും മററും കേൾക്കാറുണ്ട്. ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷന്മാർ വളരെ നിഷ്ക്കർഷയോടുകൂടി തയ്യാർ ചെയ്യുന്ന ബഡ്ജററുകളിൽപ്പോലും നാട്ടിലെ സാമ്പത്തിക സ്ഥിതിയെ പരിഗണിച്ച് ആവശ്യമായ നിയന്ത്രണങ്ങൾ വരുത്തുന്നതിന് ചുമതലപ്പെട്ട ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ഒരു ബഡ്ജററു വർഷത്തിന്റെ ഇടക്കാലഘട്ടത്തിൽ ഇതുപോലെയുള്ള നിയമനങ്ങൾ നടത്തുന്നതിന് ഇടയായ സാഹചര്യം എന്താണെന്നു മനസ്സിലാകുന്നില്ല. കഴിഞ്ഞ ബഡ്ജററ് രൂപീകരണത്തിനുശേഷം ഒരു ജായിന്റ ഫൈനാൻസ് സെക്രട്ടറിയേയും രണ്ടു സൂപ്രണ്ടുമാരെയും മൂന്നു അപ്പർ ഡിവിഷൻ ക്ലാർക്കുമാരെയും അഞ്ച് ലോവർ ഡിവിഷൻ ക്ലാർക്കുമാരെയും രണ്ട് ടൈപ്പിസ്ററുകളേയും പത്ത് പ്യൂൺമാരെയും നിയമിച്ച് ഒരു വമ്പിച്ച വിഭാഗം ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ സൃഷ്ടിക്കത്തക്കവിധം എന്തു ജോലി കൂടുതൽ ഉണ്ടായി എന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയിൽനിന്നും അറിയാൻ കഴിഞ്ഞില്ല. മാത്രമല്ല, ഈ നിയമനത്തിന്റെ പേരിൽ ക്യാബിനററിൽതന്നെ ചില മന്ത്രിമാർ ഭിന്നിച്ചിരുന്നു എന്നു കേൾക്കുന്നതിനും ഇടയായിട്ടുണ്ട്. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും എന്നാണ് ഈ പ്രൊപ്പോസൽ വന്നതെന്നും അതിനുശേഷം എത്ര ദിവസം കഴിഞ്ഞതാണ് ഓർഡർ പാസ്സാക്കിയിട്ടുള്ളതെന്നും ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിക്കുന്നതു നന്നായിരിക്കുമെന്ന് എനിക്കഭിപ്രായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്തെന്നാൽ ഒരു ക്ലാർക്കോ ഒരു പ്യൂണോ ആവശ്യമാണെന്നു ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്മാർ എഴുതി അയച്ചാൽ നിരാകരിക്കുന്ന ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് ഈ നിർദ്ദേശം കൊണ്ടുവന്നതു് ആവശ്യമെന്നതിനേക്കാൾ കൂടുതലായി മററു ചില പ്രേരണകൾക്കു വശംവദമായിട്ടാണെന്നാണു് കേട്ടിട്ടുള്ളതു്. ശ്രീ. വിശ്വംഭരൻ ഇവിടെ അതു പ്രസ്താവിക്കുകയും ചെയ്തു. ഇവിടത്തെ ഐ. എ. എസ്സ്. നിയമനകാര്യങ്ങളിൽ പലപ്പോഴും പല കുംഭകോണങ്ങളും നടക്കുന്നതായി കേട്ടിട്ടുണ്ടു്. ഈ നിയമസഭയിൽത്തന്നെ അതിനെപ്പററി സംസാരമുണ്ടായിട്ടുണ്ടു്. യഥാർത്ഥത്തിൽ അർഹതയുള്ള ഉദ്യോഗസ്ഥന്മാർക്കു് നിയമനം ലഭിക്കുന്നില്ലെന്നു് സെക്രട്ടറിയേററിലെ ഉയർന്ന തരത്തിലിരിക്കുന്ന സെക്രട്ടറിമാരിൽനിന്നുതന്നെ പരാതികൾ ഉണ്ടായിട്ടുണ്ടു്. രാഷ്ട്രീയ രംഗത്തും ഇക്കാര്യം ചർച്ചാവിഷയമായിട്ടുണ്ടു്. ഇപ്പോൾ ഉയരുന്നവരുടെ പലരുടേയും തലയ്ക്കു മുകളിൽ കയററി ഒരാൾക്കു് ഐ. എ. എസ്. കേഡർ ശുപാർശ ചെയ്യാൻവേണ്ടി ഇങ്ങനെ ഒരു പുതിയ ഉദ്യോഗം സൃഷ്ടിച്ചു എന്നാണു് ഈ നിയമനത്തിന്റെ പുറകിലുള്ള ഉദ്ദേശത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നതു്. ഈ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ധനകാര്യമന്ത്രിക്കു പറയാനുള്ള സമാധാനം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടമായതുകൊണ്ടു് ജോലിക്കൂടുതൽ ഉണ്ടെന്നാണു്. പഞ്ചവത്സര പദ്ധതിയുടെ ജോലി കൂടുതലില്ലെങ്കിലും ഈ നിയമനങ്ങൾ തുടരത്തക്ക വിധത്തിലുള്ള ഒരു വിപുലീകരണമാണോ ഇതെന്നു ധനകാര്യമന്ത്രിയുടെ വിശദീകരണത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്തായാലും ഈ നിയമനത്തിന്റെ പുറകിൽ അടിയന്തിരമായ ജോലിക്കൂടുതലിനെക്കാൾ ഒരു വ്യക്തിയെ പ്രീണിപ്പിക്കുക എന്നുള്ള പരിഗണനയാണു് ഉണ്ടായിരുന്നതെന്നാണു് ജനസംസാരം. ഫൈനാൻസ് സെക്രട്ടറി ആദ്യം ഈ നിയമനത്തിനു വിസമ്മതം പ്രകടിപ്പിച്ചതായും, ചില മന്ത്രിമാർ ആവശ്യപ്പെട്ടതനുസരിച്ചു് ഫയൽ അയക്കാൻ കാരണമായി എന്നും ഒരു ആരോപണം ഉണ്ടായിട്ടുണ്ടു്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ വച്ചു് ഉദ്യോഗവ്യവസായം നടക്കുന്നു എന്നു് പി. എസ്സ്. പി. മന്ത്രിസഭയെ വളരെ കുററപ്പെടുത്തി പ്രസംഗിച്ച ഇന്നത്തെ മുഖ്യമന്ത്രി പല ഉദ്യോഗങ്ങളും പുതുതായി സൃഷ്ടിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഉദ്യോഗവ്യവസായത്തിൽ ഒന്നാണു് ഇതും. ഓരോ ആളുകളെ നിയമിക്കുന്നതിനുവേണ്ടി ജായിൻറു ഫൈനാൻസ് സെക്രട്ടറി എന്നും, അഡീഷനൽ ഡവലപ്പുമെൻറു സെക്രട്ടറി എന്നും സ്ഥാനങ്ങൾ ഉണ്ടാക്കി ആളുകളെ നിയമിക്കുകയും അവരെ മററു ഉദ്യോഗങ്ങളിലേക്കു കയററി അയച്ചശേഷം ആ സ്ഥാനങ്ങൾ വേണ്ടെന്നു വയ്ക്കുകയും ചെയ്യുന്നതു് ജനായത്ത ഭരണസമ്പ്രദായത്തിനു ചേർന്നതല്ലെന്നു മാത്രമല്ല സ്വകാര്യതാൽപ്പര്യങ്ങളെ പ്രീണിപ്പിക്കുന്നതിനുള്ള വാസനയെയാണു് കാണിക്കുന്നതു്. ഇക്കാരണങ്ങളാൽ ഞാൻ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. എ. ജെ. ജോൺ: സർ, ഈ ഡിമാൻറിനെപ്പററി ഇവിടെ ചില എതിരഭിപ്രായങ്ങൾ ഉണ്ടായി. അതായതു്, ഈ അഡീഷനൽ ഫിനാൻഷ്യൽ സെക്രട്ടറി ഉദ്യോഗം ആവശ്യമില്ലാത്ത ഒന്നാണെന്നും, അതു് ഏതോ ഒരു വ്യക്തിയെ പ്രീണിപ്പിക്കാൻവേണ്ടി സൃഷ്ടിച്ചിട്ടുള്ളതാണെന്നും മററും ചില ആരോപണങ്ങളാണു് ഉണ്ടായതു്. അതു് ശരിയല്ല. ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ വളരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

കൂടുതൽ ജോലി ഉണ്ടായിട്ടുണ്ട്. വിശേഷിച്ചും പഞ്ചവൽസരപദ്ധതി സംബന്ധിച്ച പല ഫയലുകളും, സെക്രട്ടേറിയററിലെ എല്ലാ സെക്ഷനിൽനിന്നും ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലേക്ക വരുന്നുണ്ട്. അവയെപ്പററി ഉടനടൻ തീരുമാനം എടുക്കേണ്ടതു് ആവശ്യമാണ്. പഞ്ചവൽസരപദ്ധതി സംബന്ധിച്ചുള്ള പണികൾ പുരോഗമിക്കുന്നില്ലെന്നു ഈ അസംബ്ളിയിൽത്തന്നെ പല പരാതികളും വന്നിട്ടുള്ളതാണ്. ഈ പരാതി പരിഹരിക്കാനും, അവിടത്തെ ജോലികൾ വളരെ വേഗം നടത്താനുംവേണ്ടി അവിടെ ഒരു അഡിഷനൽ ഫിനാൻഷ്യൽ സെക്രട്ടറിയുടെ ആവശ്യം ഉണ്ടെന്നു് ഗവണ്മെൻറിനു് തോന്നിയതുകൊണ്ടാണ് അങ്ങിനെ ഒരു നിയമനം നടത്തേണ്ടിവന്നതു്. ഇതിനു മുൻപും ഇങ്ങനെ ആവശ്യം ഉണ്ടായ സന്ദർഭത്തിൽ ഒരു അഡീഷനൽ ഫിനാൻഷ്യൽ സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്. അതായതു് തിരുവിതാംകൂർ-കൊച്ചി സംയോജനം നടപ്പിൽ വന്ന കാലത്തു്, അവിടെ സംയോജനം സംബന്ധിച്ചുണ്ടായ ജോലിക്കൂടുതലിനെ പരിഗണിച്ചു മി. ടി. കെ. ഗോപാലസ്വാമിയെ അഡിഷനൽ സെക്രട്ടറിയായി നിയമിക്കുകയും ഒരു കൊല്ലക്കാലം അദ്ദേഹം അവിടെ ജോലി നോക്കുകയും ചെയ്തിട്ടുണ്ട്. അവിടെ വരുന്ന ഫയലുകൾ, അതായതു് പഞ്ചവൽസരപദ്ധതി സംബന്ധിച്ചുള്ള ഫയലുകളും, പേക്കമ്മീഷൻ സംബന്ധിച്ച അനേകായിരം ഫയലുകളും കഴിയുന്നതും വേഗത്തിൽ തീരുമാനിക്കാൻ ഉണ്ടായിരുന്നതുകൊണ്ടാണ് ഒരു അഡിഷനൽ സെക്രട്ടറിയെ അവിടെ നിയമിക്കേണ്ടിവന്നതു്. ഇതുകൂടാതെ ഒട്ടധികം പെൻഷൻ പേപ്പറുകളും തീരുമാനിക്കേണ്ടതായിട്ടുണ്ട്. ഇവയിലെല്ലാം ഉള്ള കാലതാമസം പരിഹരിക്കാൻ വേണ്ടിയാണു ഈ നിയമനം നടത്തിയിട്ടുള്ളതു് ഇപ്പോഴത്തെ അഡിഷനൽ സെക്രട്ടറിയെ നിയമിച്ചതു്, അദ്ദേഹത്തെ ഐ. എ. എസ്. കേഡറിലേക്ക എടുക്കാൻ ഒരു വഴയുണ്ടാക്കാനായിട്ടാണ് എന്നു ശ്രീ. ടി. കെ. ദിവാകരൻ ഇവിടെ പറയുകയുണ്ടായി. അതും ശരിയല്ല. അദ്ദേഹം ഗവണ്മെൻറ ഡെപ്യൂട്ടി സെക്രട്ടറിയായിരിക്കവെയാണ് ഫിനാൻഷ്യൽ അഡിഷനൽ സെക്രട്ടറിയായി നിയമിച്ചതു്. ഡെപ്യൂട്ടി സെക്രട്ടറിമാർക്കും ഐ. എ. എസ്. സെലക്ഷനു പോകാം. അവർക്കും ഐ. എ. എസ്. ലഭിക്കാനുള്ള അവകാശം ഉണ്ട്. അതുകൊണ്ട് അതിലേക്കുവേണ്ടി സെക്രട്ടറിയാക്കേണ്ടതില്ല. അതുകൊണ്ട് ശ്രീ. ദിവാകരൻെറ ഈ അഭിപ്രായം തീരെ ശരിയായിട്ടുള്ളതല്ല എന്നാണ് എനിക്ക പറയുവാനുള്ളതു്. ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമതയും, അവിടെയുള്ള കാലതാമസം തീർക്കുന്നതിലേയ്ക്കുംവേണ്ടി പുതിയതായി സൃഷ്ടിച്ചിട്ടുള്ള ഒരു ഉദ്യോഗം ആണ് ഇതു്.

ശ്രീ. ടി. കെ. ദിവാകരൻ: അതു ടെംപററിയാണോ?

ശ്രീ. എ. ജെ. ജാൺ: ടെംപററി അല്ല---

ശ്രീ. പ്രാക്കുളം ഭാസി: പെർമനൻറ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ ഉദ്ദേശിക്കുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 4,500 be granted under Demand IX—25. General Administration D. (a) (iii)—Finance Department—Pay of Officers, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): Sir, I move for a grant of Rs. 6,700 under Demand IX—25. D (a) (iii)—Finance Department—Pay of Establishment. ഈ തുകയും ഇതിനോടു ചേർന്നിട്ടുള്ള സ്റ്റാഫിന്റെ, അലവൻസ്, എസ്റ്റാബ്ലിഷ്മെന്റ വകയ്ക്കു് ആവശ്യമുള്ള ചെലവിനു വേണ്ടിയാണു്. അതും പാസ്സാക്കിത്തരണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 6,700 be granted under Demand IX—25. (D)—General Administration—Finance Department—Pay of Establishment, was put and carried.

The grant was made.

SHRI A. J. JOHN: Sir, I move for a grant of Rs. 5,000 under Demand IX—25. General Administration D. (a) (iii)—Finance Department—Allowances. ഈ തുകയും മുമ്പു പറഞ്ഞ എസ്റ്റാബ്ലിഷ്മെന്റ സംബന്ധിച്ചുള്ള അലവൻസിനു വേണ്ടിയാണു്. അതും പാസ്സാക്കിത്തരണമെന്നപേക്ഷിച്ചുകൊള്ളുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 5,000 be granted under Demand IX—25. D (a) (iii)—Finance Department—Allowances, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): Sir, I move for a grant of Rs. 500 be granted under Demand IX—25. General Administration D. (a) (iii)—Finance Department—Contingencies. ഈ തുകയും മേൽപ്പറഞ്ഞവ സംബന്ധിച്ചുള്ള കണ്ടിൻജൻസി ചെലവുകൾക്കു വേണ്ടിയാണു്. ഇതും അനുവദിച്ചുതരണമെന്നപേക്ഷിച്ചുകൊള്ളുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 500 be granted under Demand IX—25. D. (a) (iii)—Finance Department—Contingencies, was put and carried.

The grant was made.

2/788/V

LIBRARY ARCHIVES Kerala Legislative Assembly

*Chief Minister* (SHRI PANAMPILLI GOVINDA MENON): Sir, I move for a grant of Rs. 2,050 under Demand No. IX—25. D. (a) (iv)—Stores Purchase Section—Pay of Establishment.

ഇവിടത്തെ സ്റ്റോർസ് പർച്ചേസ് സെക്ഷനിൽ വളരെയേറെ ജോലി ഈ അടുത്ത കാലത്തു വർദ്ധിക്കുകയുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ, ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ പ്രോഗ്രാം അനുസരിച്ചുള്ള ജോലികൾ മുഴുവനും ഈ വർഷാവസാനത്തോടുകൂടി ചെയ്തുതീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബഡ്ജററിൽ കൊള്ളിച്ചിരുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പറന്മാർ ഓർമ്മിക്കുന്നുണ്ടാകും. ഏതാണ്ട് പത്തുകോടി രൂപയോളം വർക്കിനുവേണ്ടി ഉൾക്കൊള്ളിക്കേണ്ടിവന്നു. ഇതിൽ പ്രധാനമായി രണ്ടു ഡിപ്പാർട്ടുമെൻറുകളിലേക്ക്, അതായതു് പി. ഡബ്ല്യു. വും, എലക്ട്രിക്കലും ഡിപ്പാർട്ടുമെൻറുകളിലേക്ക്, ചെലവഴിച്ചിട്ടുള്ള സംഖ്യ ചെലവാക്കുന്നതു് സ്റ്റോർസ് പർച്ചേസ് സെക്ഷൻ മുഖേനയാണ്. ഈ ഡിപ്പാർട്ടുമെൻറുകളിലേക്കാവശ്യമുള്ള മെഷീനറീസും, കേബിൾസ് മുതലായ വസ്തുക്കളുമാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജററ് പാസ്സാക്കിയ ഉടനെതന്നെ ഈ രണ്ടു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെയും മററു ചില ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെയും വിളിച്ചു വരുത്തി ഈ ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ എന്തൊക്കെ ചെയ്യണമെന്നുള്ള കാര്യത്തെപ്പററി ആലോചനകൾ നടത്തി. അങ്ങനെ ആലോചിച്ച സന്ദർഭത്തിൽ, വർക്ക പല കാര്യങ്ങളിലും സാംഗ്ഷൻ ചെയ്യാനുള്ള അധികാരം കിട്ടണമെന്നുള്ള ഒരു അഭിപ്രായം ഉണ്ടായി. അതായതു്, എക്സിക്യൂട്ടീവ് എൻജിനീയർക്ക് കൂടുതൽ അധികാരം കിട്ടണം, ചീഫ് എൻജിനീയർക്ക് കൂടുതൽ അധികാരം കിട്ടണം, എല്ലാ വർക്കുകളുടേയും ഫൈനൽ സാംഗ്ഷനുവേണ്ടി സെക്രട്ടറിയേററിലേക്ക വരിക എന്ന ഏർപ്പാട് നിർത്തണം എന്നും മററും ചില കാര്യങ്ങൾ വന്നു. അവയിൽ ചിലതെല്ലാം അനുവദിക്കുകയുണ്ടായി. സാധാരണയായി സ്റ്റോർസ് പർച്ചേസ് സെക്ഷനിൽ കാലതാമസം വരുന്നു എന്നും പറയുകയുണ്ടായി. ലക്ഷക്കണക്കിനു മെഷീനറിയും മററും വാങ്ങിക്കുന്നതിനുള്ള ടെൻഡർ വരുത്തുക, ടെൻഡർ പരിശോധിക്കുക, ഏതു ടെൻഡറാണ് സ്വീകരിക്കേണ്ടതെന്നുള്ള കാര്യം ശുപാർശ ചെയ്യുക മുതലായിട്ടുള്ളതെല്ലാം ഈ സെക്ഷൻ വേണം ചെയ്യാൻ. അതു പിന്നീട് സ്റ്റോർസ് പർച്ചേസ് കമ്മിററി ഫൈനലായി അനുവദിക്കണം. ഈ കാര്യങ്ങൾക്കെല്ലാം കാലതാമസം വരുന്നുണ്ടെന്നും, അതിനാൽ തക്ക സമയത്ത് വർക്കുകൾ പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നതിനാൽ വർക്കിനു കൊടുത്തിട്ടുള്ള തുക ലാപ്സായിപ്പോകുന്നുവെന്നും ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ പരാതി പറയുകയുണ്ടായി. അതുകൊണ്ടു് സ്റ്റോർസ് പർച്ചേസ് സെക്ഷനിലേക്ക് ടെമ്പററിയായിട്ടു രണ്ടു ഫസ്റ്റ് ഗ്രേഡ് ക്ലാർക്കന്മാരെയും, രണ്ടു് സെക്കൻഡ് ഗ്രേഡ് ക്ലാർക്കന്മാരെയും നിയമിച്ചിട്ടുണ്ട്. ഇതിലേക്കും ഇതിനോടു ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിനുമായിട്ടാണ് ഈ ഉപധനാഭ്യർത്ഥന കൊണ്ടുവന്നിട്ടുള്ളതു്. ഇതു് പാസ്സാക്കിത്തരണമെന്നപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

*Home Minister* (SHRI A. J. JOHN) : I second it.

The question that a supplementary sum not exceeding Rs. 2,050 be granted under Demand No. IX—25-D (a) (iv)—Stores Purchase Section—Pay of Establishment, was put and carried.

The grant was made.

*Chief Minister* (SHRI PANAMPILLI GOVINDA MENON) : I move that a sum of Rs. 1,390 be granted under Demand No. IX—25 D (a) (iv)—Stores Purchase Section—Allowances—Dearness Allowance.

*Home Minister* (SHRI A. J. JOHN) : I second it.

The question that a supplementary sum not exceeding Rs. 1,390 be granted under Demand IX—25-D (a) (iv)—Stores Purchase Section—Allowances—Dearness Allowance, was put and carried.

The grant was made.

*Chief Minister* (SHRI PANAMPILLI GOVINDA MENON) : I move for a grant of Rs. 160 under Demand IX—25-D (a) (iv)—Stores Purchase Section—Dearness Pay.

*Home Minister* (SHRI A. J. JOHN) : I second it.

The question that a supplementary sum not exceeding Rs. 160 be granted under Demand IX—25-(D) (a) (iv)—Stores Purchase Section—Dearness Pay, was put and carried.

The grant was made.

*Chief Minister* (SHRI PANAMPILLI GOVINDA MENON) : I move that a sum of Rs. 1,400 be granted under Demand IX—25 D (a) (iv)—Stores Purchase Section—Contingencies. This amount is intended for purchase and repair of furniture.

*Home Minister* (SHRI A. J. JOHN) : I second it.

The question that a supplementary sum not exceeding Rs. 1,400 be granted under Demand IX—25 D (a) (iv)—Stores Purchase Section—Contingencies—Purchase and repairing of furniture, was put and carried.

The grant was made.

*Chief Minister* (SHRI PANAMPILLI GOVINDA MENON) : I move for a grant of Rs. 700 under Demand IX—25-(D) (a) (iv)—Stores Purchase Section—Contingencies—Service Postage, towards meeting expenditure for service postage.

LIBRARY ARCHIVES Kerala Legislative Assembly

*Home Minister* (SHRI A. J. JOHN): I second it.

The question that a supplementary sum not exceeding Rs. 700 be granted under Demand X—25. D (a) (iv) – Stores Purchase Section – Contingencies – Service Postage, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): I move for a grant of Rs. 7,000 under Demand IX – 25-D (d) – Local Fund Audit Establishment—Allowances—Travelling Allowance.

ടൈം സ്കെയിൽ അനുവദിച്ചതു സംബന്ധിച്ചുണ്ടായ കൂടുതൽ ററി. എ. കൊടുക്കുന്നതിനും, റയിൽവേയിലെ ക്ലാസ്സ് വ്യത്യാസം കൊണ്ടുവന്നിട്ടുള്ള ററി. എ. കൊടുക്കുന്നതിനും ഉള്ള ചെലവുകൾക്കു വേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥന അവതരിപ്പിച്ചിട്ടുള്ളത്. ഇതു സഭ പാസ്സാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 7,000 be granted under Demand IX – 25 D (d) – Local Fund Audit Establishment—Allowances-Travelling Allowance, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): I move for a grant of Rs. 5,000 under Demand IX—25-D (d)—Local Fund Audit Establishment for meeting Contingencies for purchase and repair of furniture കഴിഞ്ഞ വർഷത്തിൽ ഓർഡർ കൊടുത്തിരുന്നതായ ഫർണിച്ചർ കഴിഞ്ഞ വർഷത്തിൽ വരാതെയിരിക്കയും, ഈ കൊല്ലം വന്നുചേരുകയും ചെയ്തിട്ടുണ്ട്. അതിലേക്ക് ബില്ലിൻപ്രകാരമുള്ള 4,983 രൂപയ്ക്കു വേണ്ടിയാണ് ഈ ഡിമാൻറ് കൊണ്ടുവന്നിരിക്കുന്നത്.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 5,000 be granted under Demand IX—25-D (d)—Local Fund Audit Establishment—Contingencies—Purchase and repair of furniture, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): I move for a grant of Rs. 600 under Demand IX—25-D (d)—Local Fund Audit Establishment—Contingencies Rents.

(1) ലോക്കൽ ഫണ്ട് എക്സാമിനറുടെ ആഫീസ് ഇട്ടിരുന്ന കെട്ടിടം മാററി വേറെ ഒരു വാടകക്കെട്ടിടത്തിലിട്ടിരിക്കുകയാണ്. അതിൻെറ വാടകയുടെ ആവശ്യത്തിനു വേണ്ടിയാണ് ഈ ഡിമാൻഡ് കൊണ്ടുവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 600 be granted under Demand IX—25-D (d)—Local Fund Audit Establishment—Contingencies—Rents, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): I move for a grant of Rs. 600 under Demand IX—25-D (d)—Local Fund Audit Establishment—Contingencies—Electric Charges.

ഇതു് മേൽപറഞ്ഞ ആഫീസിലെ എലക്ട്രിക്കൽ ചാർജ്ജു കൊടുക്കുന്നതിനാവശ്യമുള്ള തുകയാണു്. ഇതു പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 600 be granted under Demand IX—25-D (d)—Local Fund Audit Establishment—Contingencies—Electric Charges, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN): I move that a sum of Rs. 100 be granted under Demand IX—25 D (d)—Contingencie—Pay of Menials.

മേൽപറഞ്ഞ ആഫീസിൽ, വാച്ചറും ഗാർഡനറും ആയി ഒരാളെ നിയമിച്ചിട്ടുണ്ടു്. ആയാളുടെ ശമ്പളം വകയ്ക്കുള്ള തുകയാണു് ഈ ഡിമാൻഡിൽ ആവശ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, വാച്ചറും ഗാർഡനറുമായി ഒരാളെ നിയമിക്കുന്നതിനുവേണ്ടിയുള്ള ഉപധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇന്നു രാവിലെ ചോദ്യോത്തരവേളയിൽ, കണ്ടിൻജൻസി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ, പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ തത്വങ്ങൾ വിപരീതമാകയാൽ നിവൃത്തിയില്ലാതെ വന്നിട്ടുള്ളതാണെന്നു ധനകാര്യമന്ത്രി മറുപടി പറയുകയുണ്ടായി. കണ്ടിൻജൻസി ജീവനക്കാർ പല ഡിപ്പാർട്ടുമെന്റുകളിലും അനേകം കൊല്ലങ്ങളായി, മററു ശിപായിമാരെപ്പോലെ സ്ഥിരമായി ജോലിചെയ്തുകൊണ്ടിരിക്കുകയാണു്. പല ഡിപ്പാർട്ടുമെന്റുകളിലും പല രീതിയിലുള്ള ശമ്പളമാണു് അവക്കു നൽകിക്കൊണ്ടിരിക്കുന്നതു്. സെക്രട്ടറിയേററിന്റെ പടിക്കൽ തന്നെ, കഴിഞ്ഞ എൺപതുദിവസമായി മ്യൂസിയം കണ്ടിൻജൻസി ജീവനക്കാർ, വെട്ടിക്കുറച്ച ശമ്പളം കൂട്ടണമെന്നും, ഗ്രാററുവിററി, പെൻഷൻ തുടങ്ങി മററു സർവ്വീസുകാർക്കു് കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കണമെന്നും ഉള്ള ആവശ്യങ്ങളുമായി ഒരു സത്യാഗ്രഹം നടത്തിവരികയാണു്. അതുപോലെതന്നെ എഡ്യു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ ടി. കെ. ദിവാകരൻ]

ക്കേഷൻ ഡിപ്പാർട്ടുമെൻറിലും കണ്ടിൻജൻസിക്കാരായ ശിപ്പായിമാരുണ്ട്. അവരും പാർട്ട്ടൈം ജീവനക്കാരാണ്. അവക്ക് കേവലം 10½ രൂപ മാത്രമാണ് ശമ്പളമായി കിട്ടിവരുന്നത്. രാവിലെ വന്ന് പള്ളിക്കൂടം തുറക്കുക, സ്കൂളും പരിസരങ്ങളും തൂക്കുക, വൈകുന്നേരംവരെ ഹെഡ്മാസ്റ്ററുടെ ആവശ്യപ്രകാരം പല ജോലികളും ചെയ്യുക, ഇൻസ്പെക്ററാഫീസിലുംമററും സക്കാർകായ്യത്തിനുവേണ്ടി പോകുക, ഹെഡ്മാസ്റ്ററുടെ സ്വന്തജോലികൾ അല്പസ്വല്പം ചെയ്തുകൊടുക്കുക എന്നിങ്ങനെ ഒരു സ്ഥിരം ശിപായിയുടെ എല്ലാവിധ ജോലികളും സ്വീപ്പർ ചെയ്തുകൊടുക്കണം. ഈ കണ്ടിൻജൻസി ജീവനക്കാക്ക് സ്വീപ്പർ എന്നാണ് പേരെങ്കിലും, യഥാർത്ഥത്തിൽ ഒരു സ്ഥിരം ശിപായിയെക്കാൾ കൂടുതൽ ജോലി ചെയ്യുന്നു. അവക്ക് കേവലം 10½ രൂപ മാത്രമാണ് നൽകുന്നത്.

അതുപോലെ പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെൻറിലും കൺസർവൻസി ശിപായിയായി കുറെ ജീവനക്കാരുണ്ട്. അവരുടെ ശമ്പളം 40 രൂപ ആക്കിയെങ്കിലും, അടുത്തകാലത്ത് അവരെ പാർട്ട്ടൈം ജീവനക്കാരാക്കി ശമ്പളം 20 രൂപ വെട്ടിക്കുറച്ചിട്ടുണ്ടായിരുന്നത് ഇതുവരെ നൽകിയിട്ടില്ല. അതുപോലെ, മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഇരുപത്തിനാലുമണിക്കൂറും ജോലിനോക്കുന്ന അനേകം കണ്ടിൻജൻസി ജീവനക്കാരുണ്ട്. അവരാണ് പകൽ, മുഴുവൻ സമയവും രോഗികളുമായി കഴിഞ്ഞുകൂടി അവക്കുവേണ്ട ശുശ്രൂഷകൾ നൽകുന്നവരാണ്. പലപ്പോഴും ഇക്കൂട്ടർ രോഗബാധിതരായിത്തീരാനും ഇടയുണ്ട്. അവക്ക് അടുത്തകാലത്താണ് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി യൂണിഫോറം കൊടുക്കുന്നതിനുള്ള ഉത്തരവു പുറപ്പെടുവിച്ചത്. അതേസമയത്തു അവക്ക് മററുള്ള ജീവനക്കാരെപ്പോലെ പെൻഷൻ, ഗ്രാറഡ്വിററി മററു സേവന സ്ഥിരത മുതലായവ ഒന്നും നൽകിയിട്ടില്ല. ജോലിസമയമാകട്ടെ കുറച്ചിട്ടില്ല. ഇരുപത്തിനാലുമണിക്കൂറും അവക്ക് ജോലിചെയ്യണം. ഇന്നുരാവിലെ എട്ടുമണിക്ക ജോലിക്കുവരുന്ന ഒരാൾ, അടുത്ത ദിവസം രാവിലെ മറെറാരാൾ വരുന്നതുവരെ ജോലിയിൽ തുടരണം. ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരുപ്രത്യേക ജോലിയിലാണ് ഈ കണ്ടിൻജൻസിക്കാർ തുടരുന്നത്. സെക്രട്ടറിയേററിലും ഇങ്ങനെ കണ്ടിൻജൻസി ശിപായിമാർ ജോലിനോക്കുന്നുണ്ട്. സർ, ഇങ്ങനെ കണ്ടിൻജൻസി എന്ന വിഭാഗത്തിൽപ്പെട്ടതുകൊണ്ടുമാത്രം, ഇവർ മററ സ്ഥിരം സർവ്വീസുകാരെപ്പോലെ ജോലി ചെയ്യുന്നുണ്ടെങ്കിലും, മററുള്ളവക്ക ലഭിക്കുന്ന ആനുകൂല്യങ്ങളോ, സേവന സ്ഥിരതയോ ലഭിക്കാതിരിക്കുകയാണ്. അതിനു ഗവണ്മെൻറ പറയുന്ന ന്യായം, പബ്ലിക്ക്സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള നിയമന തത്വങ്ങൾ, സമുദായപ്രാതിനിധ്യതത്വം ഈ കാര്യത്തിൽ സ്വീകരിക്കാതെ നിവൃത്തിയില്ലെന്നാണ്. ഈ കാരണംകൊണ്ടാണ് പബ്ലിക്ക്സർവ്വീസ് കമ്മിഷൻ ഇതിനെ എതിർക്കുന്നതെന്നും പറയുകയുണ്ടായി. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇതിനുമുൻപും ഈ എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പബ്ലിക്ക്വക്ക്സ് ഡിപ്പാർട്ടുമെൻറിലും, ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറിലും അനേക കൊല്ലങ്ങളായി ജോലിചെയ്തുവരുന്ന വക്ക്സ് എസ്റ്റാബ്ലിഷ്മെൻറുകാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിലും പി. എസ്സ്. സി. എതിർത്തിട്ടുണ്ടെങ്കിലും, അവരെ സ്ഥിരം സർവ്വീസിലേയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

അബ്സാർബ്ബ് ചെയ്തിട്ടുണ്ട്. പത്തുമുപ്പതു കൊല്ലക്കാലമായി, ഡിപ്പാർട്ടുമെൻറമേലദ്ധ്യക്ഷന്മാർ നിയമിച്ചിട്ടുള്ള, ഈ കണ്ടിൻജൻസിജീവനക്കാരെ, ഗവണ്മെൻറിനെയും ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരെയും സേവിച്ചു ജോലിനോക്കിവരുന്ന ഇക്കൂട്ടരെ, പി. എസ്സ്. സി. യുടെ സാമുദായിക പ്രാതിനിദ്ധ്യ പരിഗണനയനുസരിച്ചേ നിയമനം നടത്താൻ പാടുള്ളു എന്നുള്ള ഒരു സാങ്കേതികതത്വം എടുത്തു ഞണിച്ചും, ഒളിച്ചുപിടിച്ചും നിൽക്കുന്നതു് ശരിയല്ല. പല ഡിപ്പാർട്ടുമെൻറുകളിലായി കഴിഞ്ഞ മുപ്പതുകൊല്ലക്കാലമായി പണിയെടുത്തുകൊണ്ടിരിക്കുന്ന ഈ സാധുക്കളുടെ കാര്യത്തിൽ, ഇങ്ങനെയുള്ള സാങ്കേതിക തടസ്സങ്ങൾ പറയാതെ, മററ ഗവണ്മെൻറ് ജീവനക്കാരെപ്പോലെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കണ്ടിൻജൻസിയിൽ പുതുതായി ഒരാളെക്കൂടി നിയമിക്കുന്നതിനു വേണ്ടി ഈ ഉപധനാഭ്യർത്ഥന കൊണ്ടുവന്നിരിക്കുന്ന അവസരത്തിൽ, ഇന്നു വളരെ മനോവ്യഥയോടുകൂടി കഴിയുന്ന കണ്ടിൻജൻസ് ജീവനക്കാരുടെ സമൂഹത്തിലേയ്ക്കു് ഒരാളെക്കൂടി നിയമിക്കുകയാണ് ഗവണ്മെൻറ ചെയ്യുന്നതെന്നുള്ള കാര്യം ഞാൻ ഗവണ്മെൻറിനെ അനുസ്മരിപ്പിക്കുകയാണ്. കണ്ടിൻജൻസിജീവനക്കാരുടെ കാര്യത്തിൽ ഗവണ്മെൻറിനുവളരെ ആത്മാർത്ഥതയും അനുഭാവവുമുണ്ടെന്നു പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ, അവരെ സ്ഥിരം സർവ്വീസിലേയ്ക്കു് എടുക്കുന്നതിനു് പി. എസ്സ്. സി. യുടെ എതിർപ്പു് ഒരു തടസ്സമായി ഉന്നയിക്കരുതെന്നാണ് എനിക്കു ഗവണ്മെൻറിനോടു് പറയാനുള്ളതു്.

ഇപ്പോൾ എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽനിന്നാണ് കണ്ടിജൻസി ജീവനക്കാരെ എടുക്കുന്നതു്. അവിടെയും സാമുദായിക പരിഗണനയുണ്ടോ എന്നറിയുന്നില്ല. എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽനിന്നും അയയ്ക്കുന്ന ലിസ്റ്റനുസരിച്ചു് ആവശ്യമുള്ളവരെ നിയമിക്കണമെന്നാണ് ഇപ്പോഴത്തെ ഉത്തരവു്. ഇന്നുവരെയുള്ള നിയമനകാര്യത്തിൽ സാങ്കേതികതടസ്സം പറയുന്ന ഗവണ്മെൻറതന്നെ തുടർന്ന് നിയമനങ്ങളിൽ ആ തത്വം പാലിക്കാതെയായിരിക്കുന്നതു്. എന്തായാലും വളരെക്കാലത്തെ സർവ്വീസുള്ള കണ്ടിൻജൻസിക്കാരെ പി. എസ്സ്. സി. യുടെ നിയമനതത്വങ്ങൾ പരിഗണിക്കാതെ, സ്ഥിരം സർവ്വീസിലേയ്ക്കു് എടുക്കുന്നതിനു് വേണ്ട നടപടികൾ ഗവണ്മെൻറ് സ്വീകരിക്കണമെന്നാണ് എനിക്കു് അഭ്യർത്ഥിക്കാനുള്ളതു്.

ഒന്നാംപഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനംകഴിഞ്ഞു്, ഒരു സോഷ്യലിസ്ററ് മാതൃകയിലുള്ള ഭരണരീതി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന ഈ അവസരത്തിൽ, ആയിരക്കണക്കിനു സാധുക്കളായ കണ്ടിൻജൻസിജീവനക്കാരുടെ ഹൃദയവേദന ഗവണ്മെൻറ് പരിഗണിക്കണമെന്നും, അവരെക്കൂടി സ്ഥിരംസർവ്വീസിൽ എടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഈ ഉപധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ വി. ശ്രീധരൻ: സർ, ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു ചില കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. ഇന്നു വിവിധ ഡിപ്പാർട്ടുമെൻറുകളിലായി 8,460 കണ്ടിൻജൻസിജീവനക്കാരുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറതന്നെ സമ്മതിച്ചിട്ടുണ്ട്. അവരിൽ, ഫുൾടൈം കണ്ടിൻജൻസിക്കാരുണ്ട്, പാർട്ട്ടൈം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. ശ്രീധരൻ]

ജീവനക്കാരുണ്ട്, ഫുൾടൈം ജീവനക്കാരായിരുന്നവർ റിവർട്ടുചെയ്യപ്പെട്ടു പാർട്ടൈം ജീവനക്കാരായി തുടരുന്നവരുമുണ്ട്. അവരെ സംബന്ധിച്ചുള്ള വിവിധ പ്രശ്നങ്ങളെപ്പററി സഖാവു ടി. കെ. ദിവാകരൻ വിശദമായി ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞു. കണ്ടിജൻസിക്കാരായി നിയമിക്കപ്പെടുന്നവർ, ആക്ടിംഗ് സർവ്വീസുള്ളവരാണെങ്കിൽ, വീണ്ടും ആക്ടിംഗായി നിയമിക്കപ്പെടുമ്പോൾ അങ്ങനെയുള്ളവരെ നിയമിക്കേണ്ടതാണെന്നുള്ള തത്വം ഗവൺമെൻറ അംഗീകരിച്ചിട്ടുണ്ടെങ്കിലും പല ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരും ആ തത്വം പൂർണ്ണമായും പാലിക്കപ്പെട്ടുകാണുന്നില്ല. അതുപോലെതന്നെ സ്ഥിരം സർവ്വീസുകാർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ കണ്ടിജൻസിക്കാർക്കും ലഭിക്കുന്നകാര്യത്തിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി ഇന്നുകാലത്ത് ധനകാര്യമന്ത്രി ഇവിടെ പ്രസ്താവിച്ചുകേട്ടു. സർ, എന്തെല്ലാം സാങ്കേതിക തടസ്സങ്ങൾ ഉണ്ടായാലും ശരി, ഈ കാര്യം പരിഗണിക്കേണ്ടതാണ്. പതിനായിരത്തിലധികം വരുന്ന ഈ ജീവനക്കാരെ സംബന്ധിച്ചു അവർക്കു നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടു രണ്ടുകാര്യത്തിലാണ്: ഒന്ന്, രാജ്യത്തു ഇന്നു നിലവിലിരിക്കുന്ന തൊഴിൽനിയമങ്ങൾ അവർക്കു ബാധകമല്ല. രണ്ടാമതു, സ്ഥിരം സർവ്വീസുകാർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ അവർക്കു ലഭിക്കുന്നില്ല. ഈ സ്ഥിതിക്കു ഒരു മാററം വരുത്തേണ്ടതു് അത്യാവശ്യമാണ്. സോഷ്യലിസ്ററ മാതൃകയിലുള്ള ഒരു ഭരണരീതി നടപ്പിലാക്കണമെന്നു പ്രഖ്യാപിച്ചിരിക്കുന്ന ഗവൺമെൻറിന്, അവശതകൾ അനുഭവിക്കുന്ന ഇക്കൂട്ടരെ സംബന്ധിച്ച്, അവർക്കു ജീവിക്കാനാവശ്യമായ ശമ്പളവ്യവസ്ഥകൾ അംഗീകരിക്കുന്നതിലും, അവരുടെ സേവനവ്യവസ്ഥകൾക്കു ആവശ്യമായ സംരക്ഷണങ്ങൾ ഏർപ്പെടുത്തുന്നതിലും ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു ചുമതലയുണ്ടെന്നുള്ളതു നിഷേധിക്കാവുന്നതല്ല. കഴിഞ്ഞ ഒരു ദിവസം, മുഖ്യമന്ത്രിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു, മ്യൂസിയം കണ്ടിൻജൻസി ജീവനക്കാരുടെ അവശതകൾക്കു പരിഹാരം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സംസാരിച്ചപ്പോൾ, യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ടു അതിനു അദ്ദേഹം മറുപടി പറഞ്ഞതു് ഖേദകരമായിപ്പോയി. മ്യൂസിയം കണ്ടിൻജൻസി ജീവനക്കാരിൽ, 36 സ്ത്രീകൾ തൂപ്പുകാരായിട്ടുണ്ട്. അവർ വളരെക്കാലമായി ഫുൾടൈം ജീവനക്കാരായിരുന്നു. അവരുടെ ജോലിസമയം രാവിലെ ഏഴുമണിമുതൽ പതിനൊന്നുമണിവരെയും, അതിനുശേഷം രണ്ടുമുതൽ അഞ്ചുമണിവരെയും ആയിരുന്നു. അന്നു ശമ്പളം 42 രൂപയായിരുന്നു. 1953-നു ശേഷം ഫുൾടൈം ജീവനക്കാരായിരുന്ന അവരെ പാർട്ടൈം ജീവനക്കാരായി മാററി. അവർ മുപ്പത്താറുപേരും രാവിലെ ഏഴുമണിമുതൽ പതിനൊന്നുമണിവരെ മ്യൂസിയം കാമ്പൗണ്ടുമുഴുവൻ തൂത്തുവൃത്തിയാക്കണം. ഇപ്പോഴാണെങ്കിൽ കാമ്പൗണ്ടിൻെറ വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടുമുണ്ട്. 120 ഏക്കർ വിസ്തീർണ്ണമുള്ള മ്യൂസിയം കാമ്പൗണ്ടു 36 സ്ത്രീതൊഴിലാളികളാണു് തൂത്തു ശരിയാക്കേണ്ടതു്. അവരുടെ ജോലിസ്ഥിരതയ്ക്കും മററാനുകൂല്യങ്ങൾക്കും വേണ്ടി ന്യായമായ അവകാശവാദം ഉന്നയിച്ചിരിക്കുകയാണ്. ഈ കാര്യങ്ങൾ [illegible]പ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെട്ടു കാണുന്നില്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഡിമാൻറിനെ അനുകൂലിക്കുന്നതോടൊപ്പം, മ്യൂസിയം കണ്ടിൻജൻസി ജീവനക്കാരുടെ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

കൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടണമെന്നും, അവരുടെ സമരം സംബന്ധിച്ച മുഖ്യമന്ത്രി ഇടപെട്ടു, അവരുടെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: കണ്ടിജൻസിക്കാരുടെ നിയമനം സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ നിലപാട് വളരെ വ്യക്തമായ ഭാഷയിൽ തന്നെ ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. അവരുടെ കാര്യത്തിൽ, ഗവണ്മെന്റിനു അനുഭാവപൂർവ്വമായ ഒരു മനോഭാവമാണുള്ളതെന്നും, പി. എസ്സ്. സി.യുടെ നിയമനതത്വങ്ങൾക്കു വിധേയമായിട്ടു മാത്രമേ ഗവണ്മെന്റിനു ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. കണ്ടിജൻസി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തെസംബന്ധിച്ചും മററും പി. എസ്സ്. സി. ഉന്നയിക്കുന്ന തടസ്സം, അവർ, പി. എസ്സ്. സി.യുടെ നിയമനതത്വങ്ങൾക്കു വിധേയമായ എല്ലാ പരിശോധനകളും വച്ചു നിയമിതരല്ലെന്നുള്ളതാണ്. ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ, 16 (4) അനുസരിച്ചു പിന്നാക്കസമുദായങ്ങൾക്കു വേണ്ട സംരക്ഷണം നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ പാലിക്കപ്പെടണമെന്നുണ്ട്. സമുദായപ്രാതിനിധ്യതത്വം അതാതു സ്റ്റേററുകൾ അംഗീകരിച്ചിട്ടുള്ള ഒരു തത്വവുമാണ്. അതനുസരിച്ചു സമുദായങ്ങളുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ തത്വങ്ങൾ പി. എസ്സ്. സി. പൂർണ്ണമായും ദീക്ഷിക്കേണ്ടതായുണ്ട്. ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നതുപോലെ ഒരു നിശ്ചിതകാലയളവിനുശേഷം ഈ മാതിരിയുള്ള സാമുദായിക സംരക്ഷണ വ്യവസ്ഥകൾ ഇല്ലാതാകുമെന്നുള്ളതിനാൽ, അതു നിഷ്കൃഷ്ടമായി പാലിക്കേണ്ട കടമ പി. എസ്സ്. സി. ക്കുള്ളതാണ്. ഇപ്പോൾത്തന്നെ സാമുദായിക പ്രാതിനിധ്യവഴക്കുകൾ പലതരത്തിൽ ഉണ്ടാകുന്നുമുണ്ട്. അവരുടെ അവകാശസംരക്ഷണത്തിനുവേണ്ടി ഭരണഘടനയിൽ ചേർത്തിരിക്കുന്ന ഈ വ്യവസ്ഥയ്ക്കു വിപരീതമായി കണ്ടിജൻസിക്കാരുടെ കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നാണു പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ അഭിപ്രായം. പി. ഡബ്ലിയു. ഡി. യിലും, ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിലുമുള്ള കണ്ടിജൻസി ജീവനക്കാരെ ഒഴിച്ചു മൂവായിരത്തിൽ ശിഷ്ടം ആളുകളാണ് ഇന്നു കണ്ടിജൻസി ജീവനക്കാരായുള്ളതു്. ഇവരെ സംബന്ധിച്ചിടത്തോളം പി. എസ്സ്. സി. യുടെ നിയമനതത്വങ്ങൾക്കു വിപരീതമായ ഒരു നയം സ്വീകരിക്കാൻ സാദ്ധ്യമല്ലെന്നാണു അറിയിച്ചിട്ടുള്ളതു്. കണ്ടിജൻസി ജീവനക്കാരായി നിയമിതരായിട്ടുള്ളവരിൽ പലരും വയസ്സുകഴിഞ്ഞവരോ, മററു നിയമനതത്വങ്ങളോ കൂടാതെ ഓരോരോ കാലത്തായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരാണെന്നും, അവരിൽ പലരും വളരെ പ്രായാധിക്യമുള്ളവരാണെന്നും, അവരെ സാമുദായിക പ്രാതിനിധ്യതത്വം അനുസരിച്ചല്ല നിയമിച്ചിട്ടുള്ളതെന്നും മററുമാണു പി. എസ്സ്. സി. ഇതുസംബന്ധിച്ചു എഴുതിയയച്ചിട്ടുള്ളതു്. അതുകൊണ്ടു കണ്ടിജൻസി ജീവനക്കാരുടെ കാര്യത്തിൽ ഗവണ്മെന്റിനു അനുഭാവമുണ്ടെങ്കിലും ഒന്നുംചെയ്യാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതെന്നു വ്യക്തമാക്കാനാഗ്രഹിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

കൂടാതെ, മൃസിയം കണ്ടിജൻസി ജീവനക്കാരെപ്പററിയും ഇവിടെ പരാമർശമുണ്ടായി. അതിനെപ്പററി ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായി പറഞ്ഞുകഴിഞ്ഞതാണു്. മൃസിയം കണ്ടിജൻസി ജീവനക്കാരുടെ ശമ്പളത്തിൽ വ്യത്യാസം വരുത്തിയതു 1953-ലാണു്. ഇതു രണ്ടുമൂന്നു കൊല്ലക്കാലം അവർ തൃപ്തരായിത്തന്നെ ഇരിക്കുകയായിരുന്നു. രാഷ്ട്രീയനേതാക്കന്മാരാണു് അവരിൽ ചില ധാരണകൾ ഉണ്ടാക്കി ഈവക കുഴപ്പങ്ങൾ ഉണ്ടാക്കാൻ പ്രേരണനൽകിയിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : ഇന്നു കണ്ടിജൻസി ജീവനക്കാരായി ജോലിനോക്കുന്നവരെല്ലാം തന്നെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഒരു ജാതിക്കാരാണെന്നു പരിഗണിച്ചുകൂടെ ?

ശ്രീ. എ. ജെ. ജാൺ : അവരുടെ കാര്യത്തിൽ ഗവണ്മെന്റിനു അനുഭാവമുണ്ടെന്നും പി. എസ്സ്. സി. യുടെ നിയമനതത്വങ്ങൾക്കു വിപരീതമായി ഒന്നും ചെയ്യാൻ സാദ്ധ്യമല്ലെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ : മേലാൽ നിയമിക്കുന്ന കണ്ടിജൻസി ജീവനക്കാരുടെ കാര്യത്തിൽ ഗവണ്മെന്റിന്റെ നിലയെന്താണു് ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : സമുദായപ്രാതിനിധ്യതത്വം മേലാൽ ഉണ്ടാകുന്ന നിയമനങ്ങളിൽ ദീക്ഷിക്കുമോ?

ശ്രീ. എ. ജെ. ജാൺ : സാമുദായികതത്വം ഭരണഘടനയിൽ ആവശ്യപ്പെടുന്നതനുസരിച്ചു പി. എസ്സ്. സി. ദീക്ഷിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ഇനി ഉണ്ടാകുന്ന കണ്ടിജൻസി ജീവനക്കാരുടെ നിയമനങ്ങളിൽ ഈ തത്വം ഫാളോ ചെയ്യുമോ?

ശ്രീ എ. ജെ. ജാൺ : അതിനെപ്പററി ആലോചിച്ചിട്ടില്ല.

ശ്രീ. പി. ടി. കേശവൻ ശാസ്ത്രി : കണ്ടിജൻസി ജീവനക്കാരിൽ പട്ടികജാതിക്കാരുടെ ജാതി തിരിച്ചു കണക്കു് എടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതിന്റെ ആവശ്യമുണ്ടെന്നു തോന്നിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കണ്ടിജൻസി ജീവനക്കാരിൽ നല്ലൊരു വിഭാഗം പട്ടികജാതിക്കാരാണോ എന്നറിയാമോ?

ശ്രീ. പി. ടി. കേശവൻ ശാസ്ത്രി : സർ, അതു ശരിയല്ല. പട്ടികജാതിക്കാരുടെ [illegible]വും ഇപ്പോഴാണെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല.

ശ്രീ. എ. ജെ. ജാൺ : കണ്ടിജൻസി ജീവനക്കാരുടെ അവശതകൾക്കു പരിഹാരമായി, പി. എസ്സ്. സി. യുടെ നിയമനതത്വങ്ങൾക്കു വിരുദ്ധമായി ഗവണ്മെന്റിനു ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നു് പറഞ്ഞുകഴിഞ്ഞു. മൃസിയം ജീപ്പുകാർക്കു ഇപ്പോഴത്തെ ജോലിസമയം

LIBRARY ARCHIVES Kerala Legislative Assembly

മൂന്നുമണിക്കൂറാണ്. അവരുടെ എഡിറ്റിംഗ് ജോലിയും ... യതന്നെ പ്രൂഫ് ജാലിസമയവും കൂടെ ചിലായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ നിലയെന്താണെന്നു മുഖ്യമന്ത്രി മുൻപൊരവസരത്തിൽ പറഞ്ഞിട്ടുള്ളതാണ്. അവരെ നയിക്കുന്ന രാഷ്ട്രീയനേതാക്കന്മാരോടു എനിക്ക് അവസാനമായി പറയാനുള്ളതു്, അവർക്കു വേണ്ട ഉപദേശം നൽകി, ഇനിയും കുഴപ്പങ്ങൾ ഉണ്ടാകാതെ ഉദ്യോഗം തുടരുന്നതിനു ഉത്സാഹിക്കണമെന്നാണ്. ഇതിൽക്കൂടുതലായി ഒന്നും ഇതുസംബന്ധിച്ചു പറയാനില്ല.

The question that a supplementary sum not exceeding Rs. 100 be granted under Demand No. IX—25 D (d) Contingencies—Pay of Menials, was put and carried.

The grant was made.

Demand No. IX—25 D (d)—L. F. A. Establishment.

*Home Minister* (SHRI A. J. JOHN): I move for a grant of Rs. 500 under Demand No. IX—25-D (d)—Contingencies—Service Postage.

ഈ സപ്ലിമെന്ററി ഡിമാൻഡ് പാസ്സാക്കിത്തരണമെന്നു് ബഹുമാനപ്പെട്ട സഭയോടു് അഭ്യർത്ഥിക്കുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 500 under Demand IX—25-D (d)—Contingencies—Service Postage, was put and carried.

The grant was made.

Demand XII—25-F-(b) (i) Taluk Offices—Law Charges.

*Home Minister* (SHRI A. J. JOHN): I move for a grant of Rs. 10,000 under Demand XII—25-F (b) (i)—Taluk Offices—Law Charges.

ഇതു് തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ കളക്ടറേററുകളുടെ ലാ ചാർജ്ജസിലേയ്ക്കുള്ള തുകയാണ്. തിരുവനന്തപുരത്തേയ്ക്കു് ആയിരം രൂപയും, കോട്ടയത്തേയ്ക്കു് ആയിരത്തിമുന്നൂറു രൂപയും, തൃശ്ശൂരേയ്ക്കു് ഏഴായിരത്തിഎഴുനൂറു രൂപയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതു്. ഇതു് പാസ്സാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON): I second it.

The question that a supplementary sum not exceeding Rs. 10,000 be granted under Demand No. XII—25-F (b) (i)—Taluk Offices—Law Charges, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly

*Minister for Works* (SHRI K. I. VELAYUDHAN) : I move for a grant of Rs. 1,700 under Demand No. XII—25-G (b) (i)—Special Staff for acquisition of land for Railways.

*Minister for Local Self Government* (SHRI K. KOCHUKUTTAN) : I second it.

ശ്രീ. കെ. ഐ. വേലായുധൻ: സർ, 1955–56 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് അവതരിപ്പിച്ച അവസരത്തിൽ, ടൈംസ്കേയിൽ നടപ്പിൽ വരുത്തുന്നതിലേയ്ക്കു വേണ്ടി 900 രൂപ മാത്രമെ കൊള്ളിച്ചിട്ടുണ്ടായിരുന്നുള്ളു. എന്നാൽ ടൈംസ്കേയിൽ നടപ്പിലാക്കി അതു് വർക്കൗട്ട് ചെയ്തപ്പോൾ ആ തുക തികയാതെ വന്നു. അതുകൊണ്ടു് കൂടുതലായി ആവശ്യം വന്ന 1,700 രൂപയാണു് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നതു്. ഇതു് അനുവദിക്കണമെന്നു് ബഹുമാനപ്പെട്ട സഭയോടു അഭ്യർത്ഥിക്കുന്നു.

The question that a supplementary sum not exceeding Rs. 1,700 be granted under Demand No. XII—25-G (b) (i)—Special Staff for acquisition of land for Railways, was put and carried.

The grant was made.

*Chief Minister* (SHRI PANAMPILLI GOVINDA MENON) : I move for a grant of Rs. 10,700 under Demand XII-25 General Administration—G. Miscellaneous III—Training of I. A. S. Probationers. This is intended for training the I. A. S. Probationers. The original amount provided in the Budget is Rs 5,300. The Probationers are being trained in Madras. To meet the claims in full, Rs. 10,700 is necessary.

*Home Minister* (SHRI A. J. JOHN) : I second it.

The question that a supplementary sum not exceeding Rs. 10,700 be granted under Demand XII—25—General Administration—G. Miscellaneous III—Training of I. A. S. Probationers, was put and carried.

The grant was made.

*Home Minister* (SHRI A. J. JOHN) : I move for a grant of Rs. 12,000 under Demand No. XII—25. General Administration—G Miscellaneous (b) Miscellaneous (vii)—Pay Commission.

ഇതു് പേ കമ്മീഷന്റെ നിയമനകാലാവധി രണ്ടു മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചതുമൂലമുണ്ടായ അധികച്ചെലവിനു വേണ്ടിയുള്ള തുകയാണു്: ഇതും അനുവദിച്ചുതരണമെന്നു ബഹുമാനപ്പെട്ട സഭയോടു് അഭ്യർത്ഥിക്കുന്നു.

*Chief Minister* (SHRI PANAMPILLI GOVINDA MENON) I second it.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി. കെ. ദിവാകരൻ:</u> സർ, ഈ ഡിമാൻഡിനെ ഞാൻ എതിർക്കുകയാണ്. ഈ പേ കമ്മീഷന്റെ നിയമനം കഴിഞ്ഞ പി. എസ്സ്. പി. മന്ത്രിസഭയുടെ ടൈംസ്കെയിൽ ശമ്പളപരിഷ്കരണത്തിൽ വന്ന ചില പോരായ്മകളേയും കുറവുകളേയും നികത്തുക എന്നുള്ള ഉദ്ദേശത്തോടുകൂടി ഉണ്ടായിട്ടുള്ളതാണ്. പേ കമ്മീഷന്റെ നിയമനത്തോടുകൂടി ഈ രാജ്യത്തെ ഗവണ്മെന്റ സർവ്വീസിൽ അനേക കാലമായി നിലവിലിരുന്ന അസംതൃപ്തി പരിഹരിക്കപ്പെടുമെന്നും ശമ്പളസംബന്ധമായ പോരായ്മകൾക്ക് ശാശ്വതമായ ഒരു പരിഹാരമുണ്ടാകുമെന്നും ന്യായമായി പ്രതീക്ഷിച്ചിരുന്നു. ജനാധിപത്യഭരണം ആരംഭിച്ചതിനുശേഷം വളരെയധികം അസംതൃപ്തി ശമ്പളകാര്യത്തിൽ താഴ്ന്ന ജീവനക്കാർക്കും മററു ഗവണ്മെൻറ ജീവനക്കാർക്കുമുണ്ടായിരുന്നു. ആ പരാതി പരിഹരിക്കുന്നതിനുവേണ്ടി, അതിനു ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി ഗവണ്മെൻറ് ഇതുവരെ തയ്യാറായില്ല. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ഒരു പ്രത്യേക പ്രശ്നം പൊന്തിവരുന്ന അവസരത്തിൽ ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അതാതുകാലത്ത് ഡിപ്പാർട്ടുമെന്റലായി ചില പരിഷ്കാരം വരുത്തുമെന്നല്ലാതെ സമഗ്രമായി ആ പ്രശ്നത്തെ വീക്ഷിച്ച് ശമ്പളപരിഷ്കരണത്തെ ഇതുവരെ സമീപിച്ചിട്ടില്ല. മുൻപിരുന്ന പി. എസ്സ്. പി. ഗവണ്മെൻറ വളരെ ചുരുങ്ങിയ സമയംകൊണ്ടാണ് ടൈംസ്കെയിൽ സംബന്ധിച്ചുണ്ടായിക്കൊണ്ടിരുന്ന പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി ടൈംസ്കെയിൽ നടപ്പിലാക്കിയത്. ആ അവസരത്തിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും ചില പ്രതിഷേധശബ്ദങ്ങൾ ഉയരുകയുണ്ടായി. ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ തന്നെ അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണകാര്യത്തിൽ ശ്രീ. പട്ടം താണുപിള്ളയ്ക്ക് വളരെയധികം പ്രമാദം പററുകയുണ്ടായി എന്നും ഏതോ ക്ലാർക്കന്മാർ കൊണ്ടുകൊടുത്ത ഫയൽ കണ്ണുമടച്ച് ഒപ്പിടുകയായിരുന്നു അദ്ദേഹം ചെയ്തത് എന്നും മററും വൈ. എം. സി. ഏ. യിൽ വച്ച് അദ്ദേഹം മുഖ്യമന്ത്രിയാകുന്നതിന്റെ തലേ ദിവസം പ്രഖ്യാപിക്കുകയുണ്ടായി. അങ്ങനെ അദ്ധ്യാപകന്മാരുടെ ശമ്പളത്തെ സംബന്ധിച്ച് ശ്രീ. പട്ടം കാര്യമായി ഒന്നും ചെയ്തില്ലെന്നും അദ്ദേഹം നടപ്പിലാക്കിയ ശമ്പളപരിഷ്കാരത്തിൽ പല തകരാറുകൾ വന്നിട്ടുണ്ടെന്നും പറഞ്ഞ് അദ്ധ്യാപകന്മാരോട് അന്ന് അനുകമ്പ പ്രകടിപ്പിച്ച ശ്രീ. പനമ്പിള്ളിയുടെ മുമ്പിൽ പേ കമ്മീഷൻ റിപ്പോർട്ടിനുശേഷവും അദ്ധ്യാപകരുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി അദ്ധ്യാപക ഫെഡറേഷൻ പ്രസിഡൻറ ഭീമാകാരം പൂണ്ട് ഉറച്ച് നിൽക്കുകയാണ്. അദ്ദേഹം ഒരു നിരാഹാരവ്രതം നടത്തി ഈ ആവശ്യങ്ങൾ നേടുമെന്നും 20-ാം തീയതി മുഖ്യമന്ത്രി ഫെഡറേഷൻ പ്രസിഡൻറുമായി ചില ആലോചനകൾ നടത്തിയതിൽ 25-ാം തീയതിക്കു മുൻപ് ഇതു സംബന്ധിച്ച് ഒരു പ്രസ്നോട്ട് ഇറക്കാമെന്നും മുഖ്യമന്ത്രി ഉറപ്പുകൊടുത്തിട്ടുണ്ടെന്നും പത്രത്തിൽ കാണുകയുണ്ടായി. 25-ാം തീയതി കഴിഞ്ഞു മാർച്ച് 9-ാം തീയതിയായിട്ടും ഇതുവരെ അദ്ധ്യാപകഫെഡറേഷൻ പ്രസിഡൻറും മുഖ്യമന്ത്രിയുമായി നടന്ന സംഭാഷണംകൊണ്ട് അദ്ധ്യാപകന് എന്തു ഗുണം കിട്ടാൻ പോകുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പേ കമ്മീഷൻ റിപ്പോർട്ട് അദ്ദേഹം പഠിച്ചുകൊണ്ടിരിക്കുകയാണ്. അതിന്മേൽ പ്രൊസീഡിംഗ്സ് പാസാക്കി കഴിഞ്ഞു. സർക്കാർ അദ്ധ്യാപകന്മാരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ.]

സംബന്ധിച്ച് എന്തു നടപടി നടത്താൻപോകുന്നു എന്നാണറിയേണ്ടിയിരിക്കുന്നതു്. പേ കമ്മിഷന്റെ നിയമനം കഴിഞ്ഞ കാലത്തു പി. എസ്സ്. പി. ഗവണ്മെന്റ ചെയ്തിട്ടുള്ള കാര്യങ്ങൾ ലഘൂകരിച്ചു കാണിക്കാൻ ഉള്ള ഒരു ശ്രമമാണ്. ആ ശമ്പളപരിഷ്കരണം ശരിയായിട്ടല്ലെന്നും ശരിയായ പരിഹാരമുണ്ടാക്കാൻ പേകമ്മിഷനേ സാധിക്കുകയുള്ളു എന്നും പറഞ്ഞതാണ് പേ കമ്മിഷന്റെ നിയമനം നടന്നിട്ടുള്ളതു്.

രാഷ്ട്രീയപരിഗണനകൾക്കെല്ലാം ഉപരിയായ, നിഷ്പക്ഷമായി പ്രശ്നങ്ങളെ സമീപിക്കുന്ന ആളുകളെ ആയിരുന്നില്ല പേകമ്മിഷനിൽ അംഗങ്ങളായി നിയമിച്ചതു്. ചില രാഷ്ട്രീയപ്രീണനങ്ങളും പരിഗണനകളും നിയമനകാര്യത്തിൽ ഉണ്ടെന്ന ആക്ഷേപം അന്നുതന്നെ കേട്ടിരുന്നു. ഒരു സമുദായസംഘടനയുടെ തലവനെ, ഒരു രാഷ്ട്രീയകക്ഷിയിലെ ആളെ—നിഷ്പക്ഷന്യായനിർവ്വഹണകാര്യത്തിൽ എല്ലാ ആളുകളുടേയും വിശ്വാസമാർജ്ജിക്കേണ്ട ഒരു കാര്യത്തിൽ നിയമിക്കുക വളരെ ആക്ഷേപകരമായ ഒന്നാണ്. മറെറാരംഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി മററു ചില സംശയാസ്പദമായ ബന്ധമുണ്ടായിരുന്ന ഒരാളാണ്. ഇങ്ങനെ രണ്ടംഗങ്ങളെപ്പററി യഥാർത്ഥത്തിൽ ഒരു വിശ്വാസമില്ലായ്മ കമ്മിഷന്റെ നിയമനത്തിൽ അന്നുതന്നെയുണ്ടായിരുന്നു. ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെയാണ് ചെയർമാനായി നിയമിച്ചതു്. നിയമനം ആദ്യം മൂന്നുമാസക്കാലത്തേയ്ക്കായിരുന്നു. മൂന്നുമാസക്കാലംകൊണ്ടു് അവർക്കു് ജോലി ചെയ്തുതീർക്കാൻ കഴിഞ്ഞില്ലെന്നും കൂടുതൽ സമയം വേണ്ടിവന്നതിനാൽ കൊടുക്കേണ്ടിവന്ന ശമ്പളത്തുകയ്ക്കാണ് ഈ ഡിമാൻഡ് അവതരിപ്പിച്ചിരിക്കുന്നതെന്നും പറയുകയുണ്ടായി. ഏതെങ്കിലും ഒരു പ്രശ്നം രൂപം പ്രാപിക്കുമ്പോൾ ഒരു കമ്മിഷനെ നിയമിച്ചിട്ടു മൂന്നുമാസത്തിനകം റിപ്പോർട്ടുസമർപ്പിക്കണമെന്നു പറഞ്ഞു് പൊന്തിവരുന്ന പ്രശ്നത്തെ തണുപ്പിച്ചു് വീണ്ടും അനിശ്ചിതകാലത്തേയ്ക്കു് തുടർന്നുകൊണ്ടുപോകുന്ന ഒരു നയം ഇപ്പോൾ ഒരു കീഴ്‌വഴക്കമായിത്തീർന്നിട്ടുണ്ടു്. അതുപോലെ തന്നെ ഒരു ട്രാൻസ്പോർട്ടുകമ്മിഷനെ നിയമിച്ചിട്ടുണ്ടു് ആറോ മൂന്നോ മാസത്തെ കാലാവധിക്കാണ് നിയമിച്ചതു്. ആ കമ്മിഷൻ വളരെ നാൾ തുടർന്നുകൊണ്ടിരുന്നതായി പരാതിയുണ്ടു്. ആ കമ്മിഷൻ റിപ്പോർട്ടു സമർപ്പിച്ചു കഴിഞ്ഞു. സർ, ഈ പ്രശ്നത്തിനു് ഒരു കമ്മിഷനെ നിയമിച്ചു് ക്ലിപ്തസമയത്തിനുള്ളിൽ റിപ്പോർട്ടുവരുത്തുന്നതിനു് എക്സിക്യൂട്ടീവു് ശ്രദ്ധിക്കേണ്ടതാണ്. ആളുകളെ പ്രീതിപ്പിക്കാൻവേണ്ടി നിയമിക്കുന്ന അംഗങ്ങളെ വളരെ വേഗം റിപ്പോർട്ടു സമർപ്പിക്കണമെന്നു് നിർബ്ബന്ധിക്കാൻ മന്ത്രിസഭയ്ക്കു് സാദ്ധ്യമല്ല. അവരിൽ ചിലർ മന്ത്രിസഭയിൽ സ്വാധീനം ചെലുത്തുന്നവരോ ഏതെങ്കിലും സമുദായത്തിന്റെ നേതൃത്വം വഹിക്കുന്നവരോ ആയിരിക്കും. അവരോടു ക്ലിപ്തസമയത്തിനുള്ളിൽ റിപ്പോർട്ടു സമർപ്പിക്കണമെന്നാവശ്യപ്പെട്ടാൽ അവരിലും ചില അഖണ്ഡന്മാർ പ്രക്ഷോഭത്തിനും കുഴപ്പങ്ങൾക്കും തയ്യാറായെന്നുവരാം. ഇങ്ങനെ പേകമ്മിഷൻ അംഗങ്ങളുടെ നിയമനകാര്യത്തിൽ രാഷ്ട്രീയ പരിഗണനകളും പ്രീണനങ്ങളും ഉണ്ടായിരുന്നു എന്ന കാരണത്താലാണ് ഈ ഡിമാൻഡിനെ ഞാൻ എതിർക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

പേ കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ അതിലുള്ള പോരായ്മകൾക്കു കാരണം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അടുത്തതായി ഒരു പ്രക്ഷോഭണത്തിന്റെ വഴിതന്നെ അങ്ങനെ തുറന്നുകൊടുത്തിട്ടുണ്ട്. കാരണം എല്ലാ വശങ്ങളിലേയ്ക്കും പോയി ശമ്പളപരിഷ്കരണം സംബന്ധിച്ച് ശാശ്വതമായ ഒരു തീരുമാനം ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരങ്ങളും ഞങ്ങൾക്കില്ല എന്ന് പരസ്യമായി കമ്മീഷൻ അംഗങ്ങൾതന്നെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ അർത്ഥം എല്ലാ അധികാരങ്ങളും അവർക്ക് കൊടുത്തിരുന്നെങ്കിൽ എത്രയും വിശദമായ രീതിയിൽ ശമ്പളപരിഷ്കരണപ്രശ്നത്തെ സമീപിക്കാൻ കഴിയുമായിരുന്നു എന്നാണ്. വ്യംഗ്യമായി ഈ വിവരം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സർ, ശമ്പളപരിഷ്കാരത്തെ സംബന്ധിച്ച ആർഡറിൽ എന്തെങ്കിലും പോരായ്മകളോ അപാകതകളോ ഉണ്ടെങ്കിൽ അതു് ചുരുങ്ങിയ അധികാരത്തോടുകൂടിയ ഒരു കമ്മീഷനെ നിയമിച്ചതുകൊണ്ടാണെന്നും അതുകൊണ്ട് വ്യാപകമായി ഈ പ്രശ്നത്തെ സമീപിക്കാൻ കമ്മീഷന് സാധിച്ചിട്ടില്ലെന്നും പറഞ്ഞിരിക്കുന്നതിനാൽ ശമ്പളവ്യവസ്ഥയെ സംബന്ധിച്ച് ഇനിയും പ്രക്ഷോഭണങ്ങൾ ഉയർന്നു വരാനാണിടയുള്ളതു്.

ഇന്നു സർക്കാർ അദ്ധ്യാപകന്മാരുടെ ഇടയിലും മിഡ്വൈഫുകളുടേയും നേഴ്സുകളുടേയും മററും ഇടയിലും ഇപ്പോഴും പരാതിയുണ്ട്. കഴിഞ്ഞ മന്ത്രിസഭ ഉണ്ടാക്കിവച്ച ചുവരിനുള്ളിൽ, ചില മിനുക്കുപണികൾ നടത്തുകയെന്നുള്ളതിൽ കവിഞ്ഞു യാതൊന്നും ചെയ്തിട്ടില്ല. സെൻട്രൽ പേകമ്മീഷന്റെ റിപ്പോർട്ടും ഈ പേകമ്മീഷന്റെ റിപ്പോർട്ടും എടുത്തു നോക്കിയാൽ തുല്യപരീക്ഷായോഗ്യതയും തുല്യമായ സേവനവും ഉള്ള ആളുകളെ ഒരേ വിഭാഗത്തിൽപ്പെടുത്തി ക്ലാസിഫൈ ചെയ്യുന്നതിനുള്ള ഒരു ശ്രമമാണ് സെൻട്രൽ ഗവണ്മെന്റ് ചെയ്തിരിക്കുന്നതെന്നും എന്നാൽ ആ ശ്രമം ഇവിടെ ചെയ്തിട്ടില്ലെന്നും, പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. തുല്യപരീക്ഷായോഗ്യതയും സേവനവും ഉള്ള ആളുകൾക്കു തുല്യശമ്പളം കൊടുക്കണമെന്നുള്ള ശാസ്ത്രീയമായ വിഭജനം ആണു സെൻട്രൽ ഗവണ്മെന്റ് ചെയ്തിരിക്കുന്നതു്. എന്നാൽ ഈ പേകമ്മീഷൻ റിപ്പോർട്ടിൽ, അങ്ങനെ ഒരു ശാസ്ത്രീയവിഭജനം നടത്തിയിട്ടുള്ളതായി കാണുന്നില്ല. അവരുടെ അധികാരപരിധിയിൽപ്പെട്ട ഒരു കാര്യമല്ല അതെന്നു പറഞ്ഞുകൊണ്ട് അവരുടെ ആഗ്രഹം അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾക്കു പൂർണ്ണാധികാരമുണ്ടെങ്കിലും ഞങ്ങൾക്കു ലഭിച്ചിട്ടുള്ള ചുരുങ്ങിയ അധികാരം വച്ചുകൊണ്ടു ഞങ്ങൾ 'തുല്യസേവനത്തിനു തുല്യവേതനം' എന്ന തത്വം കഴിയുന്നിടത്തോളം പാലിക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്നു് അവർ പറയുന്നു. എന്നാൽ ശാശ്വതമായ പരിഹാരം ഉണ്ടാക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടിയായിരുന്നില്ല, പേകമ്മീഷൻ ഈ കാര്യങ്ങളെപ്പററി ചർച്ച ചെയ്യുന്നതു ആ ആർഡർ നോക്കിയാൽത്തന്നെ കാണാം. മററുള്ളവരുടെ മുമ്പിൽ ചില അസമത്വങ്ങളെ ലഘൂകരിച്ചു കാണിക്കുവാനുള്ള ഒരു ശ്രമം മാത്രമാണു നടത്തിയതു്. വേണ്ട അധികാരം കൊടുക്കാത്തതുമൂലം പേകമ്മീഷനു് ഒരു ശാസ്ത്രീയമായ സമീപനത്തോടുകൂടി, ശമ്പളപരിഷ്കരണത്തിൽ ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടി, പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ.]

അതുകൊണ്ട് ആ അസമത്വങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. പേക്കമ്മീഷന്റെ നിയമനം ഈ സർവ്വീസിൽ അനേകകാലമായി നിലനിന്നുവന്നിരുന്ന അസംതൃപ്തി പരിഹരിക്കുന്നതിനു സഹായകമായിരുന്നില്ലെന്നു മാത്രമല്ല, കൂടുതൽ അസംതൃപ്തി ഉണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്തിരിക്കുന്നു. കമ്മീഷൻ റിപ്പോർട്ടിൽ സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർക്ക് 35–80–100 രൂപ ശമ്പളം കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1956 മുതൽക്കാണ് 100 രൂപ വരെ ശമ്പളം കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇപ്പോൾ ഗവണ്മെന്റ് 35–80 രൂപ ശമ്പളസ്കെയിലാണു അനുവദിച്ചിരിക്കുന്നത്. അതുകൊണ്ടു പേക്കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന ശമ്പളസ്കെയിൽ അടുത്ത കൊല്ലം മുതൽക്കു അവർക്കു കിട്ടുമോ എന്നും സംശയമാണ്.

പേക്കമ്മീഷൻ അംഗങ്ങളുടെ പോരായ്മകൊണ്ടായിരുന്നാലും ശരി, അവർക്കു കിട്ടിയ അധികാരത്തിന്റെ കുറവുകൊണ്ടായിരുന്നാലും ശരി, കമ്മീഷൻ ചെയ്ത ശുപാർശകൾ ശരിയായ രീതിയിലോ, ഉദ്ദേശശുദ്ധിയോടുകൂടിയോ ആയിരുന്നില്ലെന്നു പറയാതെ തരമില്ല. എന്തെല്ലാമോ എഴുതിക്കൂട്ടുക മാത്രമാണ് അവർ ചെയ്തിരിക്കുന്നത്. എന്തെങ്കിലും എഴുതുവാൻ നിർബന്ധിക്കുന്ന വിധത്തിലായിരുന്നു ഈ പേക്കമ്മീഷന്റെ നിയമനം തന്നെ. ഇന്നത്തെത്തിലുള്ള റിപ്പോർട്ടുതന്നെ വരണമെന്നുള്ള ആ അടിസ്ഥാനത്തിൽ അല്ലാതെ, ശരിക്കും രാഷ്ട്രീയമായ വില പേശൽ നടത്തുവാൻ കരുത്തുള്ള ആളുകളെ വച്ചല്ലാതെ, പേക്കമ്മീഷനെ മേലെയുള്ള ഉദ്യോഗത്തിൽ ആളുകൾ നിയമിക്കപ്പെട്ടാൽ യഥാകാലത്തും, വേണ്ടവിധത്തിലും റിപ്പോർട്ടു കിട്ടാൻ പല പ്രയാസങ്ങളും നേരിടുന്നതാണ്. മുൻമന്ത്രിസഭ, ഏററവും കീറാമുട്ടിയായിരുന്ന ഈ പ്രശ്നം, വളരെ വേഗത്തിൽ രണ്ടാഴ്ചക്കാലംകൊണ്ടു ചെയ്തു തീർക്കുകയുണ്ടായി. അതിൽ ചില കുറവുകളോ ന്യൂനതകളോ ഉണ്ടായിരിക്കാം. എങ്കിലും ആത്മാർത്ഥമായ ഒരു ശ്രമമാണ് അന്നത്തെ ഗവണ്മെന്റ് ചെയ്തത്. ഇന്നും ആ ന്യൂനതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. പ്രതീക്ഷയിൽ കവിഞ്ഞ കാലതാമസം ഉണ്ടായിട്ടും പേക്കമ്മീഷനു ശരിയായ വിധത്തിൽ ഒരു റിപ്പോർട്ടു സമർപ്പിക്കുവാൻ കഴിഞ്ഞില്ല. അക്കാരണത്താൽ ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു. പേക്കമ്മീഷന്റെ നിയമനത്തിനു മുമ്പ് നിയമസഭയുടെ മുമ്പിൽ ഏതെങ്കിലും ഒരു പ്രത്യേകവിഭാഗം ഗവണ്മെന്റ് ജീവനക്കാരുടെ വേതനം കുറഞ്ഞുപോയി എന്നോ, അതു പരിഹരിക്കണമെന്നോ നിവേദനം നടത്തുകയാണെങ്കിൽ, അപ്പോഴെല്ലാം ഒരു ഒററമൂലിപ്രയോഗമാണ് എന്നു പറഞ്ഞുകൊണ്ടു ചെയ്തതാണ് പേക്കമ്മീഷന്റെ നിയമനം. ഈ പേക്കമ്മീഷന്റെ റിപ്പോർട്ടു വരുമ്പോൾ, ഈ വിഭാഗക്കാരുടെ എല്ലാം അസംതൃപ്തി നീക്കത്തക്ക വണ്ണം കാര്യക്ഷമമായ ഒരു വ്യത്യാസം അവരുടെ വേതനത്തിൽ വരുത്തുമെന്നും, അന്നത്തെ മന്ത്രിസഭ ജനങ്ങളോടും, ഈ സഭാതലത്തിലെ മെംബറന്മാരോടും പ്രതിജ്ഞ ചെയ്കയുണ്ടായി. അന്നുതന്നെ, ഈ പേക്കമ്മീഷന്റെ നിയമനം അതാതു വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ അതൃപ്തിയേയും സങ്കടങ്ങളേയും പരിഹരിക്കുവാൻ



LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ആയിരുന്നോ എന്നു ഞങ്ങൾക്കു സംശയമുണ്ടായിരുന്നു. പേക്കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം ഗവണ്മെൻറ് അതിന്മേൽ ഒരു പ്രൊസീഡിംഗ്സ് പാസ്സാക്കി. എന്നു ഈ പേക്കമ്മീഷൻ റിപ്പോർട്ട് വെളിയിൽവന്നോ അന്നു മുതൽ ഈ പേക്കമ്മീഷൻ ഡീൽ ചെയ്ത എല്ലാം വിഭാഗത്തിൽപ്പെട്ട ആളുകളിൽ നിന്നും വീണ്ടും പരാതികൾ ഉണ്ടായിട്ടുണ്ട് എന്നുള്ള വസ്തുത ഇന്നത്തെ മന്ത്രിസഭ മറച്ചുവയ്ക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ശ്രീ. ടി. കെ. ദിവാകരൻ പറഞ്ഞതുപോലെ, ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ,—അതുവരെ സംഘടിക്കുകയും ശബ്ദം ഉയർത്തുകയും ചെയ്യാതിരുന്ന ഒരു വിഭാഗം ആളുകളാണ് അവർ,—പേക്കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം വളരെ അധികം വ്യഗ്രതയോടുകൂടി അവർ സംഘടിക്കുവാൻ കാരണമാക്കിത്തീർത്തു. ഞങ്ങൾ അതിൽ സന്തോഷിക്കുന്നു. ശമ്പളപരിഷ്കരണത്തിനുവേണ്ടി അങ്ങനെ സംഘടിച്ച ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകന്മാർ ഇപ്പോൾ തീവ്രമായി വാദിച്ചുകൊണ്ടിരിക്കുകയാണ്.

ഈ സന്ദർഭത്തിൽ ഒരു പ്രത്യേകസംഗതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയേയും എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ട്. നിങ്ങൾ, ഏതെങ്കിലും ഒരു ജനവിഭാഗം ശമ്പളക്കൂടുതലിനോ മററോ പ്രക്ഷോഭണം നടത്തീട്ടുണ്ടെങ്കിൽ, ചില നേതാക്കന്മാരുടെ ദുരുപദിഷ്ടമായ പ്രേരണ മൂലമാണു് അങ്ങനെ പ്രക്ഷോഭണം നടത്തിയതെന്നു പറയാറുണ്ട്. പണ്ട് സർ. സി. പി. യുടെ കാലത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് ഈ രംഗത്തില്ലായിരുന്നു, എന്നാൽ ബഹുമാനപ്പെട്ട ജോണിനു് ആ വസ്തുത അറിയാം. അന്ന് ഇവിടെ നടത്തിയ പ്രക്ഷോഭണം അന്നത്തെ സ്റ്റേററ് കോൺഗ്രസ്സ് നേതാക്കന്മാർ ഊതിവീർപ്പിച്ചതാണെന്നു പറഞ്ഞിരുന്നു. ഇന്ന് ആ പല്ലവി തന്നെ ശ്രീ ജാൺ പാടുന്നതു കേൾക്കുമ്പോൾ മനോവേദനയുണ്ടാകുന്നുണ്ട്. ഇവിടത്തെ ചില കണ്ടിജൻസി ജീവനക്കാർ,—തുച്ഛമായ ശമ്പളം വാങ്ങിക്കുന്ന ആളുകൾ,—ഫുൾടൈം ജോലിക്കാരായിരുന്നവരെ പാർട്ട് ടൈം ജോലിക്കാരാക്കിയപ്പോൾ അവർ പ്രക്ഷോഭണം കൂട്ടിയതു ചില നേതാക്കന്മാർ ചെന്നു ദുരുപദിഷ്ടപ്രേരണ കൊടുക്കുന്നതുകൊണ്ടാണെന്നു പറയുന്നതു വളരെ കഷ്ടമാണ്.

സർ, പേക്കമ്മീഷൻ റിപ്പോർട്ടു വന്നു, പ്രൊസീഡിംഗ്സ് പാസ്സാക്കുകയും ചെയ്തു. ഈ റിപ്പോർട്ടൊന്നു ആപാദചൂഡം പരിശോധിച്ചു നോക്കിയാൽ ഏററവും താണജോലിക്കാരുടെ ശമ്പളപരിഷ്കരണത്തിൽ അങ്ങേയററത്തെ പിശുക്കും ഉപരിതലത്തിലുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്കരണക്കാര്യത്തിൽ അങ്ങേയററത്തെ ദാക്ഷിണ്യവും ആണു ഗവണ്മെൻറ് കാണിച്ചിരിക്കുന്നതെന്നു കാണാം. നിരവധി ലക്ഷം രൂപാ ഈ രാജ്യത്തെ മുഴുവൻ ശമ്പളവും പരിഷ്കരിക്കുന്നതിനായി ഒരു പേക്കമ്മീഷനെ നിയമിക്കുന്നതിലേക്കു ചെലവാക്കുമ്പോൾ, മര്യാദയുള്ള ഒരു ഗവണ്മെൻറായിരുന്നു എങ്കിൽ ചെയ്യേണ്ടിയിരുന്നതു് ആ റിപ്പോർട്ട് ഈ സഭാതലത്തിൽ ചർച്ചാവിഷയമാക്കുക എന്നതായിരുന്നു. എന്നാൽ ഗവണ്മെൻറ് അതിനു തുനിഞ്ഞില്ല. അതനുസരിച്ചു പ്രൊസീഡിംഗ്സ് പാസ്സാക്കുമ്പോഴെങ്കിലും ഈ താഴ്ന്ന ജീവനക്കാരോടു കുറച്ചു സൌജന്യബുദ്ധി കാണിക്കേണ്ടതായിരുന്നു. റിപ്പോർട്ടിൽ അപ്പൻഡിക്സ് എ-യി



LIBRARY ARCHIVES Kerala Legislative Assembly

ലാണ് ശമ്പളപരിഷ്കരണത്തിന്റെ ഒരു ലിസ്റ്റ് കൊടുത്തിട്ടുള്ളതു്. അതു വായിച്ചുനോക്കിയാൽ, ഞാൻ പറഞ്ഞ ആക്ഷേപങ്ങൾക്കു് അനേകം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇതിൽ, ഗവണ്മെന്റ് പ്രസ്സുകളുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ട്. അവിടെ സൂപ്രണ്ടിന്റേയും അസിസ്റ്റന്റ് സൂപ്രണ്ടിന്റേയും മററും ശമ്പളം വളരെയേറെ വർദ്ധിപ്പിച്ചു. അതേസമയത്തു അവിടത്തെ വെൽഡറുടേയും മോൾഡറുടേയും മററും ശമ്പളം വർദ്ധിപ്പിച്ചിട്ടില്ലെന്നു മാത്രമല്ല, പഴയ ശമ്പളം തന്നെ തുടർന്നുകൊണ്ടുപോകുവാൻ ശുപാർശ ചെയ്യുകയുമുണ്ട്. സൂപ്രണ്ടിന്റെ ശമ്പളം 350–450 ആയിരുന്നതു 400–600 ആക്കി വർദ്ധിപ്പിച്ചു. അതേ സമയത്തു 30 രൂപാ മുതൽ 60 രൂപാവരെ ശമ്പളത്തിലിരുന്ന അസിസ്റ്റന്റ് ക്ലാസ്സുകൾക്കു് 30–60 തന്നെ ശമ്പളം. അതിൽ 30–45 ആയിരുന്ന ഒരു സെററുകാർക്കു 30–60 ആക്കിയിട്ടുണ്ടു്. എന്നാലും സ്റ്റാർട്ടിംഗ് 30 തന്നെ. അതുകഴിഞ്ഞു മേസൺ 35 രൂപാ സ്റ്റാർട്ടിംഗ് ഉണ്ടായിരുന്നതു് ഇപ്പോൾ 30 രൂപയാക്കി. 35 കാരനെ 30 കാരനാക്കാനുള്ള മഹാമനസ്കത പേക്കമ്മീഷനുണ്ടായിരുന്നപ്പോൾ എത്ര അവഹേളനാപരമായ മനോഭാവമാണ് അവർ സ്വീകരിച്ചതെന്നു ഊഹിക്കാവുന്നതാണ്. അതേ സമയം 350 രൂപാ സ്റ്റാർട്ടിംഗ് ഉണ്ടായിരുന്ന സൂപ്രണ്ടിനു സ്റ്റാർട്ടിംഗ് 400 രൂപയാക്കി. മാക്സിമം 450-ൽ നിന്നും 600 രൂപയുമാക്കി. ഈ റിപ്പോർട്ടുണ്ടാക്കിയ ആളുകളുടെ കാലാവധി രണ്ടു മാസം കൂടി കൂട്ടിയ ശമ്പളത്തിനു വേണ്ടിയാണു ഇപ്പോൾ ഈ സഭയുടെ അനുവാദത്തിനായി ഈ ധനാഭ്യർത്ഥന കൊണ്ടുവന്നിട്ടുള്ളതു്. ഈ റിപ്പോർട്ടു് ഒന്നോ രണ്ടോ ദിവസത്തേക്കുകൂടി ഈ സഭയിൽ ചർച്ച ചെയ്യുവാനായി വയ്ക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതേസമയം ഞാൻ ബില്ലിനെ എതിർക്കുകയും ചെയ്യുന്നു.

ശ്രീ. എം. പി. മേനോൻ: പേക്കമ്മീഷന്റെ പ്രവർത്തനങ്ങൾക്കു് പോരാതെ വന്ന പണം അനുവദിക്കാനാണ് ഈ ഉപധനാഭ്യർത്ഥന കൊണ്ടുവന്നിരിക്കുന്നതു്. കമ്മീഷന്റെ നിയമനത്തെപ്പററിയും, ശുപാർശകളെപ്പററിയും അവ നടപ്പിലാക്കിയ രീതിയെപ്പററിയും ഈയവസരത്തിൽ ചിലതെല്ലാം പറയാനുണ്ടു്. സർക്കാർ ജീവനക്കാർക്കിടയിൽ ശമ്പളം വർദ്ധിപ്പിക്കണമെന്നു് ശക്തിയായ ഒരഭിപ്രായം പൊന്തിവന്നു, അതു ന്യായമായിരുന്നു, ആവശ്യമായിരുന്നു. അവരുടെ പരാതികൾ തീർക്കാമെന്നു പറഞ്ഞു പേക്കമ്മീഷനെ നിയോഗിച്ചു. ഫലമോ? മുമ്പുണ്ടായിരുന്നതിനെക്കാൾ സാർവ്വത്രികമായ അസംതൃപ്തി ഇപ്പോൾ ഉളവായിരിക്കുകയാണ്. ശമ്പളക്കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാൻ 2 കോടി 71 ലക്ഷം രൂപ അധികച്ചെലവു് വരുന്നു എന്നാണ് പറയുന്നതു്. ശോഷിച്ച നമ്മുടെ ഖജനാവിൽ നിന്നാണ് ഇതു പോകുന്നതു്. എങ്കിലും ഈ തുക വേണ്ടപോലെ ഉപയോഗപ്പെടുത്തിയെങ്കിൽ സഹിക്കാമായിരുന്നു. ദരിദ്രയായ സ്റ്റേററിന്റെ വരുമാനത്തിൽ നിന്നു ഭീമമായ ഒരു സംഖ്യ വാരിക്കോരി ചെലവാക്കി മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ അസംതൃപ്തിയാണ് സമ്പാദിച്ചിട്ടുള്ളതു് എങ്കിൽ പൊതു പണം വേണ്ടപോലെ ഉപയോഗിച്ചില്ല എന്ന തീരുമാനത്തിലാണ് നാം ചെന്നെത്തുന്നതു്. തലതിരിഞ്ഞ പ്രവർത്തന രീതിയാണ് ഈ കുഴപ്പങ്ങൾക്കു കാരണം.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ ഗവണ്മെന്റുകൾ അവയുടെ ജീവനക്കാർക്ക് എന്തു ശമ്പളം കൂടുതൽ നൽകണമെന്നു തീരുമാനിക്കാനായി ശമ്പളക്കമ്മീഷനുകളെ വയ്ക്കാറുണ്ട്. അവയുടെ ശുപാർശയനുസരിച്ചു പ്രവർത്തിക്കാറുമുണ്ട്. എന്നാൽ ഇവിടെ ആദ്യം ശമ്പളക്കൂടുതൽ അനുവദിച്ചു, എന്നിട്ടു പേക്കമ്മീഷനെ വച്ചു. പട്ടം താണുപിള്ളയുടെ "ടൈംസ്കെയിൽ" നടപ്പിലായ ശേഷമാണ് കമ്മീഷനെ നിയോഗിച്ചത്. കാര്യം കഴിഞ്ഞാണ് അന്വേഷണം. കുതിരയെ പിടിച്ചു നേരെ വണ്ടിയുടെ പുറകിൽ കെട്ടി. അങ്ങിനെ ചെയ്യാനുള്ള ന്യായങ്ങൾ പറയത്തിരുന്നിട്ടില്ല. ടൈംസ്കെയിലിലെ പരാതികളെക്കുറിച്ചന്വേഷിക്കാനാണ് പേക്കമ്മീഷനെ വെച്ചത്. ഈ പരാതികൾ തീർക്കാൻ ആരെ നിയോഗിക്കും; അവസാനമില്ലാതെ ഇങ്ങനെ പോയാൽ മതിയോ? വർദ്ധിച്ചുവരുന്ന അസംതൃപ്തി ഇനിയും കുന്നുകൂടാൻ അനുവദിക്കാമോ?

കമ്മീഷന്റെ നടപടി അശാസ്ത്രീയമായിരുന്നു. പൊതുമാനദണ്ഡങ്ങൾ ഒന്നുംതന്നെ അവരംഗീകരിച്ചില്ല. ശരിയായ ഒരു ക്ലാസ്സിഫിക്കേഷൻ നടത്തിയില്ല. ഓരോ വിഭാഗം സർക്കാർ ജീവനക്കാർ ചെയ്യുന്ന ജോലിയുടെ സ്വഭാവം, അതിനാവശ്യമായ യോഗ്യത, ആ യോഗ്യത നേടാനാവശ്യമായി വരുന്ന ചെലവും സമയവും, ജീവിതച്ചെലവ്, സാങ്കേതിക സ്വഭാവം, ഇവയെല്ലാം പരിഗണിച്ചു ചില പൊതുമാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടിയിരുന്നു. കേന്ദ്രഗവണ്മെന്റ നിയോഗിച്ച "രാജാദ്ധ്യക്ഷ കമ്മിഷൻ" അങ്ങിനെയാണ് ചെയ്തത്. ഇവിടെ നേരെമറിച്ചും. യാതൊരടിസ്ഥാനവുമില്ലാതെ, യാതൊരു ന്യായവും പറയാതെ, അദ്ധ്യാപകന് ഇന്നതു്, ക്ലാർക്കിനു ഇന്നതു്, കമ്പൗണ്ടർക്കു ഇന്നതു്, ഇങ്ങനെ എഴുതിത്തള്ളി. കമ്മിഷൻ അംഗങ്ങളുടെ മനോവിലാസവും, ലീലാവിലാസവും റിപ്പോർട്ടായി വന്നപ്പോൾ ആക്ഷേപങ്ങളും തുടങ്ങി. "ഞങ്ങളെ തരം താഴ്ത്തി, ഞങ്ങളോടു നീതി ചെയ്തില്ല. ഞങ്ങളെ ദ്രോഹിച്ചു" എന്നുള്ള പരാതികൾ എങ്ങും ഉയന്നു.

ശാസ്ത്രീയമായ ഒരു സമീപനരീതി അംഗീകരിച്ചിരുന്നുവെങ്കിൽ ഇങ്ങനെ വരികയില്ലായിരുന്നു. ഒന്നു രണ്ടുദാഹരണങ്ങൾ എടുത്തു പറയാം. പഴയ കാലത്തു ക്ലാർക്കിനും അദ്ധ്യാപകനും 25-40 ഗ്രെയിഡായിരുന്നു. ഇപ്പോൾ ക്ലാർക്കിനു് 40-120-ം ആണ് അദ്ധ്യാപകനു് വെറും 35-80. ഇങ്ങനെ തരം തിരിക്കാൻ ഒരു കാരണവും പറയുന്നില്ല. എറണാകുളം ഗവണ്മെന്റ പ്രസ്സിലെ കമ്പോസിററർമാർക്കു മുമ്പു 30-60 ഗ്രെയഡായിരുന്നു; അതായതു, ക്ലാർക്കിനേക്കാൾ കൂടുതൽ. ഇപ്പോഴാകട്ടെ, 35-80 എന്നാണ്. ഫലത്തിൽ ഒരു ഡിപ്രമോഷനാണ് നടത്തിയിരിക്കുന്നതു്. ഇങ്ങനെ ചെയ്തിരിക്കുമ്പോൾ ആക്ഷേപമുയരുന്നതും, അസംതൃപ്തി വർദ്ധിക്കുന്നതും സ്വാഭാവികമല്ലേ? കമ്പോസിററർ, ബൈണ്ടർ എന്നിവരുടെ പണി സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ളതാണ്. പ്രമോഷന സാദ്ധ്യതകൾ കുറഞ്ഞതും ആണ്. ഈ വ്യത്യാസങ്ങൾ പരിഗണിച്ചിട്ടില്ല. ചുരുക്കത്തിൽ, പരിഗണിക്കേണ്ടതൊന്നും തന്നെ പരിഗണിച്ചിട്ടില്ല. സർക്കാർ ജീവനക്കാരുടെ സ്ഥിതിയെക്കുറിച്ചന്വേഷിക്കാൻ ഈ മൂന്നു വ്യക്തികളേക്കാൾ യോഗ്യന്മാർ ഇന്നാട്ടിലുണ്ടെന്നു് ഞാൻ കരുതുന്നു. മിനിമം വേജസ് കമ്മിററിയിൽ അംഗങ്ങളായി വരുന്ന സാധാരണ തൊഴിലാളി പ്രവർത്തകന്മാർ പോലും പേക്കമ്മീഷന്റെ റിപ്പോർട്ടിനെക്കാൾ ഭേദമായ, കൂടുതൽ ശാസ്ത്രീയമായ, സമീപനരീതി അംഗീകരിക്കാറുണ്ട്.

[ശ്രീ. എം. പി. മേനോൻ]

സർ, പിടിച്ചാൽ നില്ക്കാത്ത രീതിയിൽ അസംതൃപ്തി പടരുകയാണ്. നാട്ടിലുടനീളം പ്രതിഷേധ യോഗങ്ങൾ നടക്കുന്നുണ്ട്. ഈ അസംബ്ലി സമ്മേളനകാലത്തുപോലും, വിവിധ വിഭാഗങ്ങളിൽപ്പെട്ട സർക്കാർ ജീവനക്കാർ എം. എൽ. എ. മാരെ നായാടിപ്പിടിച്ചു പരാതികൾ പറഞ്ഞു കേൾപ്പിക്കുന്നു. ഇതിന്റെ ഗൗരവം സർക്കാർ മനസ്സിലാക്കണം. വെയിറേജ് ഇതുവരെ അനുവദിച്ചിട്ടില്ല. പ്രൈവറ്റധ്യാപകന്മാർക്കു രൂപായ്ക്കു 16 അണ ഇനിയും കിട്ടാറാകിയിട്ടില്ല. സർക്കാരധ്യാപകന്മാർ തന്നെ സമരത്തിനു തയ്യാറായിരിക്കുന്നു. ഒരു മുൻമന്ത്രി അവർക്കു വേണ്ടി നിരാഹാരവ്രതം നടത്തുമെന്നു വന്നപ്പോൾ മുഖ്യമന്ത്രി ചിലതെല്ലാം ചെയ്യാമെന്ന് സമ്മതിച്ചിരിക്കുകയാണ്. ഇങ്ങനെ അപ്പപ്പോഴത്തെ സമ്മർദ്ദമനുസരിച്ച് ചുവടുമാറുന്ന രീതി ശരിയല്ല. നിലവിലുള്ള പരാതികളെക്കുറിച്ചന്വേഷിക്കാൻ ഒരു മെഷീനറി ഉണ്ടാക്കണം. എല്ലാ വിഭാഗക്കാരുടെ ആക്ഷേപങ്ങൾക്കും പരിഹാരമുണ്ടാക്കണം. അതിനു പ്രായോഗിക നിർദ്ദേശങ്ങൾ വേണമെങ്കിൽ ഞങ്ങൾ സമർപ്പിക്കാം. ആവശ്യമുണ്ടോ എന്നു ആദ്യം അറിയണം. പേക്കമ്മീഷൻ റിപ്പോർട്ടു അതേപടി നടപ്പാക്കാൻപോലും കൂട്ടാക്കാതെ കുറെ തന്നിഷ്ടവും കൂട്ടി വിളമ്പിയ മുഖ്യമന്ത്രി, ഘനത്തിൽ അങ്ങനെ ഇരുന്നാൽ അടിത്തറ കാണുകയില്ല. രണ്ടുകോടിയിലധികം രൂപ ചെലവാക്കി അസംതൃപ്തിമാത്രം ആദായമാക്കിയ പേക്കമ്മീഷൻ പ്രവൃത്തനങ്ങൾ സ്വാഗതാർഹങ്ങളല്ല. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ ഞാനെതിർക്കുന്നു.

ശ്രീ. എ. ജെ. ജാൺ: സർ, സംസ്ഥാനത്തു ഒരു പേക്കമ്മീഷനെ നിയമിക്കുന്നതിനുവേണ്ടി ഇരുപതിനായിരം രൂപ കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. പേക്കമ്മീഷനെ നിയമിച്ചതു് കഴിഞ്ഞ മാർച്ച് 23-ാംതീയതിയാണ്. അതിനുശേഷം ഇവിടെ നിയമസഭ സമ്മേളിച്ചിട്ടില്ല. പേക്കമ്മീഷനെ നിയമിക്കേണ്ടതു് ആവശ്യമായിരുന്നുള്ളതു് കഴിഞ്ഞ കൊല്ലത്തിൽ ഇവിടെ അധികാരത്തിലിരുന്ന ഗവണ്മെന്റ് നടപ്പാക്കിയ ശമ്പളപരിഷ്കാരത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലുമുള്ള ആളുകൾക്കു ഉണ്ടായിട്ടുള്ള അവശതകളും, പരാതികളും പരിഹരിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു പേക്കമ്മീഷനെ ഇവിടെ നിയമിക്കാൻ കാരണമായതു്. ഇപ്രകാരം നിയമിക്കപ്പെട്ട പേക്കമ്മീഷൻ മൂന്നുമാസത്തിനകം റിപ്പോർട്ടു സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നതു്. മിക്കവാറും എല്ലാം ഡിപ്പാർട്ടുമെന്റുകളും അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ നല്ലതുപോലെ പരിശോധിച്ച് അവയിലെ ജീവനക്കാരുടെ ശമ്പളത്തോതു് നിശ്ചയിക്കുന്നതിനു് മൂന്നുമാസംകൊണ്ടു് സാധിക്കാതെ വന്നു. അങ്ങനെയുള്ള കാലഘട്ടത്തിലാണ് കമ്മീഷന്റെ കാലാവധി രണ്ടുമാസം കൂടി നീട്ടണമെന്നു് ആവശ്യപ്പെട്ടതു്. തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാം വിഭാഗത്തിലുമുള്ള ആളുകളുടേയും ഗ്രേഡുകൾ ശരിയായവിധം പരിശോധിച്ചുനോക്കി ശമ്പളം നിശ്ചയിക്കുന്നതിനു് അനുവദിക്കപ്പെട്ട ഈ അഞ്ചുമാസം ഒരിക്കലും കൂടുതലായിപ്പോയി എന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പേകമ്മീഷനിൽ നിയമിക്കപ്പെട്ട ആളുകളെപ്പററി ശ്രീ. ദിവാകരൻ ചിലതെല്ലാം പ്രസ്താവിച്ചു. അതു് നിർഭാഗ്യകരമായിപ്പോയി എന്നാണു് എനിക്കു പറയുവാനുള്ളതു്. പേകമ്മീഷൻ റിപ്പോർട്ടു സമർപ്പിച്ചു. അതേ സംബന്ധിച്ചു് ഗവണ്മെൻറു് ഫൈനൽ പ്രൊസീഡിംഗ്സ് പാസ്സാക്കുകയും ചെയ്തു. പിന്നീടു് ഇപ്പോൾ അങ്ങനെ നിയമിച്ചതുതന്നെ വേറെയെന്തോ ഉദ്ദേശത്തോടുകൂടിയാണെന്നും അവർ ചോദിച്ചാൽ എത്ര വേണമെങ്കിലും കാലാവധി നീട്ടിക്കൊടുക്കുവാൻ ഗവണ്മെൻറു് കടപ്പെട്ടിരിക്കുകയാണെന്നും ശ്രീമാൻ ദിവാകരനെപ്പോലെ ഉത്തരവാദിത്വമുള്ള ഒരാൾ പ്രസ്താവിച്ചതു് നിർഭാഗ്യകരമായിപ്പോയി. ആദ്യത്തെ മൂന്നുമാസക്കാലാവധിയിൽ രണ്ടുമാസമേ അവർ ഉപയോഗിച്ചിട്ടുള്ളു. ഈ കമ്മിഷനെ നിയമിക്കുന്നതിനു് മുൻപു് ഉദ്യോഗസ്ഥന്മാർക്കു് ഉണ്ടായിരുന്ന ന്യായമായ അവകാശവാദങ്ങൾ ഇപ്പോൾ വളരെ വർദ്ധിച്ചിട്ടുണ്ടെന്നു് ഇവിടെ പ്രസ്താവിക്കുന്നതുകേട്ടു. 42 രൂപ ശമ്പളം വാങ്ങിച്ചുകൊണ്ടിരുന്ന ശിപായിമാക്കു് 50 രൂപ കുറഞ്ഞ ശമ്പളമാക്കി. അതുപോലെതന്നെ താണശമ്പളമുള്ള മററനേകം ഉദ്യോഗസ്ഥന്മാരുടെ ശമ്പളംവർദ്ധിപ്പിച്ചു. ശിപായിമാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു് ഈ സഭയുടെ നാനാഭാഗത്തുനിന്നും ബഹുമാന്യപ്പെട്ട മെമ്പറന്മാർ പ്രസ്താവിച്ചിട്ടുള്ളതാണു്. ശിപായിമാരുടെ എണ്ണം ഉദ്ദേശം പതിനാറായിരം വരും. അങ്ങനെ ഓരോ ശിപായിക്കും 10 രൂപ വർദ്ധിപ്പിക്കണമെങ്കിൽ അതിനു തന്നെ ഒരുലക്ഷത്തി അറുപതിനായിരം രൂപ വേണ്ടിവരും. ഇതുപോലെ മററു താണ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും സാരമായ വിധത്തിൽ വ്യത്യാസം വരുത്തി വർദ്ധിപ്പിച്ചിട്ടുണ്ടു്. വലിയ ഉദ്യോഗസ്ഥന്മാക്കു അൻപതോ അറുപതോ രൂപ കൂട്ടിക്കൊടുത്താൽ തന്നെയും അതിനു് വളരെ കുറച്ചുമാത്രമേ വേണ്ടിവരികയുള്ളു.

ശ്രീ. എ. പി. മേനോൻ: അതനുസരിച്ചുള്ള വെയിറേറജ് വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതിനെ സംബന്ധിച്ചും ഉത്തരവു പുറത്തിയായിട്ടുണ്ടു്. ഉദ്യോഗസ്ഥന്മാരുടെ അതൃപ്തിയെസംബന്ധിച്ചാണെങ്കിൽ എല്ലാവർക്കും തൃപ്തികരമായ ഒരു തീരുമാനം എപ്പോഴും എടുക്കുവാൻ സാധിച്ചെന്നു് വരികയില്ല. അവക്കു കൂടുന്നതോടുകൂടി മററുള്ളവർക്കും കൂട്ടിയാൽ അപ്പോഴും അതൃപ്തിയുണ്ടാകും. എങ്കിലും ശ്രീമാൻ എം. പി. മേനോൻ പറയുന്നതുപോലെ ഒരു പ്രക്ഷോഭണമൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല. ഏതായിരുന്നാലും ഇപ്പോൾതന്നെ ഇതിനു് ഒരു കോടി 36 ലക്ഷം രൂപ ചെലവു വന്നിട്ടുണ്ടു്. ഇനിയും ഈ ആവശ്യത്തിലേക്കു് പന്തിരായിരം രൂപ കൂടി ആവശ്യമുണ്ടു്. അതു് സഭ അനുവദിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

The question that a supplementary sum not exceeding Rs. 12,000 be granted under Head XII-25—General Administration (G) Miscellaneous (b) Miscellaneous (vii) Pay Commission was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly